● 2025 ● മാർച്ച് - ഏപ്രിൽ ● പുസ്തകം: 08 ● ലക്കം: 02 ● RNI Regn No: KERMAL/2017/73545 ● വാർഷിക വരിസംഖ്യ: ₹60

താമരശ്ശേരി രൂപതാ മുഖപത്രം

മലബാർ വിഷൻ



കാടിന് ഉൾക്കൊള്ളാൻ മാത്രം മൃഗങ്ങൾ മതി

പേജ് 8



അവധിക്കാലം വൈബാക്കാം

പേജ് 4

ഫ്രാൻസിസ് പാപ്പയുടെ ജീവിതം ഗ്രന്ഥങ്ങളാകുമ്പോൾ



പേജ് 6


# നോമ്പ്: തീർത്ഥസ്നാന കാലം

**സഭാജീവിതം സജീവമാകുന്നുണ്ടെങ്കിലും ആനുപാതികമായി മനുഷ്യൻ ആത്മീയതയിൽ മുന്നേറുന്നില്ല എന്നത് ദുഃഖകരമായ സത്യമാണ്. മനുഷ്യ ജീവിതത്തിന്റെ ഇരുട്ടുനിറഞ്ഞ മേഖലകളിലേക്ക് വെളിച്ചം വീശുന്ന നോമ്പുകാലം നമുക്ക് യഥാർത്ഥത്തിൽ ആത്മീയ മുന്നേറ്റത്തിനുള്ള കാലമാണ്**

## കവർ സ്റ്റോറി



**കർദ്ദിനാൾ ബസേലിയോസ് മാർ ക്ലീമിസ് കാതോലിക്കാ ബാവാ**



അനുഗ്രഹപ്രദമായ വലിയ നോമ്പ് കർത്താവിന്റെ പീഡാനുഭവവും കുരിശുമരണവും മഹത്വപൂർണ്ണമായ ഉത്ഥാനവും അനുസ്മരിക്കുന്ന ദിനങ്ങളാണ്. മനുഷ്യരക്ഷയ്ക്കായി പിതാവായ ദൈവം തന്റെ ഏകജാതൻ വഴി ഈ ലോകത്തിൽ പൂർത്തിയാക്കിയ രക്ഷാകര കർമ്മത്തിന്റെ മർമ്മപ്രധാനമായ സംഭവങ്ങളാണ് അവിടുത്തെ പീഡാനുഭവവും കുരിശുമരണവും ഉത്ഥാനവും. ഇവയിലൂടെ രക്ഷാകര അനുഭവത്തിലേക്ക് കടന്നുവന്ന ദൈവജനം പാപത്തിൽ തുടരുന്നത് അതീവ ദുഃഖകരമാണ്.

നോമ്പ് യഥാർത്ഥത്തിൽ ശരീരവും മനസും തിന്മയിൽ നിന്ന് ഒഴിഞ്ഞിരിക്കാനുള്ള ആഹ്വാനമാണ്. ക്രിസ്തീയ ജീവിതം തിന്മയോടുള്ള നിരന്തരപോരാട്ടമാണ്. സ്വർഗത്തെ നിരന്തരം വെല്ലുവിളിക്കുന്ന പിശാചിനെ സമചിത്തതയോടെ നേരിടുവാനുള്ള ആത്മബലവും ഉൾക്കരുത്തും നോമ്പ് നമുക്ക് പ്രദാനം ചെയ്യുന്നു. ദൈവത്തോട് ചേർന്നു നിൽക്കുന്ന ഒരുവനു മാത്രമേ ഈ ആത്മബലവും കരുത്തും സ്വന്തമാക്കാൻ സാധിക്കുകയുള്ളൂ. അതിനുള്ള പ്രായോഗിക വഴികളാണ് നോമ്പ് മുന്നോട്ടു വയ്ക്കുന്നത്. പ്രാർത്ഥനയും കൂദാശയും നോമ്പിലെ മറ്റ് അനുഷ്ഠാനങ്ങളുമെല്ലാം ഈ മാർഗത്തിൽ പ്രധാനപ്പെട്ടവയാണ്. ഇവയിലൂടെ അനുതാപത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും മാനസാന്തരത്തിന്റെയും നാൾ വഴികൾ പിന്നിടുമ്പോൾ ദൈവത്തിന്റെ അനന്തമായ കരുണ ഒഴുകി ഇറങ്ങും.

നോമ്പിന്റെ ഏറ്റവും വലിയ ലക്ഷ്യങ്ങളിൽ ഒന്ന് അനുതപിച്ച് ദൈവത്തിങ്കലേക്ക് തിരിയുക എന്നതാണ്. 'ഇപ്പോഴെങ്കിലും ഉപവാസത്തോടും വിലാപത്തോടും നെടുവീർപ്പോടും കൂടെ നിങ്ങൾ പൂർണ്ണ ഹൃദയത്തോടെ എന്റെ അടുക്കലേക്ക് തിരിച്ചുവരുവിൻ.' (ജോയ. 2:12). നമ്മുടെ തിരിച്ചുവരവിനായി സ്വർഗ്ഗം അതീവതാൽപര്യത്തോടെ കാത്തിരിക്കുന്നു. ഈ ലോകവും ലോകമൊരുക്കിയിരിക്കുന്ന അനേകസാധ്യതകളും ആ തിരിച്ചുവരവിന് തടസ്സമാകുന്നു. തിരിച്ചുവരവ് അനന്തമായി നീളുമ്പോൾ പിശാച് നമ്മെ കൈകളിലെടുത്ത് സ്വർഗ്ഗത്തെ പരിഹസിക്കുകയും വെല്ലുവിളിക്കുകയും ചെയ്യുന്നു.

സഭാജീവിതം സജീവമാകുന്നുണ്ടെങ്കിലും ആനുപാതികമായി മനുഷ്യൻ ആത്മീയതയിൽ മുന്നേറുന്നില്ല എന്നത് ദുഃഖകരമായ സത്യമാണ്. മനുഷ്യജീവിതത്തിന്റെ ഇരുട്ട് നിറഞ്ഞ മേഖലകളിലേക്ക് വെളിച്ചം വീശുന്ന നോമ്പുകാലം നമുക്ക് യഥാർത്ഥത്തിൽ ആത്മീയ മുന്നേറ്റത്തിനുള്ള കാലമാണ്. ദൈവകരുണയിൽ ആശ്രയിക്കാനുള്ള ഉൾവിളിയാണ് നോമ്പുകാലത്ത് നാം കേൾക്കേണ്ടത്. സർവോപരി ദൈവകരുണയെ പ്രതിഷ്ഠിക്കുവാനും ഏറ്റുപറച്ചിലുകളിലൂടെ ആ കരുണാവലയത്തിൽ പ്രവേശിക്കുവാനും നമുക്ക് കഴിയണം.

പേജ് മൂന്നിൽ തുടരുന്നു ▸

**ദൈവകൃപയുടെ ദിനങ്ങൾ**

FREE @GERMANY
നഴ്സിംഗ് കഴിഞ്ഞവർക്ക് ജർമ്മൻ ഭാഷാ പഠനവും Registered Nurse ആയി ജോലിയും
+2 കഴിഞ്ഞാൽ ജർമ്മനിയിൽ നഴ്സിംഗ് പഠനം (All Ausbildung Courses)
ഡിഗ്രിയും മാസ്റ്റേഴ്സും
FOR MORE DETAILS
SCAN NOW
IELTS | OET | GERMAN | NCLEX-RN
JEREMIAH INTERNATIONAL ACADEMY
CONTACT NOW : +91 9567 113 001, +91 9567 313 002
KOZHIKODE | KOTTAYAM | KOCHI
jeremiah.co.in

## എഡിറ്റോറിയൽ

● പുസ്തകം: 8 ● ലക്കം: 2

# പുതുക്കിപ്പണിയാം പുതുതലമുറയെ

ഇംഗ്ലീഷ് എഴുത്തുകാരൻ ജി. കെ. ചെസ്റ്റർട്ടൻ യക്ഷിക്കഥകളെക്കുറിച്ച് പറയുന്നുണ്ട്: 'വ്യാളികൾ ഉണ്ടെന്നല്ല യക്ഷിക്കഥകൾ കുട്ടികളോട് പറയുന്നത്. അതൊക്കെയുണ്ടെന്ന് പിള്ളേർക്ക് പണ്ടേയറിയാം. പക്ഷേ, വ്യാളികളെ നശിപ്പിക്കാനാകുമെന്നാണ് ആ കഥകൾ അവരോട് പറയുന്നത്.' കണ്ണിലെ കൃഷ്ണമണി പോലെ നാം കാത്തുസൂക്ഷിക്കുന്ന മക്കൾ നമ്മുടെ കയ്യിൽ നിന്ന് വഴുതിപ്പോകുന്ന വാർത്തകളാണ് അനുദിനം നാം കേൾക്കുന്നത്.

യുദ്ധം, തീവ്രവാദം, വർഗീയത, തൊഴിലില്ലായ്മ, കുടുംബബന്ധത്തകർച്ചകൾ, ഹത്യകൾ, മയക്കുമരുന്ന്, ക്യാമ്പസ് പീഡനങ്ങൾ, സാമ്പത്തിക പ്രതിസന്ധികൾ... സമൂഹത്തിലും കുടുംബങ്ങളിലും നിരവധി പാളിച്ചകളും പരാജയങ്ങളുമുണ്ടെന്ന് നമുക്കറിയാം. ആ വ്യാളികളെ പരാജയപ്പെടുത്താൻ പുതുതലമുറയെ ശക്തിപ്പെടുത്താൻ നാം പരിശ്രമിക്കേണ്ടിയിരിക്കുന്നു.

ലക്ഷ്യം നേടാൻ മാർഗ്ഗമേതായാലും ശരിയെന്ന അപരിഷ്കൃത ചിന്ത സമൂഹത്തിൽ രൂഢമൂലമാകുന്ന കലികാലമാണിത്. സ്വാർത്ഥതയും വഞ്ചനയും വഴി അപരനെ തകർത്ത് സമ്പത്തിന്റെ കൊടുമുടി കയറുന്നതിലാണ് സാമർത്ഥ്യം എന്ന് കരുതുന്നവർ വർദ്ധിക്കുന്നു. ദുഷ്ടശക്തികളെല്ലാം ചേർന്ന് സൃഷ്ടിക്കുന്ന ഈ പത്മവ്യൂഹത്തിൽ നിന്ന് നമ്മുടെ മക്കളെ സംരക്ഷിക്കാൻ അതീവ ജാഗ്രത പുലർത്തണം. മക്കൾക്ക് വേണ്ടി ജീവിതം മുഴുവൻ ചോരയും നീരും വ്യയം ചെയ്യുന്ന മാതാപിതാക്കൾ അവരുടെ ഓരോ ചലനവും അറിയണം.

മൊബൈൽ ഫോണും ഓൺലൈൻ ഗെയിമുകളും സിനിമാക്കാഴ്ചകളും മയക്കുമരുന്നു മാഫിയയും സോഷ്യൽ മീഡിയയും എത്രത്തോളം നമ്മുടെ മക്കളെ സ്വാധീനിക്കുന്നുവെന്ന് നാം നിരീക്ഷിക്കാറുണ്ടോ? പൊതുഇടങ്ങളിൽ സഭ്യമായ വേഷം ധരിക്കണം എന്ന സമൂഹമനസ്സിന്റെ അലിഖിത ധാരണ പോലും ചോദ്യം ചെയ്യപ്പെടുമ്പോൾ നമ്മുടെ പെൺകുട്ടികൾ അറിഞ്ഞോ അറിയാതെയോ അത്തരം വാദങ്ങൾക്ക് കയ്യടിക്കുന്ന കാഴ്ചയാണിപ്പോൾ. സൗഹൃദങ്ങൾക്ക് ലക്ഷ്മണ രേഖ വേണ്ടെന്ന പുതിയ ധാർമിക ബോധമാണ് സമൂഹത്തിലെ സ്ത്രീപക്ഷവാദികളും മാധ്യമങ്ങളും പ്രചരിപ്പിക്കുന്നത്.

ദൈവദാനമായ നമ്മുടെ മക്കൾ ഒരു അഭിശപ്ത നിമിഷത്തിൽ നമ്മുടെ കയ്യിൽ നിന്ന് വഴുതിപ്പോകാൻ നാം അനുവദിക്കരുത്. അതിനുള്ള നിതാന്ത ജാഗ്രതയാണ് സ്വന്തമാക്കേണ്ടത്. നമ്മുടെ അലംഭാവംമൂലം നമ്മുടെ മക്കൾ കഴുകന്മാർക്ക് ഇരയാവാതിരിക്കട്ടെ.

# പ്രത്യാശയുടെ നേർക്കാഴ്ച

## ഇടയശബ്ദം



**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

നമ്മുടെ കർത്താവിന്റെ പീഢാനുഭവവും കുരിശുമരണവും മഹത്വത്തോടെയുള്ള അവിടുത്തെ ഉത്ഥാനവും നാം ഏറ്റവും അടുത്ത് അനുസ്മരിക്കുന്ന ദിനങ്ങളാണ് നോമ്പ്. ദൈവകരുണയുടെ അനുഭവം നമുക്ക് നൽകുന്ന ശ്രേഷ്ഠമായ ദിനങ്ങളാണ് വലിയ നോമ്പുകാലം. യഹോവയായ ദൈവം ഇസ്രയേൽ ജനവുമായി ഉണ്ടാക്കിയത് കാരുണ്യത്തിന്റെ ഉടമ്പടിയാണ്. ഈ ഉടമ്പടിയുടെ പൂർത്തീകരണമാണ് യേശുവിന്റെ മനുഷ്യാവതാരത്തിൽ നാം കാണുന്നത്.

വചനം മാംസം ധരിച്ച് നമ്മുടെ ഇടയിൽ വസിച്ചു. അവിടുന്നാണ് നമ്മുടെ പ്രത്യാശ. പ്രത്യാശയായ മിശിഹാ നമ്മോടുകൂടെ വസിച്ചു. പരിശുദ്ധമായ ഈ നോമ്പിന്റെ സമാപനത്തിലാണ് നമ്മുടെ കർത്താവ് വിശുദ്ധ കുർബാന സ്ഥാപിച്ചതിനെ നാം പ്രത്യേകമായി ഓർക്കുന്നത്. എന്നും നമ്മോടുകൂടെ വസിക്കാൻ ആഗ്രഹിച്ച കാരുണ്യവാനായ ദൈവം മുറിക്കപ്പെടുന്ന ശരീരത്തിലൂടെയും ചിന്തപ്പെടുന്ന രക്തത്തിലൂടെയും ദിവ്യകാരുണ്യമായി ത്തീർന്നു. വിശുദ്ധ കുർബാന കേവലം ഒരു അടയാളമല്ല. അത് നമ്മുടെ കർത്താവിന്റെ ശരീരരക്തങ്ങളാണ്. അത് ജീവനേകുന്നതും ജീവൻ സമൃദ്ധമായി ഏകുന്നതുമാണ്. നമ്മുടെ ഹൃദയങ്ങളെ പരിവർത്തനം ചെയ്യുന്നതിനും യേശുവിനോട് നമ്മെ അനുരൂപരാക്കുന്നതിനും വിശുദ്ധ കുർബാനയ്ക്ക് കഴിയും. അതുവഴിയായി നാം പങ്കുവയ്ക്കലിന്റെയും ത്യാഗത്തിന്റെയും വഴികളിലേക്ക് പ്രവേശിക്കുന്നു. സമാധാനത്തിന്റെയും ക്ഷമയുടെയും അനുരഞ്ജനത്തിന്റെയും വ്യക്തികളായി നാം തീരുന്നു. വ്യക്തിപരമായ പ്രാർത്ഥനയുടെയും ആത്മീയ അനുഭവത്തിന്റെയും തലങ്ങളിൽ നിന്നും യേശുവിന്റെ മരണവും ഉത്ഥാനവും നമുക്ക് ജീവൻ പകരുന്നതും യേശുവിനോട് ഒന്നാകുന്നതുമായ അനുഭവമാക്കി മാറ്റണം. വിശ്വാസത്തിന്റെയും സഭാക്കൂട്ടായ്മയുടെയും സാക്ഷ്യത്തിന്റെയും ആരംഭം ഈ കൂദാശയിൽ നിന്നാണ്. ക്രിസ്തീയ ജീവിതത്തിന്റെ ഉറവിടവും പാരമ്യവുമാണ് വിശുദ്ധ കുർബാനയെന്ന് രണ്ടാം വത്തിക്കാൻ സൂനഹദോസ് വ്യക്തമായി പഠിപ്പിക്കുന്നു.

ലോകത്തിന്റെ കണ്ണുകൾക്ക് പ്രത്യാശയുടെ മറുപടി ദൈവം നൽകിയതാണ് ശൂന്യമായ കല്ലറ. യേശുവിന്റെ ഉത്ഥാനം മനുഷ്യരാശിയുടെ എല്ലാ കഷ്ടതകൾക്കും മരണത്തിനും ദൈവം നൽകുന്ന ഉത്തരമാണ്. ഉത്ഥിതനായ യേശുവിന്റെ സാക്ഷികളാകുന്നതിനാണ് നാം വിളിക്കപ്പെട്ടിട്ടുള്ളത്. അവനിൽ നാം ജീവിക്കുന്നു. മുന്തിരിച്ചെടിയിലെ ശാഖകൾ പോലെ അവനിൽ വസിച്ച് സ്നേഹത്തിന്റെയും കരുണയുടെയും സത്ഫലങ്ങൾ നാം ലോകത്തിന് നൽകണം. തായ്ത്തണ്ടായ യേശുവിനോടു ചേർന്നു നിന്നാൽ മാത്രമേ നമുക്ക് ഫലം നൽകാൻ കഴിയുകയുള്ളൂ. ഭിന്നതയിൽ കഴിയുമ്പോൾ നമ്മുടെ ജീവിതവും സാക്ഷ്യവും ഫലദായകമാകില്ല. ഫ്രാൻസിസ് മാർപാപ്പ പറഞ്ഞതുപോലെ മതിലുകൾകെട്ടി ഭിന്നതകൾ വർധിപ്പിക്കുന്നവരല്ല, ബന്ധങ്ങളുടെ പാലം പണിയുന്നവരാണ് യഥാർത്ഥ ക്രൈസ്തവർ.

തന്റെ പീഡാസഹനത്തിന്റെ തലേനാൾ കർത്താവ് പ്രാർത്ഥിച്ചതുപോലെ എല്ലാവരും ഭിന്നതകൾ വെടിഞ്ഞ് ഒന്നായിരിക്കുവാൻ നമുക്ക് പ്രാർത്ഥിക്കാം. വലിയ നോമ്പിന്റെ വിശുദ്ധീകരണത്തിലൂടെ കുരിശുമരണത്തിന്റെ വേദനകളിലൂടെ ഉത്ഥാനത്തിന്റെ മഹത്വം നമുക്കും സ്വീകരിക്കാം.

ഈ നോമ്പുകാലത്ത് നമുക്ക് പ്രത്യാശയിൽ സന്തോഷിക്കാം. ക്ലേശങ്ങളിൽ സഹനശീലരായിക്കാം. പ്രാർത്ഥനയിൽ സ്ഥിരതയുള്ളവരായിരിക്കാം (റോമ. 12:12)

# ഇടർച്ചയും ആഴിയുടെ അഗാധതയും

## അകം പുറം



**കെ. എഫ്. ജോർജ്**

ലോകം എപ്പോഴും കണ്ടുകൊണ്ടിരിക്കുന്ന മഹാത്മാഗാന്ധിയുടെ രൂപം അർദ്ധ നഗ്നമാണ്. 52-ാം വയസിൽ മധുരയിൽ വച്ച് തല മുണ്ഡനം ചെയ്ത് നഗ്നത മറയ്ക്കാൻ ഒറ്റമുണ്ട് (പാളത്താർ) മാത്രം ഉപയോഗിക്കാൻ ഗാന്ധിജി തീരുമാനിച്ചു.

വിദേശ വസ്ത്രങ്ങൾ വിൽക്കുന്നതും ധരിക്കുന്നതും ഉപേക്ഷിച്ച് ഖാദി ധരിക്കാൻ ഗാന്ധിജി യോഗങ്ങളിൽ പ്രസംഗിച്ചപ്പോൾ വിലകൂടിയ ഖാദി വാങ്ങാൻ തങ്ങൾക്ക് ശേഷിയില്ലെന്ന് തൊഴിലാളികൾ പറഞ്ഞു. എന്നാൽ വസ്ത്രത്തിന്റെ ആവശ്യം കുറച്ച് ഒറ്റമുണ്ടുടുത്ത് വിദേശ തുണികൾ ബഹിഷ്ക്കരിക്കൂ എന്ന് ഗാന്ധിജി ഉപദേശിച്ചു.

അവരെ ഉപദേശിച്ചത് സ്വന്തം ജീവിതത്തിൽ പകർത്തി ഗാന്ധിജി ഇറക്കിയ പ്രസ്താവനയിൽ പറയുന്നു: 'ഞാൻ സ്വന്തം ജീവിതത്തിൽ പിന്തുടരാത്ത ഒരു കാര്യവും മറ്റുള്ളവരെ ഉപദേശിക്കാറില്ല.'

ഈ വേഷമാറ്റത്തെ ഗാന്ധിജി ശക്തമായ സമരായുധമാക്കുന്നതാണ് പിന്നീടു കണ്ടത്. ലണ്ടനിലെ വട്ടമേശ സമ്മേളനത്തിൽ ഒറ്റമുണ്ടുടുത്ത് പങ്കെടുത്ത ഗാന്ധിജിയെ 'അർധനഗ്നനായ ഫക്കീർ' എന്ന് ബ്രിട്ടീഷ് പ്രധാനമന്ത്രി വിൻസ്റ്റൺ ചർച്ചിൽ പരിഹസിച്ചുവെങ്കിലും ഈ വേഷമാറ്റം മാധ്യമ ശ്രദ്ധയുടെ കൊടുമുടിയിലേക്ക് ഗാന്ധിജിയെ ഉയർത്തി.

പറഞ്ഞതും എഴുതിയതും മാറ്റു കുറയാതെ ജീവിതത്തിൽ പകർത്തി സമർപ്പിച്ചതുകൊണ്ടാണ് ആ സത്യാന്വേഷിയെ മഹാത്മാവെന്ന് ലോകം വാഴ്ത്തുന്നത്. ഇത്തരം തേജോമയ രൂപങ്ങൾ ഇല്ലാതായിക്കൊണ്ടിരിക്കുന്നു എന്നതാണ് വർത്തമാന ലോകത്തിന്റെ ദുഃഖം.

ജനത്തെ നയിക്കുന്നവരുടെ ദുർമാതൃക സമൂഹത്തിനുമൊത്തം ഇടർച്ചയ്ക്കു കാരണമാകും. പ്രബലരെയും രാഷ്ട്രീയ - മത നേതാക്കളെയും സമൂഹം വിശ്വസിക്കുന്നു. അവരുടെ കപടതകൾ വിലയിരുത്താൻ ശേഷിയില്ലാത്ത സാധാരണക്കാർ കണ്ണുമടച്ച് കൂടുതൽ വിശ്വസിച്ചുകളയും.

ഇവരെ സംരക്ഷിക്കുകയും നയിക്കുകയും ചെയ്യാൻ ചുമതലപ്പെട്ടവർ ദുഷ്പ്രേരണ നൽകുന്നതിലും നല്ലത് കഴുത്തിൽ വലിയ തിരികല്ലുകെട്ടി കടലിന്റെ ആഴങ്ങളിലേക്ക് താഴ്ത്തപ്പെടുകയായിരിക്കുമെന്ന് യേശു മുന്നറിയിപ്പു നൽകുന്നുണ്ട്. ഇടർച്ചയെന്ന തിന്മയുടെ ഗൗരവം ഇതിനപ്പുറം വ്യക്തമാക്കാനാവില്ല. സഹോദരരുടെ ദുർബല മനഃസാക്ഷിയെ മുറിപ്പെടുത്തുമ്പോൾ ക്രിസ്തുവിനെതിരായി പാപം ചെയ്യുന്നുവെന്നും നമ്മൾ വായിക്കുന്നുണ്ട്.

ഇടർച്ചയ്ക്കു കാരണമായേക്കാവുന്ന ചെറിയ സംഭവങ്ങളെപ്പോലും കരുതിയിരിക്കണമെന്ന് വിശുദ്ധ ഗ്രന്ഥം പഠിപ്പിക്കുന്നു. ദേവാലയ നികുതി പിരിക്കുന്നവർ 'നിങ്ങളുടെ ഗുരു നികുതി കൊടുക്കുന്നില്ലേ?' എന്ന് പത്രോസിനോടു ചോദിക്കുന്ന വേളയിൽ വിശദീകരണങ്ങൾക്കു ശേഷം 'എങ്കിലും അവർക്ക് ഇടച്ചയുണ്ടാകാതിരിക്കാൻ നീ കടലിൽ പോയി ചൂണ്ടയിടുക. ആദ്യം ലഭിക്കുന്ന മത്സ്യത്തിന്റെ വായ് തുറക്കുമ്പോൾ ഒരു നാണയം കണ്ടെത്തും. അതെടുത്ത് എനിക്കും നിനക്കും വേണ്ടി അവർക്ക് കൊടുക്കുക.' എന്നതാണ് ഗുരുവചനം.

എന്നാൽ ഇപ്പോൾ നടക്കുന്ന കാര്യങ്ങൾ ശ്രദ്ധിച്ചാൽ ഇടർച്ചയ്ക്കു കാരണമാകുന്നത് തിന്മയാണെന്ന ബോധ്യം പോലും കാലഹരണപ്പെട്ടുവോ എന്ന സംശയം ഉണരാം. മാത്രമല്ല, അത് സാമർത്ഥ്യമായി വാഴ്ത്തപ്പെടുകയും ചെയ്യാറുണ്ട്.

സാമ്പത്തിക പ്രതിസന്ധിയെന്ന് വിലപിക്കുമ്പോഴും ഭരിക്കുന്നവർ ധൂർത്ത് കുറയ്ക്കുന്നില്ല. വിലകൂടിയ വാഹനങ്ങൾ വാങ്ങുന്നതും മന്ത്രി മന്ദിരങ്ങൾ മോടി പിടിപ്പിക്കുന്നതും കാണുന്ന താഴെത്തട്ടിലുള്ളവരും ഉദ്യോഗസ്ഥവൃന്ദവും ഇതു പകർത്തിയാൽ അവരെ കുറ്റപ്പെടുത്തുന്നതെങ്ങനെ?

നാടു ഭരിക്കുന്നവർ കാണിക്കുന്ന ധൂർത്തിന്റെ ദുർമാതൃക ജനത്തെ ആഴത്തിൽ സ്വാധീനിക്കുന്ന മതസംവിധാനങ്ങളിലും കടന്നുകൂടുന്നു. ലളിതമായി നടന്നിരുന്ന ആഘോഷങ്ങളും മതചടങ്ങുകളും പ്രകടനപരതയ്ക്കും പണക്കൊഴുപ്പിനും വഴിമാറുന്നു.

എല്ലാ രംഗത്തും കാണുന്ന ഇടർച്ചയുടെ വഴികൾ സാധാരണക്കാരനെ അതാണ് യഥാർത്ഥ വഴിയെന്ന തെറ്റിദ്ധാരണയിലേക്ക് നയിച്ചേക്കാം. ചവിട്ടി നിൽക്കുന്ന പച്ചമണ്ണിന്റെ യാഥാർത്ഥ്യത്തിൽ നിന്ന് അത് അവനെ ഇളക്കിമാറ്റും.

ധൂർത്ത് പകർച്ചവ്യാധിയാണ്. പണമില്ലെങ്കിലും വലിയ വീടുകളും വമ്പൻ വിവാഹച്ചടങ്ങുകളും കാണുമ്പോൾ അങ്ങനെ ചെയ്തില്ലെങ്കിൽ മോശമല്ലേ? മറ്റുള്ളവർ എന്തുകരുതും? എന്നൊരു അപകർഷതാബോധം പലരിലും ഉണരാം.

അടുത്തപടി കിട്ടുന്നിടത്തുനിന്നെല്ലാം കടംവാങ്ങുകയെന്നതാണ്. പണ്ടില്ലാത്ത വിധം കടക്കെണിയിൽ പെട്ടവരുടെ ആത്മഹത്യ പെരുകുന്നു. കടക്കുരുക്കിൽപെട്ടവർ വിഷാദത്തിന്റെ ചുഴിയിൽ വീണ് വലയുന്നു.

ഈ സാഹചര്യങ്ങളിലേക്ക് ഇവർ ക്രമേണ നയിക്കപ്പെടുകയാണ്. അതിനു മറ്റുള്ളവർ ബോധപൂർവമോ അല്ലാതെയോ കാരണക്കാരായിട്ടുമുണ്ട്.

ഇന്ന് ഇടർച്ചയുടെ വഴികൾ കൂടുതൽ സങ്കീർണവും മാരകവുമായിട്ടുണ്ട്. ആത്മശുദ്ധീകരണത്തിന്റെ വഴികൾ തേടുന്ന നോമ്പുകാലം മറ്റുള്ളവരുടെ ജീവിതത്തിൽ ഇടർച്ചാക്കെണികൾ ഒരുക്കുന്നവരാണോ എന്ന് ആത്മപരിശോധന നടത്തേണ്ട അവസരം കൂടിയാണ്.

# ദൈവകൃപയുടെ ദിനങ്ങൾ

## കാരുണ്യത്തിന്റെയും രക്ഷയുടെയും അനുഭവം നമ്മിലേക്ക് ഒഴുകുന്ന കൃപയുടെ ദിനങ്ങളാണ് വലിയനോമ്പുകാലം

പേജ് ഒന്നിൽ നിന്ന് തുടർച്ച

ദൈവം കരുണയാണെന്ന് ആവർത്തിച്ച് വായിക്കുകയും പറയുകയും ചെയ്യുന്നുവെങ്കിലും വ്യക്തിപരമായ അനുഭവമായി മാറുന്നില്ല എന്നതാണ് വാസ്തവം. ആ മഹാകരുണയുടെ വലയത്തിലേക്ക് കടക്കുന്നില്ലെങ്കിൽ ആ നന്മ നമുക്ക് നുകരാനാവില്ല. വിശുദ്ധ കുമ്പസാരമാണ് ആ കരുണാവലയത്തിൽ പ്രവേശിക്കുവാനുള്ള വാതിൽ. അതിലൂടെയല്ലാതെ ദൈവത്തിന്റെ മഹാകരുണയിൽ പങ്കുപറ്റുവാൻ നമുക്ക് കഴിയില്ല. എല്ലാ വർഷവും നോമ്പിലേക്ക് പ്രാർത്ഥനാപൂർവ്വം പ്രവേശിക്കുമ്പോൾ കരുണയുടെ കവാടം തേടിയുള്ള തീർത്ഥാടനമാണ് നടത്തുന്നത്. തപസിന്റെ ആത്മീയ വിശുദ്ധിയിൽ ഒരു തീർത്ഥാടകനെപ്പോലെ നാം ഇറങ്ങുമ്പോൾ ലക്ഷ്യസ്ഥാനം യേശുവാണെന്നുള്ള തിരിച്ചറിവിന് കൂടുതൽ ആഴമേറിയതും വിശാലവുമായ പശ്ചാത്തലം ഒരുങ്ങുന്നു.

വ്യക്തിപരമായും സഭയ്ക്ക് മുഴുവനായും നവീകരിക്കപ്പെടാനുള്ള ദിനങ്ങളാണ് നോമ്പുകാലം. ആത്മാവിനെ ശുദ്ധീകരിച്ച് ദൈവസന്നിധിയിൽ ചേർന്നു നിൽക്കുമ്പോൾ ദൈവത്തോടും ദൈവം സ്നേഹിക്കുന്ന സകലരോടും നമുക്ക് സ്നേഹമുണ്ടാകും, സാഹോദര്യമുണ്ടാകും. ഈ സ്നേഹത്തിന്റെയും ക്ഷമയുടെയും കരുതലിന്റെയും നഷ്ടപ്പെട്ട മുഖപ്രസാദം തിരികെപ്പിടിക്കുന്നതിന്റെ അനുഭവമാണ് നോമ്പുകാലം.

നൽകാത്തതൊന്നും ദൈവം നമ്മിൽ നിന്ന് ആവശ്യപ്പെടുന്നില്ല. ആദ്യം അവിടുന്ന് നമ്മെ സ്നേഹിച്ചു. അതിനാൽ, നാമും അവിടുത്തെ സ്നേഹിക്കുന്നു. (1 യോഹ. 4:19). നമുക്കോരോരുത്തർക്കും കർത്താവിന്റെ ഹൃദയത്തിൽ ഇടമുണ്ട്. പേരു ചൊല്ലിവിളിക്കാൻ മാത്രം അവിടുത്തേക്ക് നമ്മോട് അടുപ്പമുണ്ട്. അവൻ നമ്മെ കരുതുന്നു. കാത്തുപരിപാലിക്കുന്നു. അവനിൽ നിന്ന് അകന്നുപോകുമ്പോൾ നമുക്കായി കാത്തിരിക്കുന്നു.

നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്ന ഒന്നിൽ നിന്നും വിമുഖനാകാനോ നിസംഗനാകാനോ കർത്താവിന്റെ സ്നേഹം അനുവദിക്കുന്നില്ല. എന്നാൽ നമ്മുടെ ജീവിതം നേരെ തിരിച്ചാണ്. ആരോഗ്യത്തോടെ ആയിരിക്കുമ്പോഴും നമ്മുടെ സങ്കേതങ്ങളിൽ സുരക്ഷിതരായിരുക്കുമ്പോഴും മറ്റുള്ളവരുടെ പ്രശ്നങ്ങളോടും പ്രതിസന്ധികളോടും വേദനകളോടും നാം മുഖം തിരിക്കുന്നു. അങ്ങനെ സ്വാർത്ഥത നമ്മുടെ ഹൃദയത്തിലും കുടുംബത്തിലും പൊതുസമൂഹത്തിലും സ്ഥാനം പിടിച്ചിരിക്കുന്നു. ക്രൈസ്തവനെന്ന നിലയിൽ ഈ വലിയ വിപത്തിനെ നാം നേരിടേണ്ടതായിട്ടുണ്ട്. ദൈവത്തോടും അയൽക്കാരനോടും വച്ചുപുലർത്തുന്ന വിമുഖതയും നിസംഗതയും നാം ഉപേക്ഷിക്കേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞു. 'എന്തെന്നാൽ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് സ്നേഹത്തിലൂടെ പ്രവർത്തനനിരതമായ വിശ്വാസമാണ് സുപ്രധാനം' (ഗലാ. 5:6). ദൈവം സ്നേഹിക്കുന്നവരിലേക്ക് നമ്മെ തിരികെ കൊണ്ടുവരുവാൻ നിർബന്ധിക്കുന്ന ഉപാധിയാണ് നോമ്പാചരണം. 'ദൈവത്തെ സമ്പാദിക്കുന്നതാണ് ഏറ്റവും ശ്രേഷ്ഠമായ കാര്യമെന്ന്' ദൈവദാസൻ മാർ ഇവാനിയോസ് മെത്രാപ്പോലീത്ത തിരുമേനി നമ്മെ പഠിപ്പിക്കുന്നു.

### ദൈവത്തെ സ്വന്തമാക്കുവാൻ

യേശുവിന്റെ ശരീരമാകുന്ന തിരുസഭയിലെ അംഗങ്ങളും ദൈവരാജ്യത്തിലെ അംഗങ്ങളുമെന്ന നിലയിൽ എല്ലാവരോടും സ്നേഹത്തിൽ പെരുമാറാൻ യേശുക്രിസ്തുവിനോട് നമുക്കുള്ള സ്നേഹം നമ്മെ നിർബന്ധിക്കുന്നു. ഒരാളുടെ വേദന മറ്റൊരാളുടെ വേദനയായും ഒരാളുടെ സന്തോഷം മറ്റൊരാളുടെ സന്തോഷവുമാണമെന്ന വിശുദ്ധ പൗലോസ് അപ്പസ്തോലന്റെ ഓർമപ്പെടുത്തൽ (1കോറി. 12:26) നമ്മുടെ മനസിലുണ്ടായിരിക്കണം. എല്ലാവരുടെയും ജീവിതം ലോകത്തിനുമുമ്പിൽ ക്രിസ്തുസാക്ഷ്യമാകണം. നമ്മുടെ വ്യക്തിജീവിതസാക്ഷ്യവും നമ്മുടെ സഭാജീവിത സാക്ഷ്യവും ഏറെ വിലപ്പെട്ടതാണ്.

യേശുവിനെ സ്വന്തമാക്കാനുള്ള വിശുദ്ധിയുടെ ദിവസങ്ങളാണ് വലിയ നോമ്പുകാലം. ദൈവവചനം മുറിക്കപ്പെടുമ്പോഴും വിശുദ്ധ കുർബാന സ്വീകരിക്കപ്പെടുമ്പോഴും ഈ ദൈവസ്നേഹമാണ് നമ്മിലേക്ക് പ്രസരിക്കപ്പെടുന്നത്. യേശുവിൽ നിന്ന് നാം സ്വീകരിക്കാത്ത സ്നേഹം എങ്ങനെയാണ് നമുക്ക് മറ്റുള്ളവർക്ക് കൊടുക്കുവാൻ സാധിക്കുന്നത്. നിരുപമമായ ദൈവസ്നേഹം ഉള്ളിൽ നിറയുമ്പോൾ മാത്രമാണ് അത് അപരനിലേക്ക് പകരാൻ കഴിയൂ. നോമ്പുകാലം ദൈവത്തോടും മനുഷ്യരോടും ഒരുപോലെ ചേർന്നു നിൽക്കുവാൻ നമ്മെ നിർബന്ധിക്കുന്നു. പ്രാർത്ഥനയോടും ഉപവാസത്തോടും ചേർന്ന് കാരുണ്യപ്രവൃത്തികൾക്ക് സാംഗത്യം നൽകുന്നത് നോമ്പിന്റെ ദ്വിമുഖാത്മീയതകൊണ്ടാണ്. അപരനിലേക്ക് പിറക്കാതെ എന്ത് ക്രിസ്തീയ ജീവിതമാണ് ലോകത്തിന് സാക്ഷ്യമായി നമുക്ക് നൽകാനുള്ളത്?

വാതിലിനരികിലെ ലാസറിനെ കണ്ടില്ലെന്ന് നടിച്ചിട്ട് സ്വർഗ്ഗപ്രവേശനം സാധ്യമാകുമോ? അതിനാൽ നമ്മുടെ പ്രാർത്ഥനയിലൂടെയും ഉപവാസത്തിലൂടെയും നാം സ്വർഗ്ഗത്തിലെ സഭയോടും നമ്മുടെ കാരുണ്യപ്രവൃത്തികളിലൂടെ ഭൗമിക സഭയോടും ഐക്യപ്പെടുന്നു. അതിനാൽ സഭ പ്രേഷിതയാകുന്നു എന്നതിന്റെ അർത്ഥതലങ്ങളാണ് വലിയ നോമ്പുകാലത്ത് നാം കണ്ടെത്തുന്നത്.

വലിയനോമ്പുകാലം ഉപവാസത്തിന്റെയും വർജ്ജനത്തിന്റെയും ദാനധർമ്മത്തിന്റെയും വിശിഷ്യാ പ്രത്യേക പ്രാർത്ഥനകളുടെയും സന്ദർഭമാണ്. സ്വർഗ്ഗം പ്രദാനം ചെയ്ത് കാരുണ്യത്തിന്റെയും രക്ഷയുടെയും അനുഭവം തിരികെ മനസിലേക്ക് എത്തിക്കുന്ന കൃപയുടെ ദിനങ്ങളായിരിക്കട്ടെ ഈ വലിയ നോമ്പുകാലം.



## കൂട്ടുകൂടാം, കളിക്കാം, ചിരിക്കാം, യാത്രപോകാം, പഠിക്കാം

# അവധിക്കാലം വൈബാക്കാം

**അവധിക്കാലത്തിന്റെ ശാസ്ത്രീയ അടിത്തറയെക്കുറിച്ചോ പൊതുസ്വീകാര്യതയെക്കുറിച്ചോ ആർക്കും സംശയമുണ്ടാകില്ല. കൂട്ടുകാർക്കും കുടുംബാംഗങ്ങൾക്കുമൊപ്പം കൂടുതൽ സമയം കളിച്ചും വർത്തമാനം പറഞ്ഞും ഉല്ലസിച്ചും ചെലവഴിക്കാമെന്നുള്ളതാണ് ഏറ്റവും വലിയ കാര്യം. കൂടാതെ മാനസിക ശാരീരിക പിരിമുറുക്കം കുറയ്ക്കാനും ഇഷ്ടമുള്ള പുതിയ മേഖലകൾ കണ്ടെത്തി നൈപുണികൾ വികസിപ്പിക്കാനും അവധിക്കാലം ഉപകാരപ്പെടും.**

## സമകാലികം



**ഡോ. ഫിലിപ്പ് ജോസഫ്**



ഏതാനും വർഷങ്ങൾക്ക് മുമ്പ് അവധികഴിഞ്ഞ് സ്കൂളിൽ തിരിച്ചെത്തിയ കുട്ടികളോട് കുശലാന്വേഷണം നടത്തുന്നതിനിടയിൽ ഒരു കുട്ടിയുടെ പ്രതികരണം ഇങ്ങനെയായിരുന്നു: "അവരെല്ലാവരും കൂടി ഞങ്ങളുടെ അവധിക്കാലം കവർന്നെടുത്തു." ഓരോ അവധിക്കാലം കഴിയുംതോറും ഈ കവർച്ചയുടെ തോത് കൂടിക്കൊണ്ടിരിക്കുന്നതല്ലാതെ കുറയുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

അവധിക്കാലത്തിന്റെ ശാസ്ത്രീയ അടിത്തറയെക്കുറിച്ചോ പൊതുസ്വീകാര്യതയെക്കുറിച്ചോ ആർക്കും സംശയമുണ്ടാകില്ല. കൂട്ടുകാർക്കും കുടുംബാംഗങ്ങൾക്കുമൊപ്പം കൂടുതൽ സമയം കളിച്ചും വർത്തമാനം പറഞ്ഞും ഉല്ലസിച്ചും ചെലവഴിക്കാമെന്നുള്ളതാണ് ഏറ്റവും വലിയ കാര്യം. കൂടാതെ മാനസിക ശാരീരിക പിരിമുറുക്കം കുറയ്ക്കാനും ഇഷ്ടമുള്ള പുതിയ മേഖലകൾ കണ്ടെത്തി നൈപുണികൾ വികസിപ്പിക്കാനും അവധിക്കാലം ഉപകാരപ്പെടും.

അങ്ങനെയെങ്കിൽ സമാഗതമാകുന്ന വേനലവധി കുട്ടികൾക്ക് ഏറെ ആഹ്ലാദകരവും ഫലപ്രദവുമാക്കാൻ നമുക്ക് എന്തെല്ലാം കാര്യങ്ങൾ ചെയ്യാനാകും?

### വിവിധ കർമ്മപദ്ധതികൾ

**● സമയം ഉൽപാദനക്ഷമമാക്കാൻ വേനൽ ക്യാമ്പുകൾ**

സൺഡേ സ്കൂൾ നടത്തുന്ന സമ്മർക്ലാസ്സും, വിദ്യാലയങ്ങളും മറ്റ് സന്നദ്ധ സംഘടനകളും നേതൃത്വം കൊടുത്ത് നടത്തുന്ന വിവിധ കൂട്ടായ്മകളും കുട്ടികൾക്ക് അറിവും ആനന്ദവും പകർന്നു നൽകുന്നവയാണ്. ഇവ വിവേകത്തോടെ തിരഞ്ഞെടുക്കാൻ കുട്ടികളെ സഹായിക്കാം.

**● വിജ്ഞാനവും മാനസികോല്ലാസവും നൽകുന്ന വായന**

പത്രമാസികകൾ, ഇഷ്ടമുള്ള നോവൽ, കഥ, കവിത, ജീവചരിത്രം, നാടകം തുടങ്ങിയവയെല്ലാം വായിക്കാൻ കുട്ടികളെ പ്രചോദിപ്പിക്കാം.

**● ശാരീരിക ആരോഗ്യവും ഒത്തൊരുമയും പകരുന്ന വിനോദങ്ങൾ**

തോൽവിയെ നേരിടാനുള്ള കരുത്തും നൽകുന്ന വിവിധ കായിക വിനോദങ്ങൾ. പൊതുമൈതാനങ്ങളിലോ പറമ്പിലോ വീട്ടുമുറ്റത്തോ കൂട്ടുകാരുമൊത്ത് വിവിധ കളികളിൽ പങ്കെടുക്കാൻ അവസരം ഒരുക്കി കൊടുക്കാം. അവിടെ നടക്കുന്ന കളിതമാശകൾ അവരുടെ ജീവിതത്തിൽ പുത്തനുണർവ് പകർന്നുനൽകും.

**● അറിവും ആഹ്ലാദവും നൽകുന്ന വ്യത്യസ്ത മേളകൾ**

വിവിധ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന വിദ്യാഭ്യാസ കരിയർ മേളകളിൽ കുട്ടികളെ പങ്കെടുപ്പിക്കാം. അവ വിജ്ഞാനത്തോടൊപ്പം ആഹ്ലാദവും സൃഷ്ടിക്കും.

**● തേച്ചുമിനുക്കാം ഇഷ്ടവിനോദങ്ങൾ**

നൃത്തം, പാട്ട്, ഉപകരണ സംഗീതം, ഫോട്ടോഗ്രഫി, എഴുത്ത്, അഭിനയം, ചിത്രരചന, കരകൗശലനിർമ്മാണം, നീന്തൽ, വിവിധ ഇൻഡോർ–ഔട്ട്ഡോർ ഗെയിമുകൾ തുടങ്ങിയവ അഭിരുചിക്കനുസരിച്ച് തിരഞ്ഞെടുത്ത് പരിശീലനം നടത്താൻ കുട്ടികളെ സഹായിക്കാം. ഇവ കുട്ടികളുടെ സർഗാത്മകത ഉണർത്തും.

**● മാനസികോല്ലാസവും ഉണർവും പകർന്നു നൽകുന്ന യാത്രകൾ**

കുട്ടികളോടൊപ്പം വിനോദയാത്രകൾ നടത്താം. ബീച്ചിൽ പോകുന്നതിനും സിനിമ, കലാകായിക സാംസ്കാരിക പ്രദർശനങ്ങൾ എന്നിവ കുട്ടികളോടൊപ്പം ആസ്വദിക്കുന്നതിനും സമയം കണ്ടെത്താം. ബന്ധുവീടുകളിൽ അവരോടൊപ്പം സന്ദർശനവും നടത്താം.

**● ഭാവിക്ക് മുതൽക്കൂട്ടാകുന്ന പ്രവർത്തനങ്ങൾ**

വ്യത്യസ്ത ഭാഷകൾ, അബാക്കസ്, കൈയക്ഷരം, വിവിധ നൈപുണ്യവികസനം എന്നിവയ്ക്കായുള്ള ക്ലാസ്സുകൾക്കും പരിശീലനത്തിനുമായി കുറച്ചു സമയം നീക്കിവയ്ക്കാൻ അവരെ സഹായിക്കാം.

**● ആത്മീയ, മാനസിക, ശാരീരിക ഉണർവ് നൽകുന്ന പരിപാടികൾ**

ജീവിത നവീകരണത്തിനുതകുന്ന ധ്യാനം, മനസിനും ശരീരത്തിനും ഊർജം നൽകുന്ന യോഗ, സുംബ, എയ്റോബിക്സ്, സ്വയം പ്രതിരോധനത്തിനു സഹായിക്കുന്ന കളരി, കുങ്ഫു, ജൂഡോ, കരാട്ടെ തുടങ്ങിയവയിലേതെങ്കിലും പഠിക്കാൻ കുട്ടികളെ പ്രേരിപ്പിക്കാം.

**● സാമൂഹിക അവബോധം ഊട്ടിവളർത്തുന്ന ആഘോഷങ്ങൾ**

പെരുന്നാളുകൾ, ബന്ധുമിത്രാദികളുടെ വീടുകളിലെ ആഘോഷങ്ങൾ തുടങ്ങിയവയിൽ സജീവമായി പങ്കെടുക്കാൻ കുട്ടികളെയും ഒപ്പം കൂട്ടാം.

**● ഉത്തരവാദിത്തബോധവും ആത്മവിശ്വാസവും പരിപോഷിപ്പിക്കുന്ന ജോലികൾ**

പാചകം, വീടുവൃത്തിയാക്കൽ, പച്ചക്കറി കൃഷി, പൂന്തോട്ട നിർമ്മാണം തുടങ്ങിയ ഗാർഹിക ജോലികളിൽ കുട്ടികളെ പങ്കാളികളാക്കാം.

**● മൊബൈൽ ആപ്പ്, സോഷ്യൽ മീഡിയ എന്നിവയുടെ ഉപയോഗം**

വിവേചനപൂർവ്വം സാമൂഹ്യമാധ്യമങ്ങൾ ഉപയോഗിച്ച് അറിവും, വിനോദവും, ആരോഗ്യപരമായ ബന്ധങ്ങളും, സമ്പാദ്യവും നേടാനും വ്യക്തമായ സമയമാനദണ്ഡങ്ങളോടെ പലതരം മൊബൈൽ ആപ്ലിക്കേഷനുകൾ ഉപയോഗിക്കാനും കുട്ടികളെ ശീലിപ്പിക്കാം.

**● കുടുംബാംഗങ്ങളോടൊപ്പമുള്ള സായാഹ്നങ്ങൾ**

എന്നും വൈകുന്നേരങ്ങളിൽ വീട്ടുകാരോടൊപ്പം വർത്തമാനം പറഞ്ഞ് ഉല്ലസിക്കുന്നതിനുള്ള സാഹചര്യം ഒരുക്കാം. പ്രായം ചെന്നവരുടെ വിശേഷങ്ങൾ കേൾക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കാം.

പിന്നിട്ട കാലത്തിന്റെ അറിവുകളും അനുഭവങ്ങളും പുതിയ തലമുറയിലേക്ക് പകരുന്നതിനോടൊപ്പം മാറിയ കാലത്തിന്റെ നേട്ടങ്ങൾകൂടി ചേർത്ത് നമുക്ക് ഈ വേനലവധിക്കാലം അവിസ്മരണീയമാക്കാം. കുട്ടികളുടെ താൽപര്യവും കഴിവും ശേഷിയും പരിഗണിച്ച് അവരുടെ മനസ്സിനിണങ്ങുന്നവ തിരഞ്ഞെടുത്ത് പ്രവർത്തിപഥത്തിൽ കൊണ്ടുവരാൻ അവരോടൊപ്പം നമുക്കും ഒത്തുചേരാം. അങ്ങനെ ഈ അവധിക്കാലം വൈബാക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിയട്ടെ.

**ബാലുശ്ശേരി കെഇടി കോളജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിൽ അസി. പ്രൊഫസറാണ് ലേഖകൻ*

സ്വർഗത്തിൽ എട്ടാം പിറന്നാൾ
(19-04-2025)

സാവിയോ വിനു
കാലായിൽ, ചക്കിട്ടപാറ
ജനനം: 02-04-2009 മരണം: 19-04-2017
തന്റെ വിശുദ്ധരുടെ മരണം കർത്താവിന് അമൂല്യമാണ്
(സങ്കീ. 116:15)
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

8 –ാം ചരമ വാർഷികം
(25 - 03 - 2025)

വി. ഡി. പൗലോസ്
വെള്ളപ്പാക്കൽ, വേനപ്പാറ
മരിച്ച വിശ്വാസികളുടെ ആത്മാക്കൾക്ക് തമ്പുരാന്റെ മനോഗുണത്താൽ മോക്ഷത്തിൽ ചേരുവാൻ ഇടയാക്കണമേ...
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

പാവനസ്മരണയ്ക്ക്
4–ാം ചരമവാർഷികം 2–ാം ചരമവാർഷികം
16-03-2025 19-02-2025


ജോസഫ് മറിയം ജോസഫ്
മുണ്ടപ്ലാക്കൽ, തോട്ടുമുക്കം
സ്നേഹസ്മരണകളോടെ, മക്കൾ, കൊച്ചുമക്കൾ, കുടുംബാംഗങ്ങൾ, ബന്ധുമിത്രാദികൾ

# ഇന്ത്യൻ കാർഷികമേഖലയിൽ വിപ്ലവം സൃഷ്ടിക്കാൻ കാർഷിക സംരംഭകത്വ വികസന പദ്ധതി

**നവീകരണം പ്രോത്സാഹിപ്പിക്കുകയും കാർഷിക സംരംഭകരെ വളർത്തുകയും അതുവഴി കാർഷിക രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരികയുമാണ് പദ്ധതിയുടെ ലക്ഷ്യം**

## പദ്ധതി പരിചയം



ഡോ. ഹിമ സുബിൻ കൂനംതടത്തിൽ

കാർഷിക രംഗത്ത് നേട്ടങ്ങൾ കൊയ്യാൻ ഇന്ത്യൻ കർഷകർക്ക് വിലങ്ങുതടിയായിരിക്കുന്നത് മൂല്യ വർദ്ധനവിന്റെ അഭാവമാണ്. കർഷകൻ ഉത്പാദിപ്പിക്കുന്ന വിളകളുടെ യഥാർത്ഥ മൂല്യം തിരിച്ചറിയപ്പെടുന്നത് അത് ഉൽപ്പന്നമായി ഉപഭോക്താവിന്റെ കൈകളിൽ എത്തുമ്പോഴാണ്. ഉദാഹരണത്തിന് ഒരു കിലോ ഉരുളക്കിഴങ്ങിന് കർഷകന് ലഭിക്കുന്നത് 20 രൂപ മാത്രമാണ്. ഈ ഉരുളക്കിഴങ്ങ് ഉപയോഗിച്ച് നിർമ്മിക്കുന്ന പെപ്സികോ കമ്പനിയുടെ 'ലെയ്സ്' എന്ന ഉൽപ്പന്നത്തിന് 100 ഗ്രാമിന് 20 രൂപയാണ് വില. അതിനാലാണ് കേന്ദ്രസർക്കാർ കൃഷി മേഖലയിലെ മൂല്യ വർദ്ധനവും സംരംഭകത്വവും വളരെ പ്രാധാന്യത്തോടെ കാണുന്നത്

കേന്ദ്ര കൃഷി മന്ത്രാലയത്തിന് കീഴിൽ 2018-2019-ൽ ദേശീയ കാർഷിക വികസന പദ്ധതിയുടെ (RKVY) ഭാഗമായാണ് കാർഷിക സംരംഭകത്വ പദ്ധതി അവതരിപ്പിച്ചത്. നവീകരണം പ്രോത്സാഹിപ്പിക്കുകയും കാർഷിക സംരംഭകരെ വളർത്തുകയും അതുവഴി കാർഷിക രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരികയുമാണ് പദ്ധതിയുടെ ലക്ഷ്യം. യുവ സംരംഭകരെ കൃഷിയിലേക്ക് ആകർഷിക്കാനും അതുവഴി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനും ശക്തമായ കാർഷിക വ്യവസായ പരിസ്ഥിതിക്ക് വഴിതുറക്കുവാനും പദ്ധതിയിലൂടെ കഴിയുമെന്ന് വിലയിരുത്തപ്പെടുന്നു.

നവീകരണവും സംരംഭകത്വവും കാർഷികമേഖലയിൽ പ്രോത്സാഹിപ്പിക്കുന്നതിനായി ധനസഹായവും, ഇൻകുബേഷൻപരിസ്ഥിതി സൃഷ്ടിക്കുകയും ചെയ്യുന്നു. ഇത് നൂതന സാങ്കേതികവിദ്യ സ്വീകരിക്കാൻ പ്രോത്സാഹിപ്പിക്കുന്നു, അതുവഴി കാർഷികോത്പാദനവും കർഷകരുടെ വരുമാനവും മെച്ചപ്പെടുന്നു. പദ്ധതിക്ക് വിവിധ ഘട്ടങ്ങളിലുള്ള സ്റ്റാർട്ടപ്പുകളെ പിന്തുണയ്ക്കാനും അവരുടെ ആശയങ്ങൾ സഫലമാക്കാൻ ആവശ്യമായ സ്രോതസ്സുകൾ നൽകാനും രണ്ട് പദ്ധതികളുണ്ട് -സീഡ് ഫണ്ടും, ഇൻകുബേഷൻ പരിസ്ഥിതിയും

**സീഡ് ഫണ്ട്:** സീഡ് സ്റ്റേജിലെ സ്റ്റാർട്ടപ്പുകൾക്ക് 25 ലക്ഷം രൂപ വരെ ധനസഹായമായി ലഭിക്കും. പ്രീ-സീഡ് അല്ലെങ്കിൽ ആശയ ഘട്ടത്തിലെ സ്റ്റാർട്ടപ്പുകൾക്ക് 5 ലക്ഷം രൂപ വരെ ധനസഹായം ലഭിക്കുന്നു. ഈ ധനസഹായം, സ്റ്റാർട്ടപ്പുകൾക്ക് അവരുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ ഉപയോഗിക്കാം

**ഇൻകുബേഷൻ പരിസ്ഥിതി:** RKVY RAFTAAR Agribusiness Incubators (RABIs), നോളജ് പാർട്ട്നേഴ്സ് (KPs) എന്നിവ നിറഞ്ഞ ഒരു ശക്തമായ നെറ്റ്‌വർക്കാണ് രാജ്യത്ത് സൃഷ്ടിച്ചിരിക്കുന്നത്. സാങ്കേതികവും ധനസഹായവും, മെന്റർഷിപ്പും, സ്രോതസ്സുകളും നൽകുന്നു. ഈ ഇൻകുബേറ്ററുകൾ, സ്റ്റാർട്ടപ്പുകൾക്ക് അവരുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും വിജയകരമായി ആരംഭിക്കാൻ വേണ്ട സാങ്കേതിക മാർഗ്ഗനിർദ്ദേശവും സഹായവും നൽകുന്നു.

കാർഷിക അനുബന്ധ മേഖലകൾ, ശാസ്ത്രീയ കൃഷി, ഫാം മെക്കാനൈസേഷൻ, പശ്ചാത്തല സാങ്കേതികവിദ്യ, ഭക്ഷ്യ സംസ്കരണ, വിതരണശൃംഖല മാനേജ്മെന്റ്, ജൈവ കൃഷി തുടങ്ങി വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് പിന്തുണ നൽകുന്നു.

പദ്ധതി ആരംഭിച്ചതിനു ശേഷം, ആയിരത്തി അഞ്ഞൂറിലധികം കാർഷിക സ്റ്റാർട്ടപ്പുകൾക്ക് സാങ്കേതികവും ധനസഹായവും ലഭിച്ചിട്ടുള്ളതായാണ് റിപ്പോർട്ട്. ഇതുവരെ 111.57 കോടി രൂപ ധനസഹായമായി മുടക്കുകയും ചെയ്തു. ഈ സ്റ്റാർട്ടപ്പുകൾ, കാർഷിക രീതികളിൽ നവീകരണ പരിഹാരങ്ങൾ അവതരിപ്പിക്കുകയും, ഉൽപ്പാദനം കൂട്ടുകയും, കർഷകരുടെ ഉപജീവനം മെച്ചപ്പെടുത്തുകയും ചെയ്യാൻ ശ്രമിക്കുന്നു. നവീകരണവും കാർഷിക സംരംഭകത്വ വികസന പദ്ധതിയും വഴി ഇന്ത്യയിലെ കാർഷിക മേഖലയെ മാറ്റാനുള്ള അനന്തസാധ്യതയാണ് ഈ പദ്ധതി വഴി തുറക്കുന്നത്.

*(കേന്ദ്ര കൃഷി മന്ത്രാലയത്തിന് കീഴിലുള്ള ഐസിഎആർ-സെൻട്രൽ പ്ലാന്റേഷൻ ക്രോപ്സ് റിസർച്ച് ഇൻസ്റ്റ്യൂട്ടിൽ ശാസ്ത്രജ്ഞയാണ് ലേഖിക)*

**പ്ലോട്ട് വിൽപ്പനയ്ക്ക്**

15 സെന്റ് സ്ഥലം, വറ്റാത്ത വെള്ളം, ഹൈവേയ്ക്ക് സമീപം. ക്രിസ്ത്യൻ പള്ളി, കോൺവെന്റ്, സ്കൂൾ, പോസ്റ്റ് ഓഫീസ്, ബാങ്ക് എന്നിവയ്ക്ക് സമീപം.

കോൺടാക്ട് ഫോൺ നമ്പർ:
89 43 53 62 62,
94 47 32 83 14










# ഫ്രാൻസിസ് പാപ്പയുടെ ജീവിതം ഗ്രന്ഥങ്ങളാകുമ്പോൾ

## പ്രത്യാശ പകരുന്ന ആത്മകഥ

സഫലമായ ഒരു ജീവിതയാത്രയുടെ നൈർമല്യവും സുഗന്ധവും നിറഞ്ഞുനിൽക്കുന്ന ഫ്രാൻസിസ് പാപ്പയുടെ ആത്മകഥ 'ഹോപ്' (പ്രത്യാശ ) ലോകമെമ്പാടും എത്തിക്കഴിഞ്ഞു. ആയിരം പൂർണ്ണചന്ദ്രൻമാരെക്കണ്ട് നാലു വർഷം പിന്നിട്ട് 88 വയസിലെത്തി നിൽക്കുന്ന മാർപാപ്പ സ്വന്തം ജീവിതം പറയുന്നത് ലോക മാധ്യമങ്ങൾ അത്ഭുതാദരവുകളോടെയാണ് നോക്കിക്കാണുന്നത്. പദവിയിലിരിക്കെ ഒരു മാർപാപ്പയുടെ ആത്മകഥയിറങ്ങുന്നത് ഇതാദ്യമാണ്.




ലാറ്റിനമേരിക്കയിൽ നിന്നുള്ള ആദ്യ മാർപാപ്പയായ പോപ്പ് ഫ്രാൻസിസിന്റെ ബാല്യം മുതലുള്ള ജീവിതമാണ് 'ഹോപ്പി' ലെ പ്രതിപാദ്യം. ഇറ്റാലിയൻ മാധ്യമപ്രവർത്തകനായ കാർലോ മൂസോയുമായി ഫ്രാൻസിസ് പാപ്പ നടത്തിയ സംഭാഷങ്ങളിൽ നിന്നാണ് ആത്മകഥ ഉരുത്തിരിയുന്നത്.

അർജന്റീനയുടെ തലസ്ഥാനമായ ബ്യൂണസ് ഐറിസിനടുത്തുള്ള ഫ്ളോറസിലാണ് 1936 ഡിസംബർ 17–ന് മാരിയോ ജോസ് ബർഗോളിയയുടെയും റെജീന മരിയ സിവോരിയുടെയും അഞ്ചു മക്കളിൽ മൂത്ത പുത്രനായി ജോർജ് മരിയോ ബർഗോളിയോ ജനിച്ചത്.

ഇറ്റലിയിൽ നിന്ന് അർജന്റീനയിലേക്ക് ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ കുടിയേറിയ ഒരു കർഷക കുടുംബത്തിന്റെ ജീവിതപ്പോരാട്ടങ്ങളുടെയും അതിൽ നിന്ന് സാർവത്രിക കത്തോലിക്കാ സഭയുടെ അമരക്കാനായി തിരഞ്ഞെടുക്കപ്പെട്ട ജോർജ് മരിയോ ബർഗോളിയോയുടെയും വിസ്മയകരമായ കഥയാണ് ഇതൾവിരിയുന്നത്. തന്റെ മരണശേഷമേ പ്രസിദ്ധീകരിക്കാവൂ എന്ന ചിന്തയോടെയാണ് പുസ്തകം തയ്യാറായതെങ്കിലും ആ തീരുമാനം മാറ്റുകയായിരുന്നു. ഫ്രാൻസിസ് പാപ്പ ഒരു അഭിമുഖത്തിൽ ഇതേപ്പറ്റി സരസമായി പറയുന്നു: 'ഞാനിപ്പോഴും ജീവിച്ചുകൊണ്ടിരിക്കുന്നു എന്നതാണ് ആ തീരുമാനം മാറ്റാനുള്ള പ്രധാന കാരണം. അതുകൊണ്ട് പ്രസിദ്ധീകരണം ഇനിയും നീണ്ടാൽ പുസ്തകത്തിന്റെ പ്രസക്തി നഷ്ടപ്പെട്ടേക്കുമെന്ന് അവർ ഭയപ്പെടുന്നു. അതുകൊണ്ടാണ് ഇപ്പോൾ തന്നെ പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചത്.'

പ്രത്യാശയുടെ തീർത്ഥാടകരെന്ന ആപ്തവാക്യവുമായി സഭയിൽ 2025 ജൂബിലി വർഷമായി ആചരിക്കുന്നതും പുസ്തകം ഇപ്പോൾ പുറത്തിറക്കിയതിന് പ്രചോദനമായിട്ടുണ്ട്. അർജന്റീനയിൽ ജോർജ് മരിയോ ബർഗോളിയോ എന്ന ബാലന്റെ ചുറുചുറുക്കുള്ള ബാല്യ–കൗമാരവും യൗവനവും മുതൽ ജസ്യൂട്ട് സന്യാസ സഭയിൽ വൈദികനായും പിന്നീട് ബ്യൂണസ് ഐറിസ് അതിരൂപത സഹായ മെത്രാനായും തുടർന്ന് ആർച്ച് ബിഷപ്പായും 2001–മുതൽ കർദ്ദിനാളായും അജപാലന രംഗത്തും സമർപ്പിത പാതയിലും ഒഴുകിപരന്ന ജീവിതത്തിന്റെ മഴവിൽകാന്തി നമുക്ക് ആത്മകഥയിൽ കാണാം.


അർജന്റീനയുടെ കാത്തലിക് ബിഷപ്സ് കോൺഫ്രൻസ് അധ്യക്ഷനെന്ന നിലയിൽ തെക്കേ അമേരിക്കൻ രാഷ്ട്രങ്ങളിൽ അനിതര സാധാരണമായ വ്യക്തിപ്രഭാവം അദ്ദേഹം പ്രകടിപ്പിച്ചു. ബെനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ സ്ഥാനത്യാഗത്തെത്തുടർന്ന് 2013 മാർച്ച് 13–ന് അദ്ദേഹം സഭയുടെ പരമോന്നത സാരഥിയായി. സഭാചരിത്രത്തിൽ തെക്കേ അമേരിക്കൻ ഭൂഖണ്ഡത്തിൽ നിന്നുള്ള ആദ്യ പാപ്പ, ലോക വ്യാപകമായ ജസ്യൂട്ട് സന്യാസ സമൂഹത്തിൽ നിന്നുള്ള ആദ്യ പാപ്പ. പാവങ്ങളോടും അഭയാർത്ഥികളോടും അന്യവൽക്കരിക്കപ്പെടുന്നവരോടും പക്ഷംചേരാനുള്ള അദ്ദേഹത്തിന്റെ ആഹ്വാനം സഭയിൽ പുതിയൊരു പന്തക്കുസ്തായുടെ പ്രഭാതഭേരിയായി മാറി. ഫ്രാൻസിസ് പാപ്പയുടെ പ്രഭാഷണങ്ങൾ, അപ്പസ്തോലിക ലേഖനങ്ങൾ, ചാക്രിക ലേഖനങ്ങൾ, വിദേശ യാത്രകൾ തുടങ്ങിയവയൊക്കെ ക്രിസ്തു സന്ദേശത്തിൽ അടിയുറച്ച നവലോകക്രമത്തിന്റെ കാഹളധ്വനിയായി. യുദ്ധത്തിനും അക്രമണങ്ങൾക്കും അനിയന്ത്രിതമായ മുതലാളിത്ത വ്യവസ്ഥയ്ക്കും മനുഷ്യാവകാശ ലംഘനങ്ങൾക്കും പരിസ്ഥിതി നാശത്തിനുമെതിരെ അവിരാമം അദ്ദേഹം ശബ്ദമുയർത്തിക്കൊണ്ടിരിക്കുന്നു. ഇവയോടൊപ്പം അദ്ദേഹം സഭയ്ക്കകത്ത് പല രംഗങ്ങളിലും ശുദ്ധികലശം നടത്തി. സഭയിലും പുറത്തും പ്രബലപ്പെടുന്ന നിസംഗതയുടെയും ആഗോളവൽക്കരണത്തിനെതിരായും കരുണയില്ലാത്ത പുരോഗതിക്കെതിരെ, യുദ്ധങ്ങൾക്കെതിരെ മുഖം നോട്ടമില്ലാതെ അദ്ദേഹം സംസാരിച്ചപ്പോൾ രാഷ്ട്രീയ ഭേദങ്ങൾ മറന്ന് ലോക രാഷ്ട്രങ്ങൾ അതെല്ലാം മറന്ന് ചെവിക്കൊണ്ടു.

അമേരിക്കയിലേക്കും യൂറോപ്പിലേക്കും ഏഷ്യൻ, ആഫ്രിക്കൻ, ഗൾഫ് രാജ്യങ്ങളിലേക്കും അദ്ദേഹം നടത്തിയ പര്യടനങ്ങൾ വിശ്വമാനവികതയുടെ കൈകോർക്കലുകളായി. 2011 മുതൽ 2015 വരെ ഇറാഖിലും സിറിയയിലും നടന്ന ഇസ്ലാമിക് സ്റ്റേറ്റ് തീവ്രവാദത്തിന്റെ ഭീകര താണ്ഡവത്തിൽ ഇരകളായ മുസ്ലീംങ്ങൾ ഉൾപ്പടെയുള്ള അഭയാർത്ഥികളെ സ്വീകരിക്കാൻ മുസ്ലിം രാഷ്ട്രങ്ങൾ അറച്ചു നിന്നപ്പോൾ യൂറോപ്യൻ രാജ്യങ്ങൾ വാതിൽ തുറന്നിട്ടത് ഫ്രാൻസിസ് പാപ്പയുടെ ആഹ്വാനത്തെത്തുടർന്നാണ്.

300–ലേറെ പേജുകളുള്ള 'ഹോപ്പ്', പ്രത്യാശയെന്ന ആത്മകഥ സ്വാർത്ഥത വേരോടിയ കാലഘട്ടത്തിന്റെ കണ്ണാടിയും അതിനെതിരായ മനസാക്ഷിയുടെ ശബ്ദവുമായി പരിണമിക്കുന്നു. അതിവിസ്തൃതമായ ക്യാൻവാസിലെന്നപോലെ ഫ്രാൻസിസ് പാപ്പയുടെ 88 വർഷത്തെ സുദീർഘ ജീവിതം വാങ്മയ ചിത്രങ്ങളായി പുനർജനിക്കുകയാണ് ഇവിടെ. ഗൗരമേറിയ ചിന്തകളും ആഴമേറിയ ധ്യാനങ്ങളും നർമത്തിൽ കുതിർത്ത അനുഭവങ്ങളും ഇഴചേർന്ന ചേതോഹരമായ ജീവിതകഥയാണിത്.

## ചരിത്രം പാപ്പയിലൂടെ

തരളമായ വാക്കുകളിലും സരളമായ ശൈലിയിലും സംവദിക്കുന്നു എന്നതാണ് ഫ്രാൻസിസ് മാർപാപ്പയുടെ സവിശേഷത. ലോകത്തെ വലിയ അധികാര സ്ഥാനങ്ങളിൽ ഒന്നിന്, ആഗോള കത്തോലിക്കാ സഭയുടെ തലവൻ എന്ന അതുല്യ പദവിക്ക്, ജോർജ് മരിയോ ബർഗോളിയോ മാനുഷികമുഖം നൽകി. ചരിത്രം രൂപപ്പെടുത്തിയ ആത്മീയ വ്യക്തിത്വമായതിനാലാവണം ഇത്രത്തോളം 'മനുഷ്യ'നായിരിക്കാൻ അദ്ദേഹത്തിന് സാധിക്കുന്നത്. ചരിത്രത്തിലൂടെ ഫ്രാൻസിസ് മാർപാപ്പ സ്വന്തം ജീവിതകഥ വിവരിക്കുന്ന 'ജീവിതം' (Life: My Story Through History) എന്ന ഗ്രന്ഥം അതിനാൽ ആ അമൂല്യമായ വ്യക്തിപ്രഭാവത്തിലേക്ക് തുറക്കുന്ന താക്കോലാണ്. അതിന്റെ വായന നമ്മെ എത്തിക്കുന്നത് അന്യാദൃശമായൊരു അനുഭവമണ്ഡലത്തിലേക്കും.




ഫ്രാൻസിസ് പാപ്പയ്ക്ക് മൂന്നു വയസ് തികയും മുമ്പ് തുടങ്ങിയ രണ്ടാം ലോകമഹായുദ്ധം മുതൽ ലോകം കണ്ട മഹാമാരി കോവിഡ് 19 വരെ, ലോകചരിത്രത്തെ രൂപപ്പെടുത്തിയ ആഗോള സംഭവ വികാസങ്ങളാണ് ഗ്രന്ഥത്തിന്റെ പ്രതിപാദ്യവിഷയം. പക്ഷേ, ചരിത്രകാരന്റെ നിർമ്മമതയല്ല പരിപക്വമായ ആത്മീയതയുടെ അനുകമ്പയാണ് ഗ്രന്ഥത്തിനു ശ്രുതി ചേർക്കുന്നത്. അങ്ങനെ ചരിത്രം ആത്മകഥയായി പരിണമിക്കുന്നു. അത് പകരുന്ന ആന്തരികശോഭ വായനക്കാരനെ ആത്മാന്വേഷണത്തിനും ആന്തരിക നവീകരണത്തിനും പ്രേരിപ്പിക്കുകയും ചെയ്യുന്നു.

മൂന്നുവയസു തികയാത്ത ജോർജിനും യൂറോപ്പിന്റെ അങ്ങേക്കരയായ അമേരിക്കയിലെ അർജന്റീനയ്ക്കും രണ്ടാം ലോക മഹായുദ്ധം നേരിട്ടുള്ള അനുഭവമായില്ല എന്നതു ശരി തന്നെ. പക്ഷേ, അപ്പൻ മരിയോ കേൾക്കുന്ന റേഡിയോ വാർത്തകളിലൂടെയും ഇറ്റലിയിലെ ബന്ധുക്കളിൽ നിന്നു വരുന്ന, അധികാരികളാൽ സെൻസർ ചെയ്യപ്പെട്ട കത്തുകളിലൂടെയും യുദ്ധത്തിന്റെ ക്രൂരമായ സാന്നിധ്യം ബർഗോളിയോ കുടുംബം അറിയുന്നുണ്ട്. യുദ്ധത്തിന്റെ കെടുതികൾക്ക് ഇരയായില്ലെങ്കിലും വിനാശകരമായ നാസി സ്വാധീനത്തിൽ നിന്ന് രക്ഷപെടാൻ അർജന്റീനയ്ക്കും ഏറെ പണിപ്പെടേണ്ടിവന്നു. യുദ്ധങ്ങൾ കൂട്ടക്കൊലപാതകങ്ങൾ മാത്രമാണെന്നും അതിന് പ്രത്യയശാസ്ത്ര ന്യായീകരണം ചമയ്ക്കുന്നത് വ്യർത്ഥമാണെന്നുമുള്ള ബോധ്യത്തിലേക്ക് മുതിർന്നപ്പോൾ ജോർജിനെ നയിച്ചത് ബാല്യത്തിലെ അബോധാത്മക സ്മരണകളായിരുന്നിരിക്കണം. പലായനത്തിന്റെയും പ്രവാസത്തിന്റെയും യുദ്ധത്തിന്റെയും നോവുകളിൽ നിന്ന് സംവേദനക്ഷമമായ ഹൃദയം രൂപപ്പെടുന്നതെങ്ങിനെയെന്ന് രണ്ടാം ലോകമഹായുദ്ധത്തെക്കുറിച്ചും അതിനു മുന്നും പിന്നുമായി യൂറോപ്പിൽ നിന്ന് അമേരിക്കയിലേക്ക് നടന്ന കുടിയേറ്റത്തെക്കുറിച്ചും വിവരിക്കുന്ന ആദ്യ അധ്യായത്തിൽ തന്നെ നാം കാണുന്നുണ്ട്. രണ്ടാം ലോകയുദ്ധത്തിന്റെ കൊടിയ കെടുതികളിലൂടെ, യഹൂദരുടെ രക്തവും കണ്ണീരും വീണ കോൺസൻട്രേഷൻ ക്യാമ്പുകളിലൂടെ, യുദ്ധമവസാനിപ്പിച്ച അണുബോംബു വർഷത്തിലൂടെ, ഇരുപതാം നൂറ്റാണ്ടിന്റെ ഇരുണ്ട ചരിത്രം പറഞ്ഞു പോകുന്ന ഫ്രാൻസിസ് മാർപാപ്പ അത് ഉപസംഹരിക്കുന്നത് അധികാര ദുർവിനിയോഗത്തിൽ അക്രമമുണ്ട്, അത് കത്തോലിക്കാ സഭയിലുമുണ്ട് എന്ന ഏറ്റുപറച്ചിലോടെയാണ്.

1969 ജൂലൈ 20 ഞായറാഴ്ച നീൽ ആസ്ട്രോങ്ങും എഡ്വിൻ ആൽഡ്രിനും ചന്ദ്രനിൽ ഇറങ്ങുന്നത് ശ്വാസമടക്കിപ്പിടിച്ചിരുന്നു കണ്ട സെമിനാരി വിദ്യാർത്ഥി (പുരോഹിതനായി അഭിഷേകം ചെയ്യപ്പെടാൻ അഞ്ചുമാസം മാത്രം അവശേഷിക്കുന്ന വൈദിക വിദ്യാർത്ഥി) പിന്നീട് മാർപാപ്പയാകുമ്പോൾ ശാസ്ത്രത്തെ എതിർപക്ഷത്തു നിർത്തുന്ന മതവിശ്വാസങ്ങളെ തിരുത്തുന്നതായി നാം കാണുന്നുണ്ട്. അതേസമയം, നിർമിതബുദ്ധിവരെ എത്തി നിൽക്കുന്ന സാങ്കേതികവിദ്യയുടെ വളർച്ച വ്യക്തി സ്വാതന്ത്ര്യത്തെയും അന്തസിനെയും കെടുത്തിക്കൂടാ എന്ന സുചിന്തിതമായ നിലപാടിനു പിന്നിലെ ഇതേ ശാസ്ത്രീയ ചിന്തയും ഗ്രന്ഥത്തിൽ തെളിയുന്നുണ്ട് .

ഫാ. ജോർജ് ബർഗോളിയോ ബ്യൂണസ് ഐറിസിലെ സാൻ മിഗുവൽ പ്രവിശ്യയിലെ ഈശോ സഭാംഗങ്ങളുടെ പ്രവിശ്യാ സുപ്പീരിയറായിരിക്കെ, അദ്ദേഹത്തെ തന്നെ വിവാദങ്ങളുടെ നിഴലിലാക്കുന്നതിനിടയാക്കിയ, അർജന്റീനയിലെ സൈനിക വിപ്ലവം, അതേ വിവാദ കാരണങ്ങളാൽ അപ്രഖ്യാപിത നാടുകടത്തലിൽ കൊർദാബിയിൽ കഴിഞ്ഞ നാളുകളിൽ സംഭവിച്ച യൂറോപ്യൻ യൂണിയന്റെ പിറവി, ബ്യൂണസ് ഐറിസിലെ ജെസ്യൂട്ട് വിദ്യാലയമായ കൊളെയോ ദെൽ സാൽവദോറിലെ അധ്യാപകനായിരിക്കെ 1989–ൽ നടന്ന ബർലിൻ മതിലിന്റെ തകർച്ച 1992–ൽ ബ്യൂണസ് ഐറിസിന്റെ കർദിനാൾ ആർച്ച് ബിഷപ്പായിരിക്കെ നടന്ന സെപ്റ്റംബർ 11–ലെ ഭീകരാക്രമണം എന്നിങ്ങനെ ഇരുപതാം നൂറ്റാണ്ട് ബർഗോളിയോയിൽ പൂർത്തിയാകുന്നു.

പതിനാല് അധ്യായങ്ങൾ മാത്രമുള്ള മാർപാപ്പയുടെ ആത്മകഥയിലെ ഒരധ്യായം ഫുട്ബോൾ മാന്ത്രികൻ ഡീഗോ മറഡോണയെക്കുറിച്ചാണെന്നത് ആലോചനാമൃതമാണ്. 1986–ലെ ലോകകപ്പിൽ അർജന്റീനയെ വിജയത്തിലെത്തിച്ച വിവാദ ഗോളിന് കാരണമായ 'ദൈവത്തിന്റെ കൈ' എന്നതാണ് ആ അധ്യായത്തിന്റെ തലക്കെട്ട്. വത്തിക്കാനിൽ തന്നെ കാണാനെത്തിയ മറഡോണയോട് 'കുറ്റം ചെയ്ത ആ കൈ ഏതാണെന്ന്' തമാശയായി ചോദിക്കുന്നുണ്ട് ഫ്രാൻസിസ് മാർപാപ്പ. കളിക്കളത്തിലെ കവി എന്നത്രേ മറഡോണയെ മാർപാപ്പ വിശേഷിപ്പിക്കുന്നത്.

ഇനിയും സൃഷ്ടിക്കപ്പെടേണ്ട ചരിത്രത്തെക്കുറിച്ചുള്ള വിചിന്തനങ്ങൾ പങ്കുവെച്ചു കൊണ്ടാണ് മാർപാപ്പ ചരിത്രത്തിലൂടെയുള്ള തന്റെ ജീവിതയാത്ര അവസാനിപ്പിക്കുന്നത്. പൗരോഹിത്യ അധികാര കേന്ദ്രീകരണത്തിൽ നിന്ന് മുക്തമായ സഭയെയും സമാധാനം നിലനിൽക്കുന്ന ലോകത്തെയും അദ്ദേഹം സ്വപ്നം കാണുന്നു.

# ജെസ്റ്റ്, സെൻട്രൽ യൂണിവേഴ്സിറ്റി, കുസാറ്റ്

# ഉന്നത പഠനത്തിന് ഒരുങ്ങാം

**വിവിധ ആർട്സ് ആന്റ് സയൻസ് വിഷയങ്ങളിൽ ബിരുദ – ബിരുദാനന്തര പഠനത്തിന് അവസരങ്ങൾ ഒരുക്കി ജെസ്റ്റ് പരീക്ഷയും, കുസാറ്റ് ടെസ്റ്റും, സെൻട്രൽ യൂണിവേഴ്സിറ്റീസ് എൻട്രൻസ് ടെസ്റ്റും ഇപ്പോൾ നടക്കുന്നു**



## വിദ്യാധനം

പ്രഫ. ചാർലി കട്ടക്കയം

### ജെസ്റ്റ് – 25

രാജ്യത്തെ മുപ്പതോളം പ്രമുഖ സ്ഥാപനങ്ങളിൽ ഫിസിക്സ്, മാത്സ്, കംപ്യൂട്ടർ സയൻസ്, കംപ്യൂട്ടേഷണൽ ബയോളജി, ന്യൂറോളജി തുടങ്ങിയ വിഷയങ്ങളിൽ ഇന്റഗ്രേറ്റഡ് എംഎസ്സി–പിഎച്ച്ഡി, പിഎച്ച്ഡി, പിജി/ബി.ടെക് കഴിഞ്ഞവർക്കുള്ള എം.ടെക്–പിഎച്ച്ഡി പ്രോഗ്രാം എന്നിവയ്ക്ക് ചേരുവാൻ അവസരമൊരുക്കുന്ന പരീക്ഷയാണ് ജോയിന്റ് എൻട്രൻസ് സ്ക്രീനിങ് ടെസ്റ്റ് അഥവാ ജെസ്റ്റ് (JEST)

2025 ഏപ്രിൽ ആറിനാണ് അടുത്ത ജെസ്റ്റ് പരീക്ഷ. ഇപ്പോൾ ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. കേരളത്തിൽ കൊച്ചിയിലും, കോഴിക്കോടും, തിരുവനന്തപുരവും പരീക്ഷാ കേന്ദ്രങ്ങൾ ആണ്.

പിജി പ്രോഗ്രാമിനും പിഎച്ച്ഡി പ്രോഗ്രാമിനുമുള്ള പരീക്ഷ ഒന്നു തന്നെയാണ്. ഇപ്പോൾ അവസാന വർഷ ഡിഗ്രിക്ക് പഠിക്കുന്നവർക്കും അപേക്ഷിക്കാം. ഫിസിക്സ് കംപ്യൂട്ടർ സയൻസ്, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങളിൽ മാത്രമാണ് ജെസ്റ്റ് പരീക്ഷ നടക്കുന്നത്.

ബോംബെയിലെ ഹോമിബാബ സെന്റർ ഫോർ സയൻസ് എഡ്യുക്കേഷണിൽ പിഎച്ച്ഡി ചെയ്യുന്നതിനും ജെസ്റ്റ് സ്കോർ പരിഗണിക്കുന്നു. ഏതെങ്കിലും വിഷയത്തിൽ എംഎസ്സി/ എംഎസ്ഡബ്ല്യു/ എംഎ എഡ്യുക്കേഷൻ/ എംഎ സൈക്കോളജി/ ബി.ടെക്/ബിഇ/ എംബിബിഎസ് യോഗ്യതയുള്ളവർക്ക് ഇതിന് അപേക്ഷിക്കാം.

ജെസ്റ്റ് പരീക്ഷ ഒഎംആർ മാതൃകയിൽ ഓഫ്‌ലൈൻ ആയാണ് നടത്തുന്നത്. 100 മാർക്കിന്റെ മൂന്ന് മണിക്കൂർ പരീക്ഷയ്ക്ക് പാർട്ട്–എ. പാർട്ട്–ബി, പാർട്ട്–സി എന്നിങ്ങനെ മൂന്ന് ഭാഗങ്ങൾ ഉണ്ടാകും.

രാജ്യത്തെ വിവിധ ഐസറുകൾ നൈനിറ്റാളിലെ (ഉത്തരാഖണ്ഡ്) ആര്യഭട്ട റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, അലഹബാദിലെ ഹരിഷ്ചന്ദ്ര റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ബംഗ്ലൂരുവിലെ ഇന്റർ നാഷണൽ സെന്റർ ഫോർ തിയററ്റിക്കൽ സയൻസ്, കൽപ്പാക്കം ഇന്ദിരാഗാന്ധി സെന്റർ ഫോർ ആറ്റോമിക് റിസർച്ച് ടെക്നോളജി, ബാംഗ്ലൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അസ്ട്രോ ഫിസിക്സ്, ബാംഗ്ലൂർ ഐഐഎസ്സി, തിരുവനന്തപുരം ഐഐഎസ്ടി, ചെന്നൈ മാത്തമാറ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, ബാംഗ്ലൂർ രാമൻ റിസേർച്ച് സെന്റർ, ഭുവനേശ്വർ–നൈസർ, ബോംബെ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസേർച്ച് തുടങ്ങി ദേശീയ തലത്തിലുള്ള 33 സ്ഥാപനങ്ങൾ ആണ് ജെസ്റ്റ് സ്കോർ വിവിധ പ്രോഗ്രാമുകൾക്ക് പരിഗണിക്കുന്നത്. ഓരോ സ്ഥാപനങ്ങളിലും ലഭ്യമായിട്ടുള്ള ഗവേഷണ വിഷയങ്ങളും വ്യവസ്ഥകളും അതാത് സ്ഥാപനത്തിന്റെ വെബ് സൈറ്റിൽ ലഭ്യമാണ്. പഠനത്തിന് അതാത് സ്ഥാപനങ്ങൾ നൽകുന്ന ഫെലോഷിപ്പ് ലഭിക്കും. ഓരോ സ്ഥാപനവും പ്രവേശന വിജ്ഞാപനം നടത്തുന്ന സമയത്ത് ആ സ്ഥാപനത്തിലേക്ക് അപേക്ഷ നൽകണം. കൂടുതൽ വിവരങ്ങൾ www.jest.org.in എന്ന സെറ്റിൽ ലഭ്യമാണ്.




### സെൻട്രൽ യൂണിവേഴ്സിറ്റി

● കേരളത്തിലെ കാസർഗോഡ് സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരള ഉൾപ്പെടെ പതിനഞ്ച് കേന്ദ്ര സർവകലാശാലകൾ, നാല് സംസ്ഥാന സർവകലാശാലകൾ, തിരുച്ചിറപ്പള്ളി എൻഐടി എന്നിവിടങ്ങളിലെ ഡിഗ്രി, പിജി, പിഎച്ച്ഡി പ്രോഗ്രാമുകളിലേക്കുള്ള അഡ്മിഷനുള്ള പൊതു പരീക്ഷയാണ് സെൻട്രൽ യൂണിവേഴ്സിറ്റിസ് എൻട്രൻസ് ടെസ്റ്റ് (CUET). പരീക്ഷയ്ക്ക് ഓൺലൈനായി ഏപ്രിൽ ആദ്യവാരം വരെ അപേക്ഷിക്കാം.

നാഷണൽ ടെസ്റ്റിങ് ഏജൻസി (NTA) ആണ് പരീക്ഷ നടത്തുന്നത്. മെയ് രണ്ടാം വാരമാണ് ഈ വർഷത്തെ CUET പരീക്ഷ. മൊത്തം 47 സ്ഥാപനങ്ങളിലേക്ക് CUET പരീക്ഷ വഴി അഡ്മിഷൻ നടക്കുന്നു.

CUET-ൽ ഉൾപ്പെടുന്ന പ്രധാന സർവകലാശാലകൾ താഴെ പറയുന്നവയാണ്. സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് ബീഹാർ, സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് ഗുജറാത്ത്, സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് ജമ്മു, സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് ഝാർഖണ്ഡ്, സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരള, സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് പഞ്ചാബ്, സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് രാജസ്ഥാൻ, സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് തമിഴ്നാട്.

യുജി ഇന്റഗ്രേറ്റഡ് പരീക്ഷയ്ക്ക് മൂന്ന് പാർട്ടുകൾ ഉണ്ടാകും. ഒബ്ജക്റ്റീവ് ടൈപ്പ് മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങൾ (MCQ) ആയിരിക്കും മൂന്ന് പാർട്ടിലും ഉണ്ടാവുക. പാർട്ട്–1, ലാംഗ്വേജ് വിഭാഗവും, പാർട്ട്–2 സബ്ജക്റ്റ് വിഭാഗവും, പാർട്ട്–3 ജനറലും ആയിരിക്കും. പാർട്ട് 1–ൽ തന്നിരിക്കുന്ന 23 ഭാഷാ വിഷയങ്ങളിൽ ഇഷ്ടമുള്ളത് സെലക്റ്റ് ചെയ്യാം. പാർട്ട് 2–ൽ 27 സബ്ജക്റ്റ് വിഷയങ്ങൾ ഉള്ളതിൽ മിനിമം മൂന്നും മാക്സിമം ആറ് വരേയും സെലക്റ്റ് ചെയ്യാം. പാർട്ട്–3 ജനറൽ നോളജും, മെന്റൽ എബിലിറ്റിയും ടെസ്ററ് ചെയ്യുന്ന ഭാഗമാണ്.



പരീക്ഷ ഫീസ്– 800 രൂപയാണ് ഒരാൾക്ക്. മൂന്ന് സ്ഥാപനങ്ങളിലായി മൂന്ന് പ്രോഗ്രാമുകൾക്ക് അപേക്ഷിക്കാം.


CUET പിജി പരീക്ഷയ്ക്ക് രണ്ട് ഭാഗങ്ങൾ മാത്രമേയുള്ളൂ. ലാംഗ്വേജ് ഉൾപ്പെടുന്ന ജനറൽ വിഭാഗവും സബ്ജക്റ്റ് ഉൽപ്പെടുന്ന രണ്ടാം ഭാഗവും, പരീക്ഷ ഓരോ വിഭാഗത്തിലും 75 ചോദ്യങ്ങൾ ഉൾപ്പെടുന്ന മൾട്ടിപ്പിൾ ചോയ്സ് (MCQ) ആയിരിക്കും. 1200 രൂപയാണ് പരീക്ഷാ ഫീസ്.

### കുസാറ്റ്

● ദേശീയ തലത്തിൽ തന്നെ ശ്രദ്ധേയമായ പഠനഗവേഷണ സ്ഥാപനങ്ങളിൽ ഒന്നാണ് കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി (CUSAT). ഡിഗ്രി പിജി തലത്തിലുള്ള വിവിധ പ്രോഗ്രാമുകൾക്ക് ഇപ്പോൾ അപേക്ഷിക്കാം. സർവകലാശാല നടത്തുന്ന കോമൺ അഡ്മിഷൻ ടെസ്റ്റ് (CAT) വഴിയാണ് പ്രവേശനം.

#### ബിരുദ ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകൾ

സിവിൽ, മെക്കാനിക്കൽ, കംപ്യൂട്ടർ സയൻസ്, ഇൻഫർമേഷൻ ടെക്നോളജി, ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ്, ഇൻസ്ട്രുമെന്റേഷൻ, നേവൽ ആർക്കിടെക്ച്ചർ, മറൈൻ എൻജിനീയറിങ്, ഫയർ–സേഫ്റ്റി എൻജിനീയറിങ് എന്നീ ബ്രാഞ്ചുകളിൽ എൻജിനീയറിങ് കോഴ്സുകൾ ഉണ്ട്. ബയോളജിക്കൽ സയൻസ്, കെമിസ്ട്രി, മാത്തമാറ്റിക്സ്, ഫിസിക്സ്, കംപ്യൂട്ടർ സയൻസ്, ഫോട്ടോണിക്സ്, എൻവയോൺമെന്റൽ സയൻസ് തുടങ്ങിയ വിഷയങ്ങളിൽ ഇന്റഗ്രേറ്റഡ് എംഎസ്സി (അഞ്ച് വർഷം) കോഴ്സുമുണ്ട്. ബയോളജിക്കൽ സയൻസ് ഒഴികെയുള്ള എൻജിനീയറിങ് /ഡിഗ്രി പ്രോഗ്രാമുകൾക്ക് പ്ലസ്ടുവിന് ഫിസിക്സ്, കെമിസ്ട്രി, മാത്സ് പഠിച്ചിരിക്കണം. ബയോളജിക്കൽ സയൻസിന് പ്ലസ്ടുവിന് ബയോളജി പഠിച്ചിരിക്കണം. മാത്തമാറ്റിക്സ്/ കംപ്യൂട്ടർ സയൻസ്/ ഇൻഫർമാറ്റിക്സ്/ ഇൻഫർമേഷൻ ടെക്നോളജി പഠിച്ചവർക്ക് അഞ്ച് വർഷ ഇന്റഗ്രേറ്റഡ് എംസിഎയ്ക്കും ചേരാം.



#### എംഎസ്സി (രണ്ട് വർഷം)

മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി, സ്റ്റാറ്റിസ്റ്റിക്സ്, കംപ്യൂട്ടർ സയൻസ്, ഫോറൻസിക് സയൻസ്, ഇലക്ട്രോണിക്സ്, ഓഷ്യനോഗ്രഫി, മെറ്റീയോറജി, എൻവിയോൺമെന്റൽ സയൻസ്, ബയോടെക്നോളജി, മൈക്രോബയോളജി, മറൈൻ ജിനോമിക്സ്, മറൈൻ ബയോളജി, ഇൻഡസ്ട്രിയൽ ഫിഷറീസ്, എക്കണോമിക്സ് തുടങ്ങിയ വിഷയങ്ങളിൽ പിജി പ്രോഗ്രാമുകൾ ഉണ്ട്. അനുബന്ധവിഷയങ്ങളിൽ ബിരുദമുള്ളവർക്ക് അപേക്ഷിക്കാം.

#### മറ്റ് പ്രോഗ്രാമുകൾ

അഞ്ച് വർഷ ബിബിഎ/ ബി.കോം, എൽഎൽബി, ബിഎസ്സി–എൽഎൽബി, എം.വോക്–സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ ഡവലപ്പ്മെന്റ്, ബാങ്കിങ് ആന്റ് ഫിനാൻസ്, മൂന്ന് വർഷ എൽഎൽബി, രണ്ട് വർഷ എൽഎൽഎം, പതിനാറോളം ശാഖകളിൽ എം.ടെക്, വിവിധ വിഷയങ്ങളിൽ സർട്ടിഫിക്കേറ്റ് പ്രോഗ്രാമുകൾ, പിജി ഡിപ്ലോമ പ്രോഗ്രാമുകൾ, ഇന്റർനാഷണൽ കൊളാബറേഷൻ പ്രോഗ്രാമുകൾ തുടങ്ങിയവയും കുസാറ്റിൽ നടക്കുന്നുണ്ട്.

# കാടിന് ഉൾക്കൊള്ളാൻ മാത്രം മൃഗങ്ങൾ മതി

**വികസിത രാജ്യങ്ങളിൽ ചെയ്യുന്നതുപോലെ വനത്തിന്റെ വാഹകശേഷി കണ്ടെത്തി കൂടുതലുള്ള മൃഗങ്ങളെ പുനരധിവസിപ്പിക്കുകയോ കൊല്ലുകയോ ചെയ്യേണ്ടത് പ്രകൃതിയുടെയും ആവാസവ്യവസ്ഥയുടെയും താളം നിലനിർത്താൻ അത്യന്താപേക്ഷിതമാണ്.**

**സമകാലികം**



ഡോ. അഞ്ജു ലിസ് കുര്യൻ



● കേരളത്തിലെ ആകെ കടുവകൾ: 183*
*(*2022 സെൻസസ് പ്രകാരം)*
● ഒരു കടുവയ്ക്കുവേണ്ട വനവിസ്തൃതി: 70 – 150 ചതുരശ്ര കിലോമീറ്റർ
ലഭ്യമായത്: 62.98 ച. കി. മീ



● കേരളത്തിലെ ആകെ കാട്ടാനകൾ : 5706*
*(*2017 സെൻസസ് പ്രകാരം)*
● ഒരു കാട്ടാനയ്ക്കുവേണ്ട വനവിസ്തൃതി: 180 – 407 ച. കി. മീ
ലഭ്യമായത്: 2.019 ച. കി. മീ



● കേരളത്തിലെ ആകെ പുലികൾ: 472*
*(*2015 സെൻസസ് പ്രകാരം)*
● ഒരു പുലിക്കുവേണ്ട വനവിസ്തൃതി: 9 – 451 ച. കി. മീ
ലഭ്യമായത്: 24.48 ച. കി. മീ



● കേരളത്തിലെ ആകെ കാട്ടുപോത്ത്: 17,860* *(*2011 സെൻസസ് പ്രകാരം)*
● ഒരു കാട്ടുപോത്തിനുവേണ്ട വനവിസ്തൃതി: 135 – 169 ച. കി. മീ
ലഭ്യമായത്: 0.646 ച. കി. മീ

വന്യജീവി ആക്രമണത്തെത്തുടർന്ന് തൊള്ളായിരത്തിലധികം മരണങ്ങളാണ് കഴിഞ്ഞ എട്ടു വർഷംകൊണ്ട് കേരളത്തിലുണ്ടായത്. കുറഞ്ഞത് 7500 ആളുകൾക്ക് വന്യജീവി ആക്രമണത്തിൽ പരുക്കേറ്റു. സംസ്ഥാനത്തിന്റെ പലഭാഗങ്ങളിലും വന്യജീവികൾ മനുഷ്യജീവിതത്തിൽ പ്രതിലോമകരമായി ഇടപെടുന്നു എന്നും മുമ്പത്തെക്കാളേറെ മനുഷ്യജീവനും സ്വത്തിനും കൃഷിക്കും ഭീഷണിയുയർത്തുകവഴി ജനജീവിതം ദുസ്സഹമാക്കുന്നു എന്നതും പച്ചയായ സത്യമാണ്.

കേരളത്തിൽ 106 ഗ്രാമ പഞ്ചായത്തുകൾ സംരക്ഷിത പ്രദേശങ്ങളുമായുള്ള അതിരുകൾ (വന്യജീവി സങ്കേതങ്ങൾ, ദേശീയ ഉദ്യാനങ്ങൾ തുടങ്ങിയവ) പങ്കിടുന്നുണ്ട്. ഈ പ്രദേശങ്ങളിൽ 34,36,142 ജനങ്ങൾ നിസ്സഹായരായി ജീവനോപാധികൾ നഷ്ടപ്പെട്ട് ദൈന്യതയിലും ഭീതിയിലും കടുത്ത മാനസികസമ്മർദ്ദത്തിലുമാണ്.

കേരളത്തിലെ വർധിച്ചു വരുന്ന മനുഷ്യ–വന്യജീവി സംഘർഷത്തിന്റെ കാരണം നിലവിൽ വനത്തിന് ഉൾക്കൊള്ളാൻ കഴിയാവുന്നതിലധികം വന്യജീവികൾ ഉണ്ടെന്നതും ഇരയും ഇരപിടിയരും തമ്മിലുള്ള സന്തുലിതാവസ്ഥ പൂർണ്ണമായും നഷ്ടപ്പെട്ടു എന്നുള്ളതുമാണ്. 188 മുതൽ 407 ച.കി.മീ. വരെ ഭൂപ്രദേശം വേണ്ട ഒരാനയ്ക്ക് കേരളത്തിൽ ലഭിക്കുന്നത് 2.019 ച.കി.മീ. മാത്രമാണ്. കാട്ടുപോത്തിന്റെ കാര്യമെടുത്താൽ 32 മുതൽ 169 ച. കീ.മീ. വരെ ഭൂപ്രദേശം വേണ്ടിയിടത്തുള്ളത് വെറും 0.646 ച.കി.മീ. മാത്രം. വികസിത രാജ്യങ്ങളിൽ ചെയ്യുന്നതുപോലെ കൂടുതലുള്ള മൃഗങ്ങളെ പുനരധിവസിപ്പിക്കുകയോ, കൊല്ലുകയോ ചെയ്യുന്ന രീതി പിന്തുടരേണ്ടത് ആവശ്യമായി മാറിയിരിക്കുന്നു. പ്രകൃതിയുടെ ആവാസവ്യവസ്ഥയും താളവും നിലനിർത്താൻ ഇതുകൂടിയേ തീരു എന്ന് പഠനങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

### സംരക്ഷിക്കാൻ കൊല്ലുക

യുഎൻ നിയന്ത്രണത്തിലുള്ള Intergovernmental Science Policy Platform on Biodiversity and Ecosystem Services (IPBES) 2022 ജൂലൈയിൽ റിപ്പോർട്ടിൽ വന്യജീവികളുടെ സുസ്ഥിര ഉപയോഗമാണ് പ്രകൃതി സംരക്ഷണത്തിന് വേണ്ടതെന്നു അടിവരയിട്ടു പറയുന്നു. ഈ റിപ്പോർട്ടിനെ പൂർണ്ണമായും സ്വാംശീകരിക്കുന്ന പ്രയോഗമാണ് 'സംരക്ഷിക്കാൻ കൊല്ലുക' എന്നത്. ഈ റിപ്പോർട്ടുപ്രകാരം ലോകമെമ്പാടുമുള്ള കോടിക്കണക്കിന് ആളുകൾ ഭക്ഷണം, ഊർജ്ജം, മരുന്ന് എന്നിവയ്ക്കായി ഏകദേശം 50,000 വന്യജീവികളെ ആശ്രയിക്കുന്നു. ഏകദേശം 33,000 വർഗ്ഗ സസ്യങ്ങളും ഫംഗസുകളുമാണ്; 7,500 മത്സ്യങ്ങളും ജല അകശേരുക്കളും; 9,000 ഉഭയജീവികൾ, പ്രാണികൾ, ഉരഗങ്ങൾ, പക്ഷികൾ, സസ്തനികൾ എന്നിവയാണ്. ഇതിൽ പതിനായിരത്തിലധികം വർഗ്ഗങ്ങളെ മനുഷ്യർ ഭക്ഷണത്തിനായി ലോകമെമ്പാടും നേരിട്ട് ഉപയോഗിക്കുന്നു. ഭക്ഷ്യസുരക്ഷയും പോഷകാഹാരവും മെച്ചപ്പെടുത്തുന്നതിനൊപ്പം ജൈവവൈവിധ്യവും ആവാസവ്യവസ്ഥയുടെ പ്രവർത്തനങ്ങളും ദീർഘകാലത്തേക്ക് നിലനിർത്തുന്നതിന് വന്യജീവികളുടെ സുസ്ഥിരമായ ഉപയോഗം അടിസ്ഥാനപരമാണ്. ലോകത്തിലെ 70 ശതമാനം ദരിദ്രരും അതിജീവനത്തിനായി വന്യജീവികളെ നേരിട്ട് ആശ്രയിക്കുന്നു.

കാനഡയിൽ ഹിമക്കരടികളുടെ നിയന്ത്രിത വേട്ടയും അനുബന്ധകാര്യങ്ങളുംകൊണ്ട് നിരവധി കുടുംബങ്ങൾ ഉപജീവനം നടത്തുന്നു. ബ്രസീലിൽ പിരാരൂക് മീനുകളുടെ വളർത്തലും വിപണനവും മൂലം ഇവയുടെ എണ്ണം 9 ഇരട്ടി വർധിച്ചതായി പഠനങ്ങൾ പറയുന്നു. മെക്സിക്കോയിൽ വലിയ കൊമ്പുകളുള്ള ബിഗ് ഹോൺ ഷീപ്പുകളുടെ ട്രോഫി ഹണ്ടിങ് വഴി എണ്ണത്തിൽ വർദ്ധനയും രാജ്യത്തിന് പണവും ലഭിക്കുന്നു. ഒരു ട്രോഫി ഹണ്ടിങ്ങിനു 40,000 ഡോളറാണ് ഈടാക്കുന്നത്. ബൊളീവിയയിൽ വിക്യൂണ മാനുകളുടെ വേട്ട 1969 വരെ നിരോധിച്ചിരുന്നു. എന്നാൽ നിരോധനം നീക്കിയതുമൂലം ഇവയുടെ എണ്ണം 3000–ൽ നിന്ന് ഒന്നര ലക്ഷത്തിലധികമായി. പ്രധാനമായും ഇവയുടെ രോമമാണ് വിപണനം ചെയ്യുന്നത്. നാല്പത്തിനായിരത്തിലധികം ഡോളറിന്റെ വിനിമയമാണ് പ്രതിവർഷം നടക്കുന്നത്. ഇതുപോലെ തന്നെയാണ് താജിക്കിസ്ഥാനിലെ ഇബെക്സ്, മാർഖോർ ആടുകളുടെ ട്രോഫി ഹണ്ടിങ്ങും. നിയന്ത്രിതവേട്ടയിലൂടെയാണ് ഓസ്ട്രേലിയയിലെ സോൾട്ട് വാട്ടർ ക്രോക്കോടയിലുകളുടെയും ഈജിപ്തിലെ നൈൽ ക്രോക്കോടയിലുകളുടെയും എണ്ണം ആവാസ വ്യവസ്ഥയ്ക്കു ഹാനികരമാവാതെ നിർത്തുന്നത്.

### നഷ്ടമാവുന്ന ഇര – ഇരപിടിയ സന്തുലിതാവസ്ഥ

അനിയന്ത്രിതമായ എണ്ണപ്പെരുപ്പം മൂലം ഇന്ത്യയിലെ പല കടുവസങ്കേതങ്ങളിലും ഇരയും ഇര പിടിയരും തമ്മിലുള്ള സന്തുലിതാവസ്ഥ (പ്രേ–പ്രഡേറ്റർ ബാലൻസ്) പൂർണ്ണമായും നഷ്ടപ്പെട്ടിരിക്കുന്നതായി കാണാം. തെലങ്കാനയിലെ അംറാബാദ് കടുവസങ്കേതത്തിലും കാവൽ കടുവസങ്കേതത്തിലും മാനുകളെ 150–കിലോമീറ്ററോളം ദൂരെയുള്ള നെഹ്റു സുവോളോജിക്കൽ പാർക്കിൽ നിന്നും കക്കാട്ടിയ സുവോളോജിക്കൽ പാർക്കിൽ നിന്നുമാണ് ഇപ്പോൾ കൊണ്ടുവരുന്നത്. മഹാരാഷ്ട്രയിലും മധ്യപ്രദേശിലും കർണാടകയിലും ജാർഖണ്ഡിലും സമാന സ്ഥിതിയാണ്. ഒരു കടുവയ്ക്ക് ജീവിക്കാൻ 500 ഇര മൃഗങ്ങൾ ആവശ്യമാണെന്ന് ഗവേഷണങ്ങൾ പറയുന്നത്. ഇതിൽ കുറവുണ്ടാകുമ്പോൾ വളർത്തു മൃഗങ്ങളെയും മനുഷ്യരെയും ആക്രമിച്ചു കീഴ്പ്പെടുത്തി വിശപ്പടക്കാൻ നിർബന്ധിതരാകും. മറ്റു ജീവികളുടെ കാര്യത്തിലും ഇതു തന്നെ സംഭവിക്കാം. കൂടുതൽ വന്യമൃഗങ്ങൾ കാടിനു പുറത്തിറങ്ങുകയും ആൾനാശവും കൃഷിനാശവും ഉണ്ടാവുകയും ചെയ്യും.

ആഴത്തിലുള്ള പഠനങ്ങൾ നടത്തി പ്രായോഗികമായ ശുപാർശകൾ ഉൾക്കൊള്ളിച്ച് തദ്ദേശവാസികളുടെ പങ്കാളിത്തത്തോടെ നടപ്പാക്കിയാൽ മാത്രമേ കേരളത്തിലെ വന്യജീവി സംഘർഷം നിയന്ത്രിക്കാൻ സാധിക്കൂ. ഒരു പ്രദേശത്തെ ജനങ്ങളയാകെ ശത്രുക്കളാക്കി മാറ്റുന്ന നടപടികൾ വിപരീത ഫലം ഉണ്ടാക്കും.

*(പാലാ സെന്റ് തോമസ് കോളജിൽ പൊളിറ്റിക്കൽ സയൻസ് അസിസ്റ്റന്റ് പ്രൊഫസറാണ് ലേഖിക.)*

## 'സംരക്ഷിക്കാൻ കൊല്ലുക' ആഗോളതലത്തിൽ

എല്ലാ ഭൂഖണ്ഡങ്ങളിലും രാജ്യങ്ങളിലും വികസിതമോ വികസ്വരമോ ആകട്ടെ, മനുഷ്യ–വന്യജീവി സംഘർഷം സാധാരണമാണ് എന്ന് പഠനങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. ഇൻഷുറൻസ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹൈവേ സേഫ്റ്റിയുടെ കണക്കനുസരിച്ച്, അമേരിക്കയിൽ ഓരോ വർഷവും ഏകദേശം ഒന്നര ദശലക്ഷം മാൻ–വാഹന കൂട്ടിയിടികൾ ഉണ്ടാകുന്നു. ഇത് ഏകദേശം 150 മരണങ്ങൾക്കും ഒരു ബില്യൺ ഡോളറിന്റെ വാഹന നാശത്തിനും കാരണമാകുന്നു. ഫ്രാൻസിൽ കാട്ടുപന്നിയും മാനും മൂലമുള്ള കൃഷി നാശം ഏകദേശം 23 ദശലക്ഷം യൂറോയുടേതാണെന്നു 2007–ലെ പഠനങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. ഓസ്ട്രേലിയയിൽ കങ്കാരു ദേശീയമൃഗമാണെങ്കിലും ഒരു വർഷം ഏകദേശം ഒൻപത് ദശലക്ഷം കങ്കാരുക്കളെ കൊന്ന് വാണിജ്യ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു. സർക്കാരും വന്യജീവി വിദഗ്ധരും പറയുന്നത്, ചില ഇനം കംഗാരുക്കൾ സമൃദ്ധമാണ്, വരൾച്ചയുടെ കാലത്ത് പട്ടിണിയിൽ നിന്ന് ഭൂമിയെയും മറ്റ് തദ്ദേശീയ ജീവജാലങ്ങളെയും മൃഗങ്ങളെയും സംരക്ഷിക്കാൻ അവയെ പതിവായി നശിപ്പിക്കേണ്ടതുണ്ട് എന്നാണ്. സിംബാബ്‌വേയിലും കെനിയയിലും മാത്രം കൃഷിയുടെ 75 മുതൽ 90 ശതമാനം വരെ കാട്ടാനകൾ നശിപ്പിക്കുന്നു എന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്.

ആൽപ്സ്സിൽ ചെന്നായ്ക്കൾ കന്നുകാലികളെ ആക്രമിക്കുന്നത് വർദ്ധിച്ചതുകൊണ്ടാണ് സ്വിറ്റ്സർലൻഡിൽ ചെന്നായകളുടെ നിയന്ത്രണത്തിന് പാർലമെൻറ് അനുവാദം നൽകിയത്. ആൽപ്സ് പർവതനിരകളിൽ 200 ചെന്നായ്ക്കൾ മാത്രമാണുള്ളത് എന്നത് പ്രത്യേക ശ്രദ്ധ ആകർഷിക്കുന്നു. നിലവിലുള്ള നിയമനിർമ്മാണത്തിന് കീഴിൽ, ചെന്നായ ഒരു സംരക്ഷിത ഇനമാണ്, കാര്യമായ നാശനഷ്ടമോ ഗുരുതരമായ അപകടമോ സംഭവിച്ചാൽ മാത്രമേ അവയെ നിയന്ത്രിക്കാൻ കഴിയൂ എന്ന ചട്ടങ്ങൾ ഉപയോഗിച്ചാണ് സ്വിറ്റ്സർലൻഡ് ഈ തീരുമാനം എടുത്തത്. ചെന്നായ്ക്കളും മനുഷ്യരും തമ്മിലുള്ള വർദ്ധിച്ചുവരുന്ന 'സംഘർഷം' കാരണം ചെന്നായകളുടെ എണ്ണം പകുതിയായി കുറയ്ക്കാനാണ് സ്വീഡിഷ് സർക്കാർ 2022–ൽ ലക്ഷ്യമിട്ടത്. യൂറോപ്യൻ യൂണിയന്റെ ജൈവ വൈവിധ്യ നിർദ്ദേശങ്ങൾ ലംഘിച്ചേക്കാവുന്ന ഈ നീക്കത്തിലൂടെ നിലവിലെ ചെന്നായകളുടെ എണ്ണം പകുതിയോളം കുറയ്ക്കാനാണ് സ്വീഡിഷ് സർക്കാർ ഇതിലൂടെ ലക്ഷ്യമിട്ടത്.

മെക്സിക്കോ പോലുള്ള രാജ്യങ്ങളിൽ വർഷത്തിൽ കുറച്ചു കാലത്തേക്ക് വേട്ടയാടൽ അനുവദനീയമാണ്. ഫെബ്രുവരി മുതൽ മേയ് വരെ കാടുകളിലും നവംബർ മുതൽ ഫെബ്രുവരി വരെ പർവതപ്രദേശങ്ങളിലും മധ്യ, വടക്കൻ മേഖലകളിലും ട്രോഫി ഗെയിമിന്റെ ഭാഗമായി മൃഗങ്ങളെയും പക്ഷികളെയും നിയമപരമായി വേട്ടയാടാം. വേട്ടയാടപ്പെടുന്ന വന്യമൃഗങ്ങളുടെ ഭാഗങ്ങൾ സൂക്ഷിക്കുകയും ട്രോഫികളായി പ്രദർശിപ്പിക്കുകയും ചെയ്യുന്ന കായിക വേട്ടയുടെ ഒരു രൂപമാണ് ട്രോഫി ഹണ്ടിങ്. ട്രോഫി ഹണ്ടിങ് വിനോദസഞ്ചാര വിപണിയുടെ വലുപ്പം 2022–ൽ 369.6 മില്യൺ യുഎസ് ഡോളർ ആയിരുന്നു, 2023–നും 2030–നും ഇടയിൽ ഇത് 21.7% സംയുക്ത വാർഷിക വളർച്ചാ നിരക്ക് കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## താമരശ്ശേരി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

# അറിവിൻ നാളങ്ങൾക്ക് ഹൃദയപൂർവം...

## ചരിത്രവഴിയിലൂടെ...



ഫാ. ജോസഫ് വർഗീസ് പാലക്കാട്ട്
(കോർപ്പറേറ്റ് മാനേജർ)

മലബാറിൽ കുടിയേറിപ്പാർത്ത സുറിയാനി കത്തോലിക്കരുടെ ആത്മീയ പരിപാലനത്തിനായി 1953-ൽ തലശ്ശേരി രൂപത സ്ഥാപിതമാവുകയും പ്രഥമ രൂപതാദ്ധ്യക്ഷനായി അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവ് നിയമിക്കപ്പെടുകയും ചെയ്തു. രൂപതയിലെ വിവിധ ഇടവകകളുടെ കീഴിലായിരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യക്ഷമവും ഏകീകൃതവുമായ നടത്തിപ്പ് ഉറപ്പുവരുത്തുന്നതിനായി 1967-ൽ തലശ്ശേരി രൂപത കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി രൂപീകരിക്കപ്പെട്ടു. പ്രഥമ കോർപ്പറേറ്റ് മാനേജരായി ബഹു. ഫാ. സി.ജെ. വർക്കി നിയമിതനായി. 1972-ൽ അദ്ദേഹത്തിന്റെ പിൻഗാമിയായി ഫാ. മാത്യു എം. ചാലിൽ ചുമതലയേറ്റു. മാനന്തവാടി, താമരശ്ശേരി രൂപതകൾ രൂപംകൊണ്ടതോടെ തലശ്ശേരി കോർപ്പറേറ്റ് വിഭജിച്ച് 1980-ൽ മാനന്തവാടി കോർപ്പറേറ്റും 1987-ൽ താമരശ്ശേരി കോർപ്പറേറ്റും പ്രവർത്തനം ആരംഭിച്ചു.

താമരശ്ശേരി രൂപതയുടെ ആദ്യത്തെ കോർപ്പറേറ്റ് മാനേജർ ബഹു. ഫാ. അഗസ്റ്റിൻ മണക്കാട്ടുമറ്റമായിരുന്നു. തുടർന്ന് ഫാ. മാത്യു മറ്റക്കോട്ടിൽ, ഫാ. മാത്യു മാവേലി, ഫാ. ജോസഫ് കളരിക്കൽ, ഫാ. സെബാസ്റ്റ്യൻ പുരയിടത്തിൽ എന്നിവർ രൂപതാ കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ സാരഥികളായി സ്തുത്യർഹ സേവനം കാഴ്ചവെച്ചു. 1987-ൽ 41 സ്കൂളുകളുമായി പ്രവർത്തനം ആരംഭിച്ച ഈ കോർപ്പറേറ്റിനു കീഴിൽ നിലവിൽ 12 ഹയർ സെക്കണ്ടറി സ്കൂളുകളും 20 ഹൈസ്കൂളുകളും 22 യു.പി. സ്കൂളുകളും 20 എൽ.പി. സ്കൂളുകളും അടക്കം 74 സ്കൂളുകൾ വിജയകരമായി പ്രവർത്തിക്കുന്നുണ്ട്. മൂല്യാധിഷ്ഠിതവും മാതൃകാപരവുമായ പ്രവർത്തനങ്ങളിലൂടെ അധ്യാപക-അനധ്യാപക സമൂഹത്തിന്റെയും രക്ഷിതാക്കൾ, വിദ്യാഭ്യാസ വകുപ്പധികാരികൾ എന്നിവരുടെയും സഹകരണത്തോടെ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഭാവി തലമുറയ്ക്ക് പ്രദാനം ചെയ്യുന്നതിന് കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി പ്രതിജ്ഞാബദ്ധമാണ്.

പേജ് 10-ൽ തുടരുന്നു

## ആശംസകൾ

താമരശേരി കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ ആഭിമുഖ്യത്തിൽ പുല്ലൂരാംപാറ ബഥാനിയായിൽ വച്ച് അധ്യാപക സംഗമവും വിരമിക്കുന്ന ജീവനക്കാർക്കുള്ള യാത്രയയപ്പും സംഘടിപ്പിച്ചതിൽ അതിയായ സന്തോഷമുണ്ട്.

മൂല്യബോധമുള്ള പുതുതലമുറയെ രൂപപ്പെടുത്തുന്ന വിദ്യാഭ്യാസ സംസ്കൃതി മെനയുന്നതിൽ അധ്യാപകരുടെ പങ്ക് ഏറെ പ്രസക്തവും വിസ്മരിക്കാനാകാത്തതുമാണ്. അക്ഷരവും അറിവും പകരുക മാത്രമല്ല അധ്യാപക ദൗത്യം. അറിവ് പ്രാവർത്തികമാക്കുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുകകൂടി വേണം. അവനവനോ അപരനോ സമൂഹനന്മയ്ക്കോ ഉപകരിക്കാനാകുന്നില്ലെങ്കിൽ അറിവ് കൊണ്ട് എന്ത് മേന്മയാണുള്ളത്. ഉപയോഗിക്കുന്നില്ലെങ്കിൽ അറിവ് ക്രമേണ നശിച്ചില്ലാതാകും.

ഉപയോഗിക്കാനാകില്ലെങ്കിൽ അറിവ് വിവരങ്ങളുടെ ശേഖരം മാത്രമാകും. നന്മ നിറഞ്ഞ മനസ്സോടെ സകലതിനെയും ചേർത്ത് നിർത്തി മുന്നിൽ നിന്ന് നയിക്കാനാകുമ്പോഴാണ് നാം നേടുന്ന അറിവ് അർത്ഥവത്താകുന്നത്.

പകരുന്ന അറിവ് കുഞ്ഞുങ്ങളുടെ ജീവിതത്തിൽ ഫലവത്താക്കാനുള്ള ഒരുക്കവും പരിശീലനവും നൽകാൻ അധ്യാപകർക്ക് കഴിയണം. അതിനുതകുന്ന ഗുരുശിഷ്യബന്ധം വളർത്തേണ്ടതുണ്ട്. അധികാരം കൊണ്ടോ ശിക്ഷണം കൊണ്ടോ ഭയപ്പെടുത്തി നേടുന്ന ബന്ധമാകരുത്, സ്നേഹവും കരുതലും നൽകി വളർത്തിയെടുക്കുന്ന ബന്ധമാണ് നാം രുപപ്പെടുത്തേണ്ടത്. പുരോഗതിയിൽ നിന്ന് പുരോഗതിയിലേയ്ക്ക് കുതിച്ച് അതിവേഗം മാറുകയാണ് ലോകം. ഒപ്പത്തിനൊപ്പം മൂല്യശോഷണവുമുണ്ടാകുന്നുണ്ട്.

മാറുന്ന ലോകത്ത് മാറ്റമില്ലാതെ കാത്തുവയ്ക്കേണ്ടത് മാനുഷിക മൂല്യങ്ങളാണ്. കുഞ്ഞുങ്ങളിൽ സ്നേഹം, കുരുണ, ദയ, ക്ഷമ, എളിമ, വിനയം, സൗമ്യത തുടങ്ങിയ മൂല്യങ്ങൾ വളർത്തിയെടുക്കാൻ അധ്യാപകനു കഴിയണം. ശാസിക്കാനോ ശിക്ഷണം കൊടുക്കാനോ പരിമിതികൾ ഉണ്ടെന്നറിയാം. എങ്കിലും കൈവിടാതെ നാം കാവൽക്കാരാകണം.

അറിവും ഒപ്പം ബോധജ്ഞാനവും നിറഞ്ഞ യുവതയെ രൂപപ്പെടുത്തി സംസ്കാര സമ്പന്നമായ രാഷ്ട്ര നിർമ്മിതിയിൽ പങ്കാളികളാകാൻ നിങ്ങളേവർക്കും കഴിയട്ടെ. നിങ്ങളുടെ നാളിതുവരെയുള്ള കഠിന പരിശ്രമങ്ങൾമൂലം നമ്മുടെ വിദ്യാലയങ്ങളിൽ ഒന്നു പോലും വിട്ടുപോകാതെ വർഷങ്ങളായി 100 ശതമാനം വിജയം നേടുന്നുണ്ട്. സ്കൂളുകളുടെ അക്കാദമിക മികവിൽ നമുക്കഭിമാനിക്കാം. സ്കൂളുകളിലെ എല്ലാ പ്രധാനധ്യാപകരുടെയും അധ്യാപകരുടെയും അനധ്യാപകരുടെയും തികഞ്ഞ സഹകരണമാണ് വിദ്യാലയങ്ങളുടെ മികച്ച നേട്ടത്തിന് നിദാനമാകുന്നത്. എല്ലാവരെയും നന്ദി അറിയിക്കുന്നു. സമയാസമയത്ത് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയും വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മനോഹരമായൊരുക്കിയും ചേർന്ന് നിന്ന് നമ്മുടെ വിദ്യാലങ്ങളുടെ പ്രവർത്തനങ്ങളെ അതിമനോഹരമായി ഏകോപിപ്പിച്ച് കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയെ നയിച്ചുകൊണ്ടിരിക്കുന്ന ബഹു. ജോസഫ് വർഗ്ഗീസ് അച്ചന് നന്ദിയോടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു. ദീർഘനാളത്തെ സേവനത്തിനു ശേഷം വിരമിക്കുന്ന എല്ലാ അധ്യാപക അനധ്യാപകർക്കും തുടർന്നുള്ള വിശ്രമ ജീവിതത്തിൽ ആയുരാരോഗ്യ സൗഖ്യവും ശാന്തിയുമുണ്ടാകട്ടെയെന്നാശംസിക്കുന്നു. എല്ലാവർക്കും നിറഞ്ഞ സ്നേഹത്തോടെ നന്ദിയോടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.



മാർ റെമീജിയോസ് ഇഞ്ചനാനിയിൽ
(താമരശ്ശേരി രൂപതയുടെ മെത്രാൻ)



താമരശ്ശേരി രൂപതയുടെ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ നിന്ന് ഈ വർഷം വിരമിക്കുന്നവർ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ, കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് വർഗീസ് പാലക്കാട്ട് എന്നിവരോടൊപ്പം പുല്ലൂരാംപാറ ബഥാനിയായിൽ നടന്ന ചടങ്ങിൽ



താമരശ്ശേരി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി പുല്ലൂരാംപാറ ബഥാനിയായിൽ സംഘടിപ്പിച്ച വിദ്യാഭ്യാസ സംഗമവും യാത്രയയപ്പും ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്യുന്നു. കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് വർഗീസ് പാലക്കാട്ട് സമീപം

# ചരിത്രവഴിയിലൂടെ...


▸ *പേജ് ഒമ്പതിൽ നിന്നു തുടർച്ച*

കോർപ്പറേറ്റ് മാനേജ്മെന്റിന്റെ നയപരിപാടികൾ ആവിഷ്ക്കരിക്കുന്നതിനും ഭരണപരമായ കാര്യങ്ങളിൽ സഹായിക്കുന്നതിനുമായി വിദ്യാഭ്യാസ വിദഗ്ധരുൾപ്പെടുന്ന അഡ്വൈസറി ബോർഡിനെയും ഉദ്യോഗാർത്ഥികളിൽനിന്നും സ്വഭാവശുദ്ധിയും ഗുണമേന്മയും കാര്യശേഷിയുമുള്ള അധ്യാപകരെ തിരഞ്ഞെടുക്കുന്നതിനായി ഒരു ഇന്റർവ്യൂ ബോർഡിനെയും അഭിവന്ദ്യ രൂപതാദ്ധ്യക്ഷൻ നിയോഗിച്ചിട്ടുണ്ട്. എഡ്യുക്കേഷണൽ ട്രസ്റ്റ് ഓഫ് ഡയസിസ് ഓഫ് താമരശ്ശേരി എന്ന രജിസ്റ്റേർഡ് ട്രസ്റ്റാണ് കോർപ്പറേറ്റ് സ്കൂളുകളുടെ അടിസ്ഥാനവികസന പ്രവർത്തനങ്ങൾ നിയന്ത്രിക്കുകയും നടപ്പിൽ വരുത്തുകയും ചെയ്യുന്നത്. അഭിവന്ദ്യ രൂപതാദ്ധ്യക്ഷന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ട്രസ്റ്റിന്റെ പ്രസിഡണ്ട് ബഹു. വികാരി ജനറാളച്ചനാണ്. കോർപ്പറേറ്റ് മാനേജർ, രൂപതാചാൻസലർ, രൂപതാ ഫിനാൻസ് ഓഫീസർ എന്നിവർ ട്രസ്റ്റ് അംഗങ്ങളുമാണ്. നമ്മുടെ കോർപ്പറേറ്റിലെ മുഴുവൻ സ്കൂളുകൾക്കും ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷൻ ന്യൂനപക്ഷ പദവി അനുവദിച്ച് നൽകിയിട്ടുണ്ട്. ഏതൊരു പൊതുവിദ്യാലയത്തിനും മാതൃകയാക്കാൻ കഴിയുന്നവിധം അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ശിശുസൗഹൃദ ഭൗതിക സാഹചര്യങ്ങൾ മുഴുവൻ സ്കൂളുകളിലും ലഭ്യമാക്കുന്നതിനുള്ള യത്നത്തിലാണ് കോർപ്പറേറ്റ് മാനേജ്മെന്റ്. ഈ വർഷം മുഴുവൻ കോർപ്പറേറ്റ് സ്കൂളുകളിലും ഏറ്റവും മികച്ച ആധുനിക കെട്ടിട സൗകര്യങ്ങൾ ഒരുക്കണമെന്ന അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ ആഗ്രഹം ഫലപ്രാപ്തിയിൽ എത്തുകയാണ്. സെന്റ് ജോർജ് ഹൈസ്കൂൾ വിലങ്ങാട്, സെന്റ് ആന്റണീസ് ഹൈസ്കൂൾ കണ്ണോത്ത്, സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ കൂടരഞ്ഞി, സെന്റ് ജോർജ് ഹൈസ്കൂൾ കുളത്തുവയൽ, സെന്റ് സെബാസ്റ്റ്യൻസ് എൽ.പി. സ്കൂൾ കൂടരഞ്ഞി, സെന്റ് ജോൺസ് ഹൈസ്കൂൾ നെല്ലിപ്പൊയിൽ, സെന്റ് മേരീസ് ഹൈസ്കൂൾ കക്കാടംപൊയിൽ, നസ്രത്ത് എൽ.പി.സ്കൂൾ മുത്തോറ്റിക്കൽ, സെന്റ് ജോസഫ്സ് എൽ.പി.സ്കൂൾ പന്തല്ലൂർ എന്നീ സ്കൂളുകളുടെ ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിട നിർമ്മാണം കഴിഞ്ഞ വർഷങ്ങളിൽ പൂർത്തീകരിക്കുകയുണ്ടായി. കൂടാതെ, കണ്ണോത്ത് ഹൈസ്കൂളിലെയും കരിങ്ങാട് എൽ.പി. സ്കൂളിലേയും പഴയ സ്കൂൾ കെട്ടിടങ്ങൾ നവീകരിക്കുകയും ചെയ്തു.

അക്കാദമിക രംഗത്തും കലാകായിക രംഗങ്ങളിലും മികവാർന്ന പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിൽ കോർപ്പറേറ്റ് സ്കൂളുകൾ ഏറെ മുന്നിട്ട് നിൽക്കുന്നു. എസ്.എസ്.എൽ.സി., പ്ലസ് ടു, എൽ.എസ്.എസ്., യു.എസ്.എസ്. പരീക്ഷകളിൽ തിളക്കമാർന്ന വിജയം കൈവരിക്കാൻ നമ്മുടെ സ്കൂളുകൾക്ക് കഴിയുന്നുണ്ട്. പഠിതാക്കളിൽ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനായി ഈ വർഷം നടത്തിയ 'ടാലൻഷിയ 1.0' മെഗാക്വിസ് മത്സരം വൻവിജയമായിരുന്നു. പഠനമികവ്, അച്ചടക്കം, മൂല്യാധിഷ്ഠിത വ്യക്തിത്വവികസനം, സർഗ്ഗശേഷി വികാസം എന്നീ രംഗങ്ങളിൽ പുതിയ അദ്ധ്യായം രചിക്കാനുള്ള സംഘയത്നത്തിൽ ഏർപ്പെട്ടിരിക്കുന്ന കോർപ്പറേറ്റ് സ്കൂളുകളിലെ മാനേജർ അച്ചന്മാർ, പ്രധാനധ്യാപകർ, അധ്യാപക-അനധ്യാപക ജീവനക്കാർ, രക്ഷിതാക്കൾ, വിദ്യാർത്ഥികൾ എന്നിവരെ നന്ദിയോടെ സ്മരിക്കുകയും എല്ലാ വിജയങ്ങളും നേരുകയും ചെയ്യുന്നു. നിർധന വിദ്യാർത്ഥികൾക്ക് ഉപരിപഠന സഹായം നൽകുന്ന 'കോർഡിയ', സ്കൂളുകളുടെ ഭൗതിക സൗകര്യവികസനത്തിന് കൈത്താങ്ങായ 'ഗുരുനിധി', കോർപ്പറേറ്റ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ചികിത്സ സഹായം നൽകുന്ന 'അൽഫോൻസ സ്നേഹനിധി' എന്നിവ കോർപ്പറേറ്റ് സ്കൂളുകളിലെ ജീവനക്കാരുടെ സാമൂഹ്യ പ്രതിബദ്ധതയുടെ നേർസാക്ഷ്യങ്ങളാണ്.

പതിറ്റാണ്ടുകൾ നീണ്ട ഔദ്യോഗിക ജീവിതത്തിനുശേഷം സ്ഥാപനമേലധികാരികളായ 13 പ്രധാനധ്യാപകരും 25 അധ്യാപകരും 6 ഓഫീസ് ജീവനക്കാരും ഉൾപ്പടെ 44 പേർ ഈ വർഷം സർവ്വീസിൽനിന്നും വിരമിക്കുകയാണ്. അവരുടെ സ്തുത്യർഹ സേവനത്തിന് ഹൃദയത്തിന്റെ ഭാഷയിൽ നന്ദി പ്രകാശിപ്പിക്കുകയും എല്ലാവിധ ആയുരാരോഗ്യസൗഖ്യങ്ങളും മംഗളങ്ങളും നേരുകയും ചെയ്യുന്നു.

## കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ മുൻ മാനേജർമാർ



ഫാ. അഗസ്റ്റിൻ മണക്കാട്ടുമറ്റം



ഫാ. മാത്യു മറ്റക്കോട്ടിൽ



ഫാ. മാത്യു മാവേലി



ഫാ. ജോസഫ് കളരിക്കൽ



ഫാ. സെബാസ്റ്റ്യൻ പുരയിടത്തിൽ

## ആശംസകൾ



**മോൺ. അബ്രാഹം വയലിൽ**
(വികാരി ജനറൽ, താമരശ്ശേരി രൂപത)

താമരശേരി കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി അധ്യാപക സംഗമവും വിരമിക്കുന്ന അധ്യാപക, അനധ്യാപകർക്കുള്ള യാത്രയയപ്പും സംഘടിപ്പിച്ചതിൽ അതിയായ സന്തോഷമറിയിക്കട്ടെ. പിന്നിലാക്കപ്പെടുന്നവർക്കുവേണ്ടി, ചാപല്യങ്ങളിൽപ്പെട്ട് തകരുന്നവർക്ക് വേണ്ടി, തകർന്നടിയുന്ന തകർക്കപ്പെടുന്ന സംസ്കാരങ്ങളുടെ പുനരേകീകരണത്തിനുവേണ്ടി, മുന്നിൽ നിന്ന് പോരാടുന്നവരാണ് അധ്യാപകർ. പതിരുമാറ്റി ഫലം മാത്രം ശേഖരിക്കുന്നവരായി നല്ലതുമാത്രം ചിന്തിച്ച്, നന്മമാത്രം ചെയ്ത് ഉയരങ്ങളിലേയ്ക്ക് ചുവടുവയ്ക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കണം. വിരൽതുമ്പിൽ വിസ്മയം തീർക്കുന്ന കാലത്തിലൂടെയാണ് നമ്മുടെ സഞ്ചാരം. ശാസ്ത്ര സാങ്കേതിക വിദ്യകളുടെ അതിപ്രസരത്തിൽ ഉപജീവനം തേടുന്നവരാണ് നാം. ശാസ്ത്രവും വിവരസങ്കേതികതയും വളർന്ന് ലോകം ഒരു ഗ്ലോബൽ വില്ലേജായിമാറിക്കഴിഞ്ഞു. കാലത്തിന്റെ തിരക്കിൽപ്പെട്ട് കിതയ്ക്കുകയാണ് നമ്മൾ. എഐ യുഗത്തിലേയ്ക്ക് കുതിയ്ക്കുകയാണ് ശാസ്ത്ര ലോകം. എഐ അധ്യാപകനെ ഓപ്പറേറ്റു ചെയ്യുന്ന ഓപ്പറേറ്ററായി അധ്യാപകൻ മാറുന്ന കാലം വിദൂരത്തല്ല. എല്ലാം വരട്ടെ, വളരട്ടെ ലോകനന്മയ്ക്കാകണമെന്നേ നമുക്കാശയുള്ളൂ. മനുഷ്യനെ മനുഷ്യനാകാൻ പഠിപ്പിക്കാത്ത ശാസ്ത്രം കൊണ്ട് എന്ത് നേട്ടമാണുള്ളത്? അവനവനെപ്പോലെ തന്നെ അപരനെ കാണാനും സ്നേഹിക്കാനും പഠിപ്പിക്കാത്ത വിദ്യാഭ്യാസത്തിന് പ്രസക്തിയില്ല. സമത്വചിന്തയും സമഭാവനയുമുള്ളവരായി വിദ്യാർത്ഥികളെ രൂപപ്പെടുത്തിയെടുക്കാൻ അധ്യാപകർക്കാകട്ടെ. സ്തുത്യർഹമായ സേവനത്തിനു ശേഷം വിരമിക്കുന്ന എല്ലാ അധ്യാപക അനധ്യാപകരുടെയും തുടർന്നുള്ള വിശ്രമജീവിതം ഐശ്വര്യസമ്പന്നമാകട്ടെയെന്നാശംസിക്കുന്നു.

## കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകൾ

### ഹയർ സെക്കൻഡറി സ്കൂളുകൾ

1. സെന്റ് മേരീസ് HSS കല്ലാനോട് 2. ഹോളി ഫാമിലി HSS കട്ടിപ്പാറ 3. സെന്റ് സെബാസ്റ്റ്യൻസ് HSS കൂടരഞ്ഞി 4. സെന്റ് ജോർജ് HSS കുളത്തുവയൽ 5. സെന്റ് മേരീസ് HSS മരുതോങ്കര 6. സേക്രട്ട് ഹാർട്ട് HSS തിരുവമ്പാടി 7. സെന്റ് ജോസഫ്സ് HSS കോടഞ്ചേരി 8. സെന്റ് ജോസഫസ് HSS പുല്ലൂരാംപാറ 9. ഹോളി ഫാമിലി HSS വേനപ്പാറ 10. സെന്റ് തോമസ് HSS കൂരാച്ചുണ്ട് 11. ഹോളി ഫാമിലി HSS പടത്തുകടവ് 12. സെന്റ് തോമസ് HSS തോട്ടുമുക്കം.

### ഹൈസ്കൂളുകൾ

1. സെന്റ് ജോസഫ്സ് HS ചെമ്പനോട 2. സെന്റ് മേരീസ് HS കക്കാടംപൊയിൽ 3. സെന്റ് മേരീസ് HS കല്ലാനോട് 4. സെന്റ് ആന്റണീസ് HS കണ്ണോത്ത് 5. ഹോളി ഫാമിലി HS കട്ടിപ്പാറ 6. സെന്റ് ജോസഫ്സ് HS കോടഞ്ചേരി 7. സെന്റ് സെബാസ്റ്റ്യൻസ് HS കൂടരഞ്ഞി 8. സെന്റ് തോമസ് HS കൂരാച്ചുണ്ട് 9. സെന്റ് ജോർജ് HS കുളത്തുവയൽ 10. പി. ടി. ചാക്കോ മെമ്മോറിയൽ HS കുണ്ടുതോട് 11. സെന്റ് ജോൺസ് HS നെല്ലിപൊയിൽ 12. ഹോളി ഫാമിലി HS പടത്തുകടവ് 13. സെന്റ് ജോസഫ്സ് HS പുല്ലൂരാംപാറ 14. സെന്റ് സെബാസ്റ്റ്യൻസ് HS പുന്നയ്ക്കൽ 15. സേക്രട്ട് ഹാർട്ട് HS തിരുവമ്പാടി 16. സെന്റ് തോമസ് HS തോട്ടുമുക്കം 17. സെന്റ് ജോർജ് HS വിലങ്ങാട് 18. മേരിഗിരി HS മരഞ്ചാട്ടി 19. സെന്റ് മേരീസ് HS മരുതോങ്കര 20. ഹോളി ഫാമിലി HS വേനപ്പാറ

### യുപി സ്കൂളുകൾ

1. സെന്റ് മേരീസ് UPS ആനക്കാംപൊയിൽ 2. നിർമ്മല UPS ചമൽ 3. സെന്റ് ജോസഫ്സ് UPS ചെമ്പനോട 4. ഹോളി ഫാമിലി UPS ചങ്ങരോത്ത് 5. സെന്റ് തോമസ് UPS കല്ലുരുട്ടി 6. സെന്റ് ആന്റണീസ് UPS കണ്ണോത്ത് 7. നസ്രത്ത് UPS കട്ടിപ്പാറ 8. നിർമ്മല UPS കാറ്റുള്ളമല 9. സെന്റ് തോമസ് UPS കൂരാച്ചുണ്ട് 10. വിമല UPS മഞ്ഞുവയൽ 11. സെന്റ് ജോസഫ്സ് UPS മൈലെള്ളാംപാറ 12. വിദ്യാജ്യോതി UPS നെന്മേനി 13. ഫാത്തിമ UPS മരിയാപുരം 14. ലിറ്റിൽ ഫ്ളവർ UPS പശുക്കടവ് 15. ഫാത്തിമ AUPS പെരുവണ്ണാമുഴി 16. ഐ.സി. UPS പൂഴിത്തോട് 17. സെന്റ് ജോസഫ്സ് UPS പുല്ലൂരാംപാറ 18. ലിറ്റിൽ ഫ്ളവർ UPS പുഷ്പഗിരി 19. സെന്റ് തോമസ് UPS തെയ്യപ്പാറ 20. സേക്രട്ട് ഹാർട്ട് UPS തിരുവമ്പാടി 21. ലിറ്റിൽ ഫ്ളവർ UPS വേനപ്പാറ 22. എം. എ. എം. UPS വിളക്കാംതോട്

### എൽ പി സ്കൂളുകൾ

1. സെന്റ് തോമസ് LPS ആനക്കുളം 2. സെന്റ് ആന്റണീസ് LPS ചക്കിട്ടപ്പാറ 3. സെന്റ് മേരീസ് LPS കല്ലാനോട് 4. സെന്റ് മേരീസ് LPS കരിങ്ങാട് 5. സെന്റ് ജോസഫ്സ് LPS കോടഞ്ചേരി 6. സെന്റ് സെബാസ്റ്റ്യൻസ് LPS കൂടരഞ്ഞി 7. സെന്റ് ജോസഫ്സ് LPS കൂടത്തായി 8. സെന്റ് ജോർജ് LPS കുളത്തുവയൽ 9. സെന്റ് ജോസഫ്സ് LPS മാലാപറമ്പ് 10. സെന്റ് മേരീസ് LPS മരുതോങ്കര 11. സെന്റ് സെബാസ്റ്റ്യൻസ് LPS മുത്തപ്പൻപുഴ 12. നസ്രത്ത് LPS മുത്തോറ്റിക്കൽ, കട്ടിപ്പാറ 13. പുഷ്പ LPS നരിനട 14. സെന്റ് തോമസ് LPS നീലേശ്വരം 15. സെന്റ് ജോസഫ്സ് LPS പന്തല്ലൂർ 16. സെന്റ് ജോസഫ്സ് LPS പൂതംപാറ 17. ലിറ്റിൽ ഫ്ളവർ LPS പുഷ്പഗിരി 18. ALPS തലയാട് 19. ഫാത്തിമ മാതാ LPS തേക്കുംകുറ്റി 20. എം.എ.എം. LPS വിളക്കാംതോട്

# കോർപ്പറേറ്റ് സ്കൂളുകളിൽ നിന്നും ഇവർ വിരമിക്കുന്നു

## പ്രധാനാധ്യാപകർ



**ലീന വർഗ്ഗീസ് സി.** വേനപ്പാറ HSS
**ബോബി ജോർജ്** കൂടരഞ്ഞി HSS
**ആന്റണി കെ. ജെ.** പുല്ലൂരാംപാറ HSS
**ജേക്കബ് കെ. വി.** മരുതോങ്കര HSS
**സജി ജോസഫ് കെ.** മരുതോങ്കര HS
**ഷാജി പി.ജെ.** കക്കാടംപൊയിൽ HS
**ജോസ് പി. എ.** കണ്ണോത്ത് UPS
**ഷീല ജോസഫ്** പരിയാപുരം UPS

## പ്രധാനാധ്യാപകർ



**ജെസി കെ. യു.** പുഷ്പഗിരി UPS
**സജി അഗസ്റ്റിൻ എം.** കല്ലാനോട് LPS
**ബാസിലി വടക്കുട്ട്** കരിങ്ങാട് LPS
**റോജ കാപ്പൻ** വിളക്കാംതോട് LPS
**ഫിലോമിന പി.ജെ.** പുഷ്പഗിരി LPS

## HSST



**റോബി തോമസ്** തിരുവമ്പാടി HSS

## ഹൈസ്കൂൾ അധ്യാപകർ



**ജിബി ജോസ്** തിരുവമ്പാടി HS
**പ്രസീത സി.** കട്ടിപ്പാറ HS

## ഹൈസ്കൂൾ അധ്യാപകർ



**മിനി ജോസഫ്** തിരുവമ്പാടി HS
**ബീന ജോർജ്** നെല്ലിപ്പൊയിൽ HS
**ലാലി ജേക്കബ്** തിരുവമ്പാടി HS
**സുബി അബ്രഹാം** കോടഞ്ചേരി HS
**ട്രോയമ്മ വി.** തിരുവമ്പാടി HS
**മിനി ജോസഫ്** കുണ്ടുതോട് HS
**സി. ഫിലോമിന തോമസ്** മരുതോങ്കര HS
**സി. ഓമന പി. ജെ.** കൂരാച്ചുണ്ട് HS

## ഹൈസ്കൂൾ അധ്യാപകർ



**ബീന പോൾ** പുല്ലൂരാംപാറ HS
**ആൻസി സി.** കൂരാച്ചുണ്ട് HS
**ജോബിച്ചൻ കെ. മാത്യു** പടത്തുകടവ് HS
**സൈനബ പി.** കട്ടിപ്പാറ HS
**ജോളി തോമസ്** പുല്ലൂരാംപാറ HS
**ബീന ജേക്കബ്** കണ്ണോത്ത് HS

## പ്രൈമറി വിഭാഗം അധ്യാപകർ



**ജാൻസി വർഗ്ഗീസ് എൻ.** തിരുവമ്പാടി UPS
**എൽസമ്മ അഗസ്റ്റിൻ** പുല്ലൂരാംപാറ UPS

## പ്രൈമറി വിഭാഗം അധ്യാപകർ



**ലിസിമോൾ ഡൊമിനിക്** പരിയാപുരം UPS
**സെലിൻ വി. എ.** കണ്ണോത്ത് UPS
**ജെയ്മോൾ ജോസഫ്** കൂടരഞ്ഞി LPS
**സി. സിസിമോൾ ജോസഫ്** വിളക്കാംതോട് LPS
**സിജി ഇ. കെ.** കല്ലുരുട്ടി UPS
**ഷീല ബി.** മൈലെള്ളാംപാറ UPS

## അനധ്യാപകർ



**മാത്യു ജോർജ്** വിലങ്ങാട് HS
**ജോൺസൺ ആന്റണി** പടത്തുകടവ് HS
**റോയ് ആഗസ്തി** തിരുവമ്പാടി HSS
**ബെന്നി കെ. കെ.** മരഞ്ചാട്ടി HS
**വിൽസൺ ആന്റണി** വിലങ്ങാട് HS
**ജോൺസൺ റ്റി.വി.** കുണ്ടുതോട് HS

THE CORPORATE EDUCATIONAL AGENCY

Bishop's House,
P.B. No. 1, Thamarassery P. O.
Calicut - 673573

Phone: 0495 2225617

Email: dotedn@gmail.com
www.corporateschoolstsy.org



ബഥാനിയായിൽ നടന്ന വിദ്യാഭ്യാസ സംഗമം...

# മാസമറിഞ്ഞ് കൃഷി തുടങ്ങാം

**ഓരോ മാസവും ഓരോ കാലാവസ്ഥയാണു കേരളത്തിൽ. ചൂടും തണുപ്പും മഴയും വെയിലുമൊക്കെ ഓരോ മാസവും മാറി മാറി വരുന്നു. എങ്കിലും പൊതുവെ ഓരോ മാസവും ചെയ്യാവുന്ന കൃഷികളുണ്ട്. അവയെ പരിചയപ്പെടാം**

## കൃഷിപാഠം

ജെകെവി

### മാർച്ച്
**വെള്ളരി**

നട്ട് ഒന്നര മാസം ആകുമ്പോഴേക്കും വെള്ളരി വിളവെടുക്കാം. വിത്ത് മുളപ്പിച്ച ശേഷം പറിച്ചു നടുന്നതാണ് നല്ലത്. 15 സെന്റിമീറ്റർ വീതിയിൽ തടമെടുത്തു ചാണകപ്പൊടി, കോഴിവളം, എന്നിവ അടിവളമായി ചേർക്കുക. കാന്താരി, ഇഞ്ചി, എന്നിവ അരച്ച് സോപ്പ് ലായനിയിൽ ചേർത്ത് തളിച്ചാൽ കീടശല്യം ഇല്ലാതാക്കാം.

### ഏപ്രിൽ
**ഇഞ്ചി, മഞ്ഞൾ, കുരുമുളക്.**

വേനൽമഴ മണ്ണിനെ നനക്കുന്നതോടെ ഇഞ്ചിയും മഞ്ഞളും കൃഷിചെയ്യാം. ചാണകപ്പൊടിയും ഉണങ്ങിയ ഇലകളും നിറച്ചു മൺകൂനയെടുത്താണ് ഇഞ്ചിയും മഞ്ഞളും നടേണ്ടത്. പൊതുവെ കീടശല്യം കുറവാണു. മഴ പെയ്യുന്നതോടെ പച്ചച്ചാണകമിട്ട് മണ്ണിടുന്നത് നല്ലതാണ്. കുരുമുളകും ആദ്യമഴയോടെ ആണ് നടേണ്ടത്. ഏപ്രിൽ പകുതിയോടെ വയൽ ഉഴുതിട്ട് നെല്ല് വിതക്കാം.

### മേയ്
**കാച്ചിൽ, നനക്കിഴങ്ങ്, വാഴ**

അര മീറ്റർ ആഴത്തിലും വീതിയിലും കുഴി എടുത്ത് അതിൽ രണ്ട് കിലോ ചാണകപ്പൊടി നിറക്കുക. ഇതോടൊപ്പം ചാരവും ചേർത്ത് കൊടുക്കുന്നത് നല്ലതാണ്. ഇതിനു മുകളിൽ മണ്ണിട്ടു വേണം കാച്ചിൽ നടുവാൻ. മഴ പെയ്യുന്നതോടെ കമ്പുനാട്ടി വള്ളി പടർത്തിക്കൊടുക്കണം. ഇടയ്ക്കിടെ മഴ ലഭിക്കുന്നതോടെ നനകിഴങ്ങും കൂനയെടുത്തു നടാം. ചാണകപ്പൊടി തന്നെയാണ് അടിവളമായി ചേർക്കേണ്ടത്.

### ജൂൺ
**വഴുതന, പച്ചമുളക്, വെണ്ട**

മഴ തുടങ്ങുന്നതോടെ ചെയ്യാവുന്ന കൃഷിയാണ്. വേനൽകാലത്തു തടമെടുത്താണെങ്കിൽ മൺകൂന കൂട്ടിയാണ് കൃഷി ചെയ്യേണ്ടത്. വെള്ളം കെട്ടിനിന്ന് ചെടി ചീഞ്ഞു പോകാതിരിക്കാനാണത്. വഴുതന, വെണ്ട, പച്ചമുളക്, എന്നിവയിൽ മഴക്കാലത്തു കീടശല്യം മറ്റു പച്ചക്കറികളെ അപേക്ഷിച്ചു കുറവായിരിക്കും വേനൽക്കാലത്ത് ലഭിക്കുന്നത്ര വിളവ് ഉണ്ടാകില്ല.

### ജൂലൈ
**പയർ, ചോളം, മുത്താറി**

മഴ ശക്തമാകുന്നതോടെ ചെയ്യാവുന്ന കൃഷിയാണ്. പറമ്പ് ഉഴുതു, ചാരം വിതറി പയറും, ചോളവും, മുത്താറിയും വിതറാം. ഒന്നര മാസം കൊണ്ട് പയർ കായ്ച്ചുതുടങ്ങും. കീടശല്യം അകറ്റാൻ ചൂടുള്ള ചാരം വിതറുക.

### ഓഗസ്റ്റ്
**വാഴ, ചോളം**

വേനൽക്കാലത്തു ജലസേചനമുള്ള സ്ഥലത്ത് നേന്ത്രവാഴ നടാം. വയൽപ്രദേശത്താണെങ്കിൽ അര മീറ്റർ ഉയരത്തിൽ കൂനയെടുത്തും കര പ്രദേശത്തു ഒരു മീറ്റർ ആഴത്തിലുമാണ് വാഴ നടേണ്ടത്. ചാണകപ്പൊടി, അടിവളമായി ചേർക്കാം. വാഴയുടെ ഏറ്റവും കരുത്തുള്ള കന്നാണ് നടേണ്ടത്.

### സെപ്റ്റംബർ
**കൈതച്ചക്ക, പച്ചക്കറി, നെല്ല്**

രണ്ടാം വിള നെൽകൃഷി ഇറക്കേണ്ട സമയമാണ്. ഓണത്തോടനുബന്ധിച്ചു ഒന്നാം വിള കൊയ്തു കഴിയും. ഞാറു പറിച്ചു നട്ടാണ് രണ്ടാം വിള കൃഷിചെയ്യുക ഓഗസ്റ്റിൽ തന്നെ ഞാറു മുളപ്പിക്കണം. മഴ അല്പം കുറയുന്നതിനാൽ പച്ചക്കറി കൃഷി ആരംഭിക്കാം. കൈതയും ഈ സമയത്ത് തന്നെ നടണം.

### ഒക്ടോബർ
**കാബേജ്, കോളിഫ്ളവർ, കാരറ്റ്, ബീറ്റ്റൂട്ട്**

ശീതകാല പച്ചക്കറികൾ നടേണ്ട സമയമാണിത്. കാബേജ്, കോളിഫ്ളവർ, എന്നിവ മണ്ണിൽ ചാൽ എടുത്തും കാരറ്റ്, ബീറ്റ്റൂട്ട് എന്നിവ തറ എടുത്തുമാണ് കൃഷി ചെയ്യേണ്ടത്. ആദ്യം തൈകൾ ഒരുക്കണം. വൈകുന്നേരമാണ് പറിച്ചു നടാൻ നല്ലത്. ചാലുകൾ തമ്മിലും ചെടികൾ തമ്മിലും 1.5 അടി അകലം വേണം. തൈകൾ നടുമ്പോൾ സുഡോമോണാസ് ലായനിയിൽ മുക്കിയ ശേഷം നടുന്നത് കീടബാധ ഇല്ലാതാകാൻ നല്ലതാണ്.

### നവംബർ
**ചേന, ചേമ്പ്**

വേനൽക്കാലത്തു വിളവെടുക്കാൻ പാകത്തിൽ കൃഷി ചെയ്യാം. മരച്ചീനിയും ഈ സമയത്തുതന്നെ കൃഷി ചെയ്യാം. ആറാം മാസം വിളവെടുക്കുന്ന കമ്പ് നടുന്നതാണ് നല്ലത്.

### ഡിസംബർ
**എള്ള്, റാഗി, വൻപയർ**

വയലുകളിൽ രണ്ടാം വിള കൊയ്തുകഴിയുന്നതോടെ മണ്ണ് ഉഴുതശേഷം എള്ള്, റാഗി, വൻപയർ, എന്നിവ വിതയ്ക്കാം. ചാരമാണ് പ്രധാനവളം വേനൽ കാലത്ത് കീടശല്യം കുറവായിരിക്കും.

---



# ക്വിസ് കോർണർ 2025

## 2025 മാർച്ച് – ഏപ്രിൽ ചോദ്യങ്ങൾ

**ഈ ലക്കത്തിൽ നിന്നുമാണ് ചോദ്യങ്ങൾ തയ്യാറാക്കിയിരിക്കുന്നത്**

1. 'കളിക്കളത്തിലെ കവി' എന്ന് മറഡോണയെ വിശേഷിപ്പിച്ചത് ആര്?
2. ക്രിസ്തീയ ജീവിതത്തിന്റെ ഉറവിടവും പാരമ്യവുമാണ് വിശുദ്ധ കുർബാനയെന്ന് പഠിപ്പിക്കുന്ന സൂനഹദോസ് ഏത്?
3. 2022 സെൻസസ് പ്രകാരം കേരളത്തിലെ ആകെ കടുവകളുടെ എണ്ണം എത്ര?
4. താമരശ്ശേരി രൂപതയുടെ ആദ്യത്തെ കോർപ്പറേറ്റ് മാനേജർ ആര്?
5. അർധ നഗ്നനായ ഫക്കീർ എന്ന് ഗാന്ധിജിയെ വിശേഷിപ്പിച്ചത് ആര്?
6. മനുഷ്യരാശിയുടെ എല്ലാ കഷ്ടതകൾക്കും മരണത്തിനും ദൈവം നൽകുന്ന ഉത്തരം എന്താണ്?
7. ശീതകാല പച്ചക്കറികൾ നടേണ്ടത് ഏതു മാസത്തിലാണ്?
8. സ്വർഗ്ഗത്തെ നിരന്തരം വെല്ലുവിളിക്കുന്നത് ആര്?
9. ഇൻഫാം താമരശ്ശേരി ജില്ലാ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടത് ആരാണ്?
10. ദൈവത്തെ സമ്പാദിക്കുന്നതാണ് ഏറ്റവും ശ്രേഷ്ഠമായി കാര്യമെന്ന് പറഞ്ഞത് ആരാണ്?

**ഉത്തരങ്ങൾ 2025 ഏപ്രിൽ 18 ന് മുമ്പ് ലഭിക്കണം**

*2025 ജനുവരി – ഫെബ്രുവരി ലക്കം വിജയികളായവർ:*

● ഒന്നാം സമ്മാനം, 1000 രൂപ
**സ്റ്റെഫി ടോം**
മഴുവഞ്ചേരിൽ, കൂടരഞ്ഞി

● രണ്ടാം സമ്മാനം, 500 രൂപ
**മെർലിൻ ജേക്കബ്**
എലവനപ്പാറ, നെന്മേനി

● മൂന്നാം സമ്മാനം, 250 രൂപ
**ലിന്റ ഷിനോജ്**
ഇടമുളയിൽ, മഞ്ഞുവയൽ

ഉത്തരങ്ങൾ അയയ്ക്കേണ്ട വാട്സാപ് നമ്പർ
**9744 99 5553**

സമ്മാനങ്ങൾ സ്പോൺസർ ചെയ്യുന്നത്
**ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

## ജനുവരി – ഫെബ്രുവരി ലക്കം ഉത്തരങ്ങൾ

1. പ്രത്യാശയുടെ തീർത്ഥാടകർ 2. ജാക്കാമോ ത്രവിസാനി 3. സിമോൻ ലഗോ 4. ദിലേക് സിത്ത് നോസ് 5. ശ്രദ്ധാപൂർണ്ണമായ ശ്രവണത്തിലൂടെ 6. വ്യക്തിവാദം 7. അഖണ്ഡതയും ബഹുസ്വരതയും 8. സൈബർ സെക്യൂരിറ്റി 9. മെക്കട്രോണിക്സ് 10. ജെറാർദ് ജോൺ

## പൊതുനിർദ്ദേശങ്ങൾ

● പേജിന്റെ വലതു വശത്ത് നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരങ്ങൾ എഴുതി, പേരും വിലാസവും രേഖപ്പെടുത്തി അയയ്ക്കേണ്ടതാണ്. ● വാട്സാപ്പിലൂടെ ഉത്തരങ്ങൾ അയയ്ക്കുന്നവർ ഉത്തരങ്ങൾ രേഖപ്പെടുത്തിയ ക്വിസ് കോർണർ ഭാഗം മാത്രം ഫോട്ടോ എടുത്തോ സ്കാൻ ചെയ്തോ അയയ്ക്കണം. ഉത്തരങ്ങൾ വായിച്ചെടുക്കാൻ പാകത്തിനു വേണം ഫോട്ടോയെടുത്ത് അയയ്ക്കാൻ. അവ്യക്തമായ ഉത്തരങ്ങളുള്ളവ പരിഗണിക്കില്ല. ● പേപ്പറുകളിൽ എഴുതിയോ വാട്സാപ്പിൽ ടൈപ്പ് ചെയ്തോ അയയ്ക്കുന്ന ഉത്തരങ്ങൾ മത്സരത്തിനായി പരിഗണിക്കുന്നതല്ല.
● **വിലാസം: എഡിറ്റർ, മലബാർ വിഷൻ, പിഎംഒസി, മേരിക്കുന്ന് പിഒ, കോഴിക്കോട് 673012.** ● സംശയങ്ങൾക്ക് വിളിക്കുക: 97 44 99 5553

ഇവിടെ മുറിക്കുക

**ഉത്തരങ്ങൾ ഇവിടെ എഴുതുക**

1
2
3
4
5
6
7
8
9
10

പേര്: ..................................................

വീട്ടുപേര്: ..................................................

ഇടവക: ..................................................

ഫോൺ: ..................................................

# പരീക്ഷാപ്പേടി പറന്നകലാൻ

**ആത്മവിശ്വാസത്തോടെ പരീക്ഷകളെ എങ്ങനെ നേരിട്ടു വിജയിക്കാമെന്ന് മാതാപിതാക്കളും കുട്ടികളും അറിഞ്ഞിരിക്കണം. മൂന്ന് കാര്യങ്ങളിൽ വ്യക്തതയും തീരുമാനങ്ങളുമുണ്ടായാൽ വിജയം കൈപ്പിടിയിലാക്കാം. ലക്ഷ്യബോധം, ആസൂത്രണം, കഠിനാദ്ധ്വാനം എന്നിവയാണ് ആ മൂന്ന് കാര്യങ്ങൾ**



**വിജയ വീഥി**



ഫാ. ജോബിൻ തെക്കേക്കരമറ്റത്തിൽ

അന്തരീക്ഷച്ചൂട് കൂടുന്നതുപോലെ പരീക്ഷാച്ചൂടും കൂടുന്ന മാസങ്ങളാണ് ഫെബ്രുവരിയും മാർച്ചും. എസ്എസ്എൽസി, ഹയർ സെക്കൻഡറി പരീക്ഷകളും വർഷാവസാന സ്കൂൾ പരീക്ഷയുമെല്ലാം ഇക്കാലത്താണ്. കുട്ടികളോടൊപ്പം രക്ഷിതാക്കൾക്കും ആകുലത വർധിക്കുന്ന കാലംകൂടിയാണിത്.

പരീക്ഷാപേടിയുള്ള കുട്ടികൾ ഉറക്കക്കുറവ്, വിശപ്പില്ലായ്മ, തലവേദന, തളർച്ച തുടങ്ങിയ അസ്വസ്ഥതകൾ കാണിക്കുന്ന സമയമാണിത്. ആത്മവിശ്വാസത്തോടെ പരീക്ഷകളെ എങ്ങനെ നേരിട്ടു വിജയിക്കാമെന്ന് മാതാപിതാക്കളും കുട്ടികളും അറിഞ്ഞിരിക്കണം. മൂന്ന് കാര്യങ്ങളിൽ വ്യക്തതയും തീരുമാനങ്ങളുമുണ്ടായാൽ വിജയം കൈപ്പിടിയിലാക്കാം. ലക്ഷ്യബോധം, ആസൂത്രണം, കഠിനാദ്ധ്വാനം എന്നിവയാണ് ആ മൂന്ന് കാര്യങ്ങൾ.

### ലക്ഷ്യബോധം

വിദ്യാഭ്യാസകാലത്തുതന്നെ ഭാവിയിൽ ആരായിത്തീരണമെന്ന വ്യക്തമായ ലക്ഷ്യബോധം വിദ്യാർത്ഥികൾക്കുണ്ടായിരിക്കണം. അതിന് അനുയോജ്യമായ വിഷയങ്ങളായിരിക്കണം ഹയർ സെക്കൻഡറിയിൽ പഠിക്കേണ്ടത്. ഇഷ്ടമുള്ള വിഷയത്തിലും സ്കൂളിലും അഡ്മിഷൻ കിട്ടാൻ പത്താം ക്ലാസിൽ ഉന്നത വിജയം നേടേണ്ടതുണ്ട്. അത്തരം വിദ്യാർത്ഥികൾ എ പ്ലസ് തന്നെ ലക്ഷ്യമിടണം. ഹയർ സെക്കൻഡറി പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് ഇഷ്ടപ്പെടുന്ന കോഴ്സും കോളജും ലഭിക്കാൻ ഉന്നത വിജയം അത്യാവശ്യമാണ്. മെഡിക്കൽ, എൻജിനീയറിങ് പഠനത്തിനും കേന്ദ്ര സർവകലാശാലകളിലെ പഠനത്തിനും പ്രവേശന പരീക്ഷയെന്ന കടമ്പകൂടിയുണ്ടെന്ന് മറക്കരുത്. ടെക്സ്റ്റ് ബുക്ക് സമഗ്രമായിത്തന്നെ പഠിക്കണം.

### ആസൂത്രണം

കൃത്യമായ ആസൂത്രണം മികച്ച വിജയം നേടാൻ അനിവാര്യമാണ്. പരീക്ഷയ്ക്ക് ഇനി എത്ര ദിവസം ഉണ്ടെന്ന് നോക്കുക. ഒരു കൗണ്ട് ഡൗൺ, ക്ലാസിലോ പഠനമുറിയിലോ പ്രദർശിപ്പിക്കുന്നത് നല്ലതാണ്. സ്കൂൾ ദിവസങ്ങളിലും അവധി ദിവസങ്ങളിലും എത്രമണിക്കൂർ പഠിക്കുമെന്ന് തീരുമാനിക്കണം. നമുക്ക് നേടാവുന്ന ടാർജറ്റുകൾ നിശ്ചയിച്ചാൽ മതി. അതൊരു പേപ്പറിലെഴുതി പഠനമുറിയിലോ സ്റ്റഡി ടേബിളിലോ ഒട്ടിച്ചുവയ്ക്കുന്നത് സ്വയം പ്രചോദിപ്പിക്കാൻ ഉപകരിക്കും. ടെസ്റ്റ് ബുക്കുകൾ, നോട്ടുകൾ, മുൻവർഷത്തിലെ ചോദ്യപേപ്പറുകൾ എന്നിവയെല്ലാം കൈവശമുണ്ടെന്ന് ഉറപ്പുവരുത്തുക. പാഠഭാഗങ്ങളുടെ രത്നച്ചുരുക്കം തയ്യാറാക്കുക. പരീക്ഷാദിനത്തിലും പരീക്ഷാതലേന്നും ഇത് ഏറെ ഗുണം ചെയ്യും. പരീക്ഷാ ഹാളിൽ എന്നതുപോലെ മുൻവർഷത്തെ ചോദ്യപേപ്പറിന് ഉത്തരമെഴുതി പരിശീലിക്കണം. പരീക്ഷാ ഹാളിലെ ടൈം മാനേജ്മെന്റ് പഠിച്ചെടുക്കാൻ ഇത് സഹായിക്കും.

വ്യത്യസ്ത മാർക്കുള്ള ചോദ്യങ്ങൾക്ക് എത്ര സമയമെടുക്കാമെന്ന് ധാരണ വേണം. പാഠഭാഗത്തെ ചിത്രങ്ങൾ, ഗ്രാഫുകൾ, ചാർട്ടുകൾ തുടങ്ങിയവ വരച്ചുപഠിക്കുക. കൂടുതൽ മാർക്ക് നേടാൻ ഇത് ഉപകരിക്കും. പാഠഭാഗങ്ങളിൽ എന്തെങ്കിലും സംശയമോ, അവ്യക്തതയോ ഉണ്ടായാൽ അധ്യാപകരോടോ, സഹപാഠികളോടോ ചോദിച്ച് മനസിലാക്കാൻ മടി കാണിക്കരുത്. ഓണം, ക്രിസ്മസ് പരീക്ഷകളിൽ വന്നതുപോലെ തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ പ്രത്യേകം മുന്നൊരുക്കം നടത്തണം. അധ്യാപകർ പ്രധാനപ്പെട്ടത് എന്നു പറഞ്ഞ പാഠഭാഗങ്ങൾ മനസിരുത്തി പഠിക്കണം. ഒരു പാഠഭാഗം പഠിച്ച് കണ്ണുകളടച്ച് പഠിച്ച പാഠഭാഗം ഓർത്തെടുക്കാൻ പറ്റുന്നുണ്ടോ എന്ന് ശ്രദ്ധിക്കണം. ഓർമ്മ വരുന്നില്ലെങ്കിൽ വീണ്ടും ആ പാഠഭാഗങ്ങൾ പഠിക്കുക തന്നെ വേണം. കൂടുതൽ സമയം മൊബൈലിലും സോഷ്യൽ മീഡിയയിലും ചെലവഴിക്കുന്ന കുട്ടികൾ പഠിച്ച കാര്യങ്ങൾ മറക്കുന്നത് സ്വാഭാവികമാണ്. പാഠഭാഗം ഓർക്കാനൊരു മാർഗം ആവർത്തിച്ചുള്ള പഠനമാണ്. അർത്ഥം അറിഞ്ഞ് പഠിക്കണം. പരീക്ഷയ്ക്കുമുമ്പ് രണ്ടു വട്ടമെങ്കിലും റിവിഷൻ നടത്താൻ സാധിക്കുന്ന വിദ്യാർത്ഥികൾക്ക് ഉന്നത വിജയം നേടാൻ കഴിയും. നാളെ പരീക്ഷയാണ് എന്ന രീതിയിൽ ഇനിയുള്ള ദിവസങ്ങളിൽ പഠിക്കാനുള്ള മാനസികാവസ്ഥ വളർത്തിയെടുക്കണം.

പഠന ദിവസങ്ങളിൽ ആഘോഷ പരിപാടികൾ ഒഴിവാക്കുക. പഠനകാലത്ത് മനസിനും ശരീരത്തിനും ആവശ്യമായ വിശ്രമം അത്യാവശ്യമാണ്. ആവശ്യത്തിന് വെള്ളം കുടിക്കുകയും ഉറങ്ങുകയും വേണം. ഓരോ വിദ്യാർത്ഥിയുടെയും ശാരീരിക പ്രത്യേകതകൾ അനുസരിച്ച് പുലർച്ചയോ, അർദ്ധരാത്രി വരെയുള്ള സമയത്തോ പഠിക്കാം.

മാതാപിതാക്കൾ കുട്ടികൾക്ക് അമിത സമ്മർദ്ദം കൊടുക്കാതിരിക്കുവാൻ ശ്രദ്ധിക്കണം. വീട്ടിൽ പഠിക്കാനുള്ള സാഹചര്യം ഒരുക്കണം. കുട്ടികൾക്ക് ധൈര്യവും പ്രോത്സാഹനവും നൽകുക. കുട്ടികളുടെ മാനസിക, ശാരീരിക ആരോഗ്യം ഉറപ്പുവരുത്തണം. ഇനി ഒരു പക്ഷേ, മക്കൾ തോറ്റാലും അതിജീവനത്തിന്റെ അവസാനമല്ലെന്നും ജീവിത വിജയത്തിലേക്ക് മറ്റു വഴികളുണ്ടെന്നും മക്കളെ ബോധ്യപ്പെടുത്തി അവരെ ചേർത്തു പിടിക്കണം. ഔദ്യോഗിക വിദ്യാഭ്യാസം പൂർത്തീകരിക്കാത്ത എത്രയോ വിജയികൾ ചരിത്രത്തിലുണ്ട്.

പരീക്ഷയ്ക്ക് വീട്ടിൽ നിന്ന് ഇറങ്ങുമ്പോൾ തന്നെ ഹാൾ ടിക്കറ്റ്, പേന, പെൻസിൽ, റബർ തുടങ്ങിയവ ഉണ്ടെന്ന് ഉറപ്പുവരുത്തണം. പരീക്ഷാ സമയത്തിന് അരമണിക്കൂർ മുമ്പ് തന്നെ പരീക്ഷാ കേന്ദ്രത്തിലെത്തണം. ചോദ്യപേപ്പർ കിട്ടിയാലുടൻ 'കൂൾ ഓഫ് ടൈമി'ൽ എല്ലാ ചോദ്യങ്ങളും നന്നായി വായിച്ച് മനസിലാക്കുക. ഉത്തരങ്ങൾ അറിയുന്ന ചോദ്യങ്ങൾ പെൻസിലുകൊണ്ട് ടിക്ക് ചെയ്യുക. ചോയ്സ് ഉൾപ്പടെയുള്ള ചോദ്യങ്ങൾ എന്തൊക്കെ, ഏതൊക്കെ എഴുതണമെന്ന് നിശ്ചയിക്കണം. എഴുതിയ ഉത്തരങ്ങളുടെ ചോദ്യങ്ങൾ പേനകൊണ്ട് ടിക്ക് ചെയ്യുക. നല്ല കയ്യക്ഷരത്തിൽ പരീക്ഷയെഴുതുക. പരീക്ഷാ പേപ്പറിൽ വെട്ടും തിരുത്തും വരുത്താതിരിക്കുവാൻ ശ്രദ്ധിക്കണം. അഞ്ചു മിനിറ്റു മുമ്പുതന്നെ പരീക്ഷയെഴുതി അവസാനിപ്പിക്കുവാൻ ശ്രമിക്കണം. ബാക്കിയുള്ള സമയംകൊണ്ട് പേജ് നമ്പർ, ഉത്തരങ്ങളുടെ നമ്പർ, രജിസ്റ്റർ നമ്പർ തുടങ്ങിയവ ശരിയാണെന്ന് ഉറപ്പു വരുത്തണം. ഉത്തരങ്ങളുടെ പ്രധാന പോയിന്റുകൾക്ക് അടിവരയിടുന്നതും നല്ലതാണ്.

### കഠിനാദ്ധ്വാനം

വിജയത്തിലേക്ക് കുറുക്കുവഴികളില്ല. അടുക്കും ചിട്ടയോടും കൂടെ പഠിക്കുക എന്നതുമാത്രമാണ് ചെയ്യാനുള്ളത്. കണ്ടുപിടുത്തങ്ങൾക്ക് ആയിരത്തിലേറെ പേറ്റന്റ് നേടിയ തോമസ് ആൽവ എഡിസന്റെ പ്രസിദ്ധമായ വിജയ സൂത്രവാക്യം ഇതാണ്: ബുദ്ധിപരമായ കഴിവ് 2%+ കഠിനാദ്ധ്വാനം 98% = വിജയം. ഇനിയുള്ള ദിവസങ്ങൾ കഠിനാദ്ധ്വാനത്തിനായി മാറ്റി വയ്ക്കാം. വിജയിച്ചവരുടെ ചരിത്രം കഠിനാദ്ധ്വാനത്തിന്റെ ചരിത്രം കൂടിയാണ്.

ദൈവാശ്രയബോധത്തോടെ നമ്മുടെ കഴിവിന്റെ പരമാവധി അദ്ധ്വാനിക്കുക. ബാക്കി ദൈവം പ്രവർത്തിച്ചുകൊള്ളുമെന്നുള്ള ആശ്രയബോധത്തോടു കൂടി മുൻപോട്ടു പോവുക. കഠിനാദ്ധ്വാനവും കൃത്യമായ ആസൂത്രണവുമുണ്ടെങ്കിൽ പരീക്ഷയെഴുതാനുള്ള ആത്മവിശ്വാസം താനേ വന്നുകൊള്ളും. പരീക്ഷപ്പേടി പറന്നകലും.

*(കെസിവൈഎം താമരശ്ശേരി രൂപതാ ഡയറക്ടറാണ് ലേഖകൻ)*

## വിലങ്ങാടിന് കൈത്താങ്ങായി തോട്ടുമുക്കം ഫൊറോന പള്ളി

**രൂപതാ വാർത്ത**

**തോട്ടുമുക്കം●** ഉരുൾപൊട്ടൽ നാശംവിതച്ച വിലങ്ങാടിന് കൈത്താങ്ങായി തോട്ടുമുക്കം സെന്റ് തോമസ് ഫൊറോന പള്ളി. അഞ്ചു മാസത്തെ സൺഡേ കളക്ഷൻ ഉൾപ്പടെ മൂന്നു ലക്ഷം രൂപ വിലങ്ങാടിനായി ഇടവകക്കാർ സമാഹരിച്ചു.

വിലങ്ങാട് ഫൊറോന വികാരി ഫാ. വിൽസൺ മുട്ടത്തുകുന്നേലിന്റെ സാന്നിധ്യത്തിൽ, ഉരുൾപൊട്ടലിൽ വീട് നഷ്ടപ്പെട്ട ഒരു കുടുംബത്തിന് ഭവന നിർമാണത്തിനുള്ള ഭൂമി വാങ്ങുന്നതിനായി തുക കൈമാറി. തോട്ടുമുക്കം ഫൊറോന വികാരി ഫാ. ബെന്നി കാരക്കാട്ട്, അസി. വികാരി ഫാ. ജിതിൻ തളിയൻ, കൈക്കാരന്മാർ എന്നിവരുടെ നേതൃത്വത്തിലാണ് ധനസമാഹരണം നടത്തിയത്. വിലങ്ങാട് ദുരിതാശ്വാസ നിധിയിലേക്ക് ഇതിനു മുമ്പ് ഒന്നേകാൽ ലക്ഷം രൂപ തോട്ടുമുക്കം ഫൊറോന പള്ളി നൽകിയിരുന്നു.

**FORM IV**

Statement about ownership and other particulars about Malabar Vision.

1. Place of publication :
   PMOC, MARIKKUNNU P.O,
   CALICUT
   KERALA - 673012
2. Periodicity of its publication :
   MONTHLY
3. Printer's Name : BENNY ALEX
   Nationality : INDIAN
   Address : KARAKKATTU (H),
   CHAPPANTHOTTAM (P.O),
   KAVILUMPARA (VIA),
   CALICUT, KERALA - 673513
4. Publisher's Name : BENNY ALEX
   Nationality : INDIAN
   Address : KARAKKATTU (H),
   CHAPPANTHOTTAM (P.O),
   KAVILUMPARA (VIA),
   CALICUT, KERALA - 673513
5. Editor's Name :
   FR RONI PAUL KAVIL
   Nationality : INDIAN
   Address : KAVIL (H),
   MANASSERY, MUKKOM (P.O),
   PIN - 673602.

I, BENNY ALEX, hereby declare that the particulars given above are true to the best of my knowledge and belief.

sd/-
Date: 01- 03- 2025 Signature of Publisher

# വന്യമൃഗശല്യം: സർക്കാർ ആത്മാർത്ഥത കാട്ടണമെന്ന് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ

"വന്യമൃഗശല്യത്തെക്കുറിച്ച് പ്രധാന മന്ത്രിയുമായി നേരിട്ട് സംസാരിച്ചിരുന്നു. സംസ്ഥാനങ്ങൾ അവരുടെ സാധ്യത പ്രയോജനപ്പെടുത്തട്ടെ എന്നാണ് അദ്ദേഹം പറഞ്ഞത്."

**താമരശ്ശേരി** ● വനനിയമ ഭേദഗതി പിൻവലിച്ചത് ആശ്വാസകരമെന്നും കാടിനു പുറത്തിറങ്ങുന്ന കാട്ടുമൃഗങ്ങളെ വെടി വെക്കാനുള്ള അധികാരം സംസ്ഥാന സർക്കാർ ജനങ്ങൾക്ക് നൽകണമെന്നും ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ. താമരശ്ശേരി ബിഷപ്സ് ഹൗസിൽ മാധ്യമങ്ങളോടു സംസാരിക്കുകയായിരുന്നു അദ്ദേഹം.

വനനിയമ ഭേദഗതി ബിൽ പിൻവലിച്ചതിനെ താമരശ്ശേരി രൂപത സ്വാഗതം ചെയ്യുന്നു. മലയോര ജനതയുടെ ബുദ്ധിമുട്ടുകൾ മുഖ്യമന്ത്രി മനസ്സിലാക്കി. കിരാതനിയമം അടിച്ചേൽപ്പിക്കാനുള്ള ശ്രമമാണ് നടന്നത്. ശക്തമായ സമ്മർദ്ദത്തെത്തുടർന്നാണ് ഭേദഗതി പിൻവലിച്ചത്. 140 എംഎൽഎമാരും ഈ വിഷയത്തിൽ ശക്തമായ പിന്തുണ നൽകണം. അത് അവരുടെ ഉത്തരവാദിത്വമാണ് ബിഷപ് കൂട്ടിച്ചേർത്തു.

മറയൂർ ചന്ദന മോഷണക്കേസിൽ ഉദ്യോഗസ്ഥരെ എന്തുകൊണ്ട് പ്രതി ചേർക്കുന്നില്ലെന്ന് ബിഷപ് ചോദിച്ചു. വേലി തന്നെ വിളവ് തിന്നുകയാണ്. വനപാലകരെ നിയന്ത്രിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടു. വന്യമൃഗശല്യത്തെക്കുറിച്ച് പ്രധാനമന്ത്രിയുമായി നേരിട്ട് സംസാരിച്ചിരുന്നു. സംസ്ഥാനങ്ങൾ അവരുടെ സാധ്യത പ്രയോജനപ്പെടുത്തട്ടെ എന്നാണ് പ്രധാനമന്ത്രി പറഞ്ഞത്. കാട്ടുപന്നിയെ വെടിവെക്കാൻ അനുമതി നൽകിയെങ്കിലും, കർഷകർക്ക് തോക്കിന് ലൈസൻസ് നൽകുന്നില്ല. വന്യമൃഗശല്യം പരിഹരിക്കാൻ സർക്കാർ ആത്മാർത്ഥത കാണിക്കണം ബിഷപ് ആവശ്യപ്പെട്ടു.



പുതുതായി നിർമ്മിച്ച പൂവാറംതോട് സെന്റ് മേരീസ് പള്ളി. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ വെഞ്ചരിപ്പ് കർമ്മം നിർവഹിച്ചു. ഫാ. ജെയിംസ് വള്ളിക്കുന്നേലാണ് ഇടവക വികാരി.

*വെഞ്ചരിപ്പ് കർമ്മത്തിന്റെ ചിത്രങ്ങൾ കാണാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യൂ:*

# താമരശ്ശേരി ഇൻഫാമിന് പുതിയ നേതൃത്വം

മനുഷ്യജീവന് മൃഗങ്ങളുടെ പോലും വിലയില്ലാത്ത അവസ്ഥയിലാണ് കേരളമെന്ന് ഇൻഫാം ജനറൽബോഡി യോഗം വിലയിരുത്തി



**ബ്രോണി നമ്പ്യാപറമ്പിൽ**



**മാർട്ടിൻ തെങ്ങുംതോട്ടത്തിൽ**

**താമരശ്ശേരി** ● ഇൻഫാം താമരശ്ശേരി കാർഷിക ജില്ല ജനറൽബോഡി യോഗത്തിൽ 2025–27 വർഷത്തേക്കുള്ള പുതിയ ജില്ലാ ഭാരവാഹികളെ തിരഞ്ഞെടുത്തു. ഇൻഫാം ദേശീയ രക്ഷാധികാരി ബിഷപ് മാർ റെമിജിയോസ് ഇഞ്ചനാനിയിലിന്റെ സാനിധ്യത്തിലായിരുന്നു തിരഞ്ഞെടുപ്പ്.

ഭാരവാഹികൾ: ബ്രോണി നമ്പ്യാപറമ്പിൽ (പ്രസിഡന്റ്), ജോബി ഇലഞ്ഞിക്കൽ (വൈസ് പ്രസിഡന്റ്), മാർട്ടിൻ തെങ്ങുംതോട്ടത്തിൽ (സെക്രട്ടറി), ബോണി ജേക്കബ് (ജോയിന്റ് സെക്രട്ടറി), രാജു ചോള്ളാമടത്തിൽ (ട്രഷറർ).

എക്സിക്യൂട്ടീവ് അംഗങ്ങൾ: അഗസ്റ്റിൻ പുളിക്കകണ്ടത്തിൽ, ജോൺ കുന്നത്തേട്ട്, ജോണി കളപ്പുര, റെജി പേഴത്തിങ്കൽ, മാത്യു തേരകം, ബേബി വട്ടുകുന്നേൽ, ജോണി മലപ്രവനാൽ, ലൈജു അരിപറമ്പിൽ, സെബാസ്റ്റ്യൻ പേഴത്തിങ്കൽ, ജയേഷ് സ്രാമ്പിക്കൽ.

വർദ്ധിച്ചുവരുന്ന വന്യമൃഗ ആക്രമണങ്ങളോടുള്ള സർക്കാർ നിസംഗതയ്ക്കെതിരെ യോഗം ശക്തമായ ഭാഷയിൽ പ്രതിഷേധം അറിയിച്ചു. അനുദിനം ജനവാസ മേഖലകളിലുള്ള വന്യമൃഗങ്ങളുടെ സാന്നിധ്യത്തെയും ആക്രമണങ്ങളെയും സർക്കാർ നിസ്സംഗതയോടെയാണ് വീക്ഷിക്കുന്നത്. മനുഷ്യജീവന് മൃഗങ്ങളുടെ പോലും വിലയില്ലാത്ത അവസ്ഥയിലാണ് കേരളമെന്ന് യോഗം വിലയിരുത്തി.

ജനവാസ മേഖലയിലും കൃഷിയിടങ്ങളിലും വിഹരിക്കുന്ന കാട്ടുപന്നികളെ വെടിവെച്ച് കൊല്ലാനുള്ള പഞ്ചായത്ത് പ്രസിഡന്റിന്റെ അധികാരത്തെ പിൻവലിക്കുന്ന ഹൈക്കോടതി നടപടിയെയും യോഗം അപലപിച്ചു.

ഇൻഫാം ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ സ്വാഗതം ആശംസിച്ചു. സെക്രട്ടറി ജോൺ കുന്നത്തേട്ട് വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. അഗസ്റ്റിൻ പുളിക്കകണ്ടത്തിൽ അധ്യക്ഷത വഹിച്ചു.

നിയുക്ത പ്രസിഡന്റ് ബ്രോണി നമ്പ്യാപറമ്പിൽ നയപ്രഖ്യാപനം നടത്തി. യോഗത്തിൽ ഇൻഫാമിന്റെ കഴിഞ്ഞകാല പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്തു.

# റിച്ചാഡ് ജോൺ വീണ്ടും കെസിവൈഎം രൂപതാ പ്രസിഡന്റ്

താമരശ്ശേരി മാർ മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്ററൽ സെന്ററിൽ നടന്ന വാർഷിക സെനറ്റിനോടാനുബന്ധിച്ചാണ് പുതിയ നേതൃത്വത്തെ തെരഞ്ഞെടുത്തത്.



**റിച്ചാഡ് ജോൺ**



**ആൽബിൻ ജോസ്**

**താമരശ്ശേരി** ● കെസിവൈഎം രൂപതാ പ്രസിഡന്റായി റിച്ചാഡ് ജോൺ വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. കോടഞ്ചേരി മേഖലാ അംഗം ആൽബിൻ ജോസാണ് പുതിയ ജനറൽ സെക്രട്ടറി.

താമരശ്ശേരി മൈനർ സെമിനാരി വൈസ് റെക്ടർ ഫാ. അന്വേഷ് പാലക്കിയിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ഫാ. ജോബിൻ തെക്കേക്കരമറ്റത്തിൽ, ആനിമേറ്റർ സിസ്റ്റർ റൊസീൻ എസ്എബിഎസ്, ജനറൽ സെക്രട്ടറി അലീന മാത്യു, വൈസ് പ്രസിഡന്റ് അലോണ ജോൺസൻ എന്നിവർ പ്രസംഗിച്ചു.

രൂപതയിലെ 11 മേഖലകളുടെയും വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. സെനറ്റ് സന്ദർശിച്ച ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നേതാക്കളെ അഭിവാദ്യം ചെയ്ത് സംസാരിക്കുകയും 2024 വർഷത്തെ സാരഥികളെ ആദരിക്കുകയും ചെയ്തു.

തെരഞ്ഞെടുക്കപ്പെട്ട മറ്റു ഭാരവാഹികൾ: വൈസ് പ്രസിഡന്റ്: ബോണി സണ്ണി (കോടഞ്ചേരി), ട്രീസ മേരി (തിരുവമ്പാടി), സെക്രട്ടറിമാർ: അഞ്ചൽ കെ. ജോസഫ് (താമരശ്ശേരി), ബിൽഹ മാത്യു (മരുതോങ്കര), ട്രഷറർ: ജോബിൻ ജെയിംസ് (വിലങ്ങാട്).

സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങൾ: അഭിലാഷ് കുടിപ്പാറ (വിലങ്ങാട്), ചെൽസിയ മാത്യു (താമരശ്ശേരി), സംസ്ഥാന സെനറ്റ് അംഗങ്ങൾ: അലൻ ബിജു (തോട്ടുമുക്കം), ആഗി മരിയ ജോസഫ് (മലപ്പുറം). എസ്.എം.വൈ.എം. കൗൺസിലർമാർ: ഡെൽബിൻ സെബാസ്റ്റ്യൻ (താമരശ്ശേരി), അഞ്ജലി ജോസഫ് (പാറോപ്പടി).

രൂപത എക്സിക്യൂട്ടീവ് മെമ്പേഴ്സ്: അലോണ (കോടഞ്ചേരി), അബിൻ (മരുതോങ്കര), രോഹിത് (പറോപ്പാടി), ഡോണ (കൂരാച്ചുണ്ട്), ആഗ്നസ് (വിലങ്ങാട്), അലൻ (മലപ്പുറം), അൻലിയ (തോട്ടുമുക്കം), അമൽ (തിരുവമ്പാടി), അലീന (കൂരാച്ചുണ്ട്), ആൽബിൻ (കൂരാച്ചുണ്ട്), അനു (പെരിന്തൽമണ്ണ), അമൽ (പെരിന്തൽമണ്ണ), അജിത് (പെരിന്തൽമണ്ണ), സാന്ദ്ര (പെരിന്തൽമണ്ണ), ജിത്തുമോൻ (കരുവാരുകുണ്ട്), ഏയ്ഞ്ചൽ (കരുവാരുകുണ്ട്).

**50–ാം വിവാഹ വാർഷികം**



പൗലോസ്–അന്നമ്മ
പാലാട്ടിയിൽ, പടത്തുകടവ്
സ്നേഹാശംസകളോടെ,
മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ, ബന്ധുമിത്രാദികൾ

# മതബോധനം: പ്ലസ് വൺ, പ്ലസ്ടു പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു

**താമരശ്ശേരി** ● കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്രിസ്ത്യൻ ചെയർ അഫിലിയേഷനുള്ള താമരശ്ശേരി രൂപതയിലെ മതബോധന പ്ലസ് വൺ, പ്ലസ്ടു (HCC) ഫലം പ്രസിദ്ധീകരിച്ചു. പ്ലസ്ടുവിൽ ആൻ മരിയ ഷിജു തെങ്ങുംപള്ളിൽ (പുല്ലൂരാംപാറ) ഒന്നാം റാങ്ക് കരസ്ഥമാക്കി. ആർദ്ര ആൻ സജി മെഴുകനാൽ (സെന്റ് അൽഫോൻസ സ്കൂൾ) രണ്ടും. അനറ്റ് ട്രീസ സിനീഷ് (കുപ്പായക്കോട്) മൂന്നും സ്ഥാനങ്ങൾ നേടി.

പ്ലസ് വൺ വിഭാഗത്തിൽ ചമൽ ഇടവകാംഗം കെ.എം റോസ്‌ലിൻ കുരീക്കാട്ടിൽ ഒന്നാം റാങ്ക് കരസ്ഥമാക്കി. ആൻ മരിയ ജിനോ കാട്ടുനിലത്തിൽ (ചുണ്ടത്തുംപൊയിൽ) രണ്ടും സൂസന്ന സാബു കാഞ്ഞിരത്തിങ്കൽ (ഈസ്റ്റ് ഹിൽ) മൂന്നും സ്ഥാനങ്ങൾ നേടി.

3100 ഓളം വിദ്യാർത്ഥികൾ പ്ലസ് വൺ, പ്ലസ്ടു വിഭാഗങ്ങളിലായി ഇത്തവണ പരീക്ഷ എഴുതി.



**ആൻമരിയ**




**ആർദ്ര ആൻ**



**ആനറ്റ് ട്രീസ**



**കെ. എം. റോസ്‌ലിൻ**



**ആൻ മരിയ**



**സൂസന്ന**

# മോൺ. ആന്റണി കൊഴുവനാൽ അഖിലകേരള പ്രസംഗ മത്സരം: വി. എ. ആൻസി ഒന്നാമത്

ആദ്യ മൂന്ന് സ്ഥാനക്കാർക്ക് യഥാക്രമം 15,000 രൂപ, 10,000 രൂപ, 5,000 രൂപ ക്യാഷ് അവാർഡുകൾ സമ്മാനിച്ചു.



മോൺ. ആന്റണി കൊഴുവനാൽ മെമ്മോറിയൽ അഖില കേരള പ്രസംഗമത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ വി. എ. ആൻസി (മധ്യത്തിൽ), രണ്ടാം സ്ഥാനം നേടിയ ജോയൽ ജോസഫ് (വലത്), എസ്തേർ ക്രിസ്റ്റി ടോം (ഇടത്) എന്നിവർ രൂപതാ ചാൻസലർ ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട്, ഫാ. ജോർജ് പയ്യമ്പള്ളി, സ്റ്റാർട്ട് ഡയറക്ടർ ഫാ. സുബിൻ കിഴക്കേവീട്ടിൽ എന്നിവർക്കൊപ്പം

**കോഴിക്കോട്** ● വിദ്യാഭ്യാസ, കാർഷിക രംഗങ്ങളിൽ നിസ്തുല സംഭാവനകൾ നൽകിയ മോൺ. ആന്റണി കൊഴുവനാലിന്റെ ഓർമ്മയ്ക്കായി താമരശ്ശേരി രൂപതയുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ സെന്റ് തോമസ് അക്കാദമി ഫോർ റിസർച്ച് ആന്റ് ട്രെയിനിങ് (സ്റ്റാർട്ട്) സംഘടിപ്പിച്ച അഖില കേരള പ്രസംഗ മത്സരത്തിൽ വി. എ. ആൻസി (മാനന്തവാടി രൂപത) ഒന്നാം സ്ഥാനം നേടി. ജോയൽ ജോസഫ് (പാലാ രൂപത) രണ്ടും എസ്തേർ ക്രിസ്റ്റി ടോം (താമരശ്ശേരി രൂപത) മൂന്നും സ്ഥാനങ്ങൾ നേടി.

ഓൺലൈനായി നടത്തിയ ആദ്യഘട്ട മത്സരത്തിൽ 48 പേർ പങ്കെടുത്തു. അതിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട 10 മത്സരാർത്ഥികൾ ഫൈനൽ റൗണ്ടിൽ മാറ്റുരച്ചു. ആദ്യ മൂന്ന് സ്ഥാനക്കാർക്ക് യഥാക്രമം 15,000 രൂപ, 10,000 രൂപ, 5,000 രൂപ ക്യാഷ് അവാർഡുകൾ സമ്മാനിച്ചു.

സമാപന സമ്മേളനത്തിൽ താമരശ്ശേരി രൂപത ചാൻസലർ ഫാ. സെബാസ്റ്റ്യൻ കാവളകാട്ട്, നെതർലാന്റിൽ ശുശ്രൂഷ ചെയ്യുന്ന ഫാ. ജോർജ് പയ്യമ്പള്ളി, സ്റ്റാർട്ട് ഡയറക്ടർ ഫാ. സുബിൻ കിഴക്കേവീട്ടിൽ എന്നിവർ പ്രസംഗിച്ചു.

മലബാർ വിഷൻ ചീഫ് എഡിറ്റർ ഫാ. റോണി പോൾ കാവിൽ, കമ്മ്യൂണിക്കേഷൻ മീഡിയ ഡയറക്ടർ ഫാ. സിബി കുഴിവേലിൽ, ദീപിക റെസിഡന്റ് മാനേജർ ഫാ. ഷെറിൻ പുത്തൻപുരയ്ക്കൽ, സിസ്റ്റർ സ്റ്റെല്ല മരിയ എന്നിവർ സന്നിഹിതരായിരുന്നു.

## നേട്ടം



● കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ നിന്ന് അറ്റ്മോസ്ഫറിക് സയൻസിൽ പിഎച്ച്ഡി നേടിയ അമൽ ജോയി. കണ്ണോത്ത് ഇടവക വെള്ളപ്പനാട്ടു ജോയിയുടെയും (റിട്ട. കേരള വാട്ടർ അതോറിറ്റി) ജാസ്മിൻ ജോയിയുടെയും മകനാണ്. ഭാര്യ:മാഗി തോമസ് ആശാൻകുന്നേൽ.



● കോഴിക്കോട് അണിയറയുടെ 50-ാം വാർഷികാഘോഷത്തിന്റെ ഭാഗമായി നടത്തിയ രചനാ മത്സരത്തിൽ പ്രൊഫസർ ജി. ശങ്കരപ്പിള്ള അവാർഡ് നേടിയ നാടക രചയിതാവും സംവിധായകനും നടനുമായ കെ.പി. എ.സി വിൽസൺ. 'മഹാനടൻ' എന്ന നാടകത്തിനാണ് പുരസ്ക്കാരം. പുല്ലൂരാംപാറ സ്വദേശിയാണ്. 1994-ൽ കോഴിക്കോട് സംഗമം തിയേറ്റേഴ്സിലൂടെ നാടക ജീവിതം തുടങ്ങി. കെപിഎസി, കാളിദാസ കലാകേന്ദ്രം, തുടങ്ങിയ പ്രമുഖ സമിതികളിലും അഭിനയിച്ചു. 2015-ൽ വയലാ വാസുദേവൻ പിള്ള സ്മാരക വയലാ-സാകേതം അവാർഡ് രചനയ്ക്ക് ലഭിച്ചു.



● കേരള പിഎസ്‌സി നടത്തിയ സിവിൽ എക്സൈസ് ഓഫീസർ പരീക്ഷയിൽ ആറാം റാങ്ക് നേടിയ ലിജോ ആന്റണി. മലപ്പുറം ഇടവകാംഗം ആലയ്ക്കൽ എ. ജെ. ആന്റണി-ലില്ലി ആന്റണി ദമ്പതികളുടെ മകനാണ്.

## 'ഫിദെസ് വോള്യം 1' പ്രസിദ്ധീകരിച്ചു

**കക്കാടംപൊയിൽ** ● യുവജന വിശ്വാസ പരിശീലനത്തിന്റെ ഭാഗമായി ആരംഭിച്ച മൂന്നുവർഷം നീളുന്ന ACC കോഴ്സിന്റെ ആദ്യ വർഷത്തെ 18 പാഠ്യ വിഷയങ്ങൾ ക്രോഡീകരിച്ച 'ഫിദെസ് വോള്യം 1' പാഠപുസ്തകം ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പ്രകാശനം ചെയ്തു. കക്കാടംപൊയിലിൽ സംഘടിപ്പിച്ച പവർ സെൽ പ്രോഗ്രാമിലാണ് ബിഷപ് പുസ്തക പ്രകാശനം നിർവഹിച്ചത്. കോപ്പികൾ താമരശ്ശേരിയിലുള്ള മതബോധന ഓഫീസിൽ ലഭ്യമാണ്.



ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ മഹാമാതൃസംഗമം ഉദ്ഘാടനം ചെയ്യുന്നു

## ശ്രദ്ധേയമായി മാതൃസംഗമം

**പുല്ലൂരാംപാറ** ● താമരശ്ശേരി രൂപതയിലെ അമ്മമാർ ഒരുമിച്ചുകൂടിയ മഹാമാതൃസംഗമം ശ്രദ്ധേയമായി. വിവിധ ഇടവകകളിൽ നിന്നായി ആയിരത്തോളം അമ്മമാർ പങ്കെടുത്തു. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. കോഴിക്കോട് മേയർ ബീന ഫിലിപ്പ് മുഖ്യ പ്രഭാഷണം നടത്തി. സോഷ്യൽ മീഡിയ ഇൻഫ്ളുവൻസർ മെർലിൻ ടി. മാത്യു ക്ലാസ് നയിച്ചു. രൂപതാ ഡയറക്ടർ ഫാ. ജോസുകുട്ടി അന്തിനാട്ട് അധ്യക്ഷത വഹിച്ചു. രൂപത പ്രസിഡന്റ് സ്വപ്ന ഗിരീഷ്, ഗ്ലോബൽ മാതൃവേദി ഡയറക്ടർ ഫാ. ഡെന്നി താന്നിക്കൽ, ഗ്ലോബൽ മാതൃവേദി പ്രസിഡന്റ് ബീന ജോഷി, സിസ്റ്റർ ഷീന മേമന എന്നിവർ പ്രസംഗിച്ചു. വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച അമ്മമാരെ ആദരിച്ചു. കലാ മത്സരങ്ങളിൽ വിജയിച്ചവർക്ക് സമ്മാനങ്ങളും നൽകി. മികച്ച പ്രവർത്തനം നടത്തിയ ഇടവകകളെ അഭിനന്ദിച്ചു.

## വചനമെഴുത്തു മത്സരം: വിജയികളെ പ്രഖ്യാപിച്ചു



ലാലി തങ്കച്ചൻ കിഴക്കേക്കര

**താമരശ്ശേരി** ● വചനം വായിക്കുക, ഹൃദിസ്ഥമാക്കുക എന്ന ലക്ഷ്യത്തോടെ അമ്മമാർക്കായി സീറോ മലബാർ മാതൃവേദി താമരശ്ശേരി രൂപതാ സമിതി സംഘടിപ്പിച്ച വചനമെഴുത്തു മത്സരത്തിൽ മഞ്ചേരി ഇടവകാംഗം ലാലി തങ്കച്ചൻ കിഴക്കേക്കര ഒന്നാം സ്ഥാനം നേടി. ദേവഗിരി ഇടവകാംഗം ബിന്നി മാത്യു പള്ളിത്താഴത്ത് രണ്ടും മഞ്ചേരി ഇടവകാംഗം ആൻമേരി ചെറുമലർ മൂന്നും സ്ഥാനങ്ങൾ നേടി.

രൂപതാ വാർത്തകളും സഭാ വാർത്തകളും മറ്റു വിശേഷങ്ങൾക്കുമായി QR കോഡ് സ്കാൻ ചെയ്യൂ

# മോൺ. ആന്റണി കൊഴുവനാൽ മെമ്മോറിയൽ ഓഡിറ്റോറിയം ഉദ്ഘാടനം ചെയ്തു




മോൺ. ആന്റണി കൊഴുവനാൽ മെമ്മോറിയൽ ഓഡിറ്റോറിയം മാർ ജോർജ് വലിയമറ്റം ഉദ്ഘാടനം ചെയ്യുന്നു

**കോഴിക്കോട്** ● വിദ്യാഭ്യാസ, സാമൂഹിക, കാർഷിക രംഗങ്ങളിൽ നിസ്തുലമായ സംഭാവനകൾ നൽകിയ താമരശ്ശേരി രൂപതാ വൈദികനായിരുന്ന മോൺ. ആന്റണി കൊഴുവനാലിന്റെ സ്മരണയ്ക്കായി താമരശ്ശേരി രൂപതയുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ സ്റ്റാർട്ടിൽ (സെന്റ് തോമസ് അക്കാദമി ഫോർ റിസർച്ച് ആൻഡ് ട്രെയിനിങ്) മോൺ. ആന്റണി കൊഴുവനാൽ മെമ്മോറിയൽ ഓഡിറ്റോറിയം ഉദ്ഘാടനം ചെയ്തു.

താമരശ്ശേരി രൂപത ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ, തലശ്ശേരി അതിരൂപത ആർച്ച് ബിഷപ് എമരിറ്റസ് മാർ ജോർജ് വലിയമറ്റം എന്നിവർ മുഖ്യാതിഥികളായിരുന്നു.

സ്റ്റാർട്ട് ഡയറക്ടർ റവ. ഡോ. സുബിൻ കിഴക്കേവീട്ടിൽ, താമരശ്ശേരി രൂപത വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ, സ്റ്റാർട്ട് ജനറൽ സെക്രട്ടറി റവ. ഡോ. ജോർജ് പയ്യമ്പിള്ളിൽ എന്നിവർ പ്രസംഗിച്ചു.

താമരശ്ശേരി രൂപത ചാൻസലർ റവ. ഡോ.സെബാസ്റ്റ്യൻ കാവളക്കാട്ട്, ഫിനാൻസ് ഓഫീസർ ഫാ. കുര്യാക്കോസ് മുഖാല, പാറോപ്പടി ഫൊറോന വികാരി ഫാ. സൈമൺ കിഴക്കേകുന്നേൽ, മീഡിയ ഡയറക്ടർ ഫാ. സിബി കുഴിവേലിൽ, രാഷ്ട്ര ദീപിക റസിഡന്റ് മാനേജർ ഫാ. ഷെറിൻ പുത്തൻപുരയ്ക്കൽ, ഫാ. ആന്റണി കൊഴുവനാലിന്റെ കുടുംബാംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു.


Great results of 2024
Thank you dear Gartiens for giving us an exceptional year in 2024 by your fantastic results!
Garten IELTS
Garten IELTS – Ruby Club (8 Band Club)
Overall 8.5
Garten IELTS Pearl Club Overall 8.5!
Alonsa Ann Thomas
Thiruvambady
Overall-8.5
L-9, R-9, W-7.5, S-8.5
Garten IELTS – Sapphire Club (Overall 7.5 Band Club)
Garten TOEFL
Resplendent Club
(+100)
Ramsheena A.R
Palakkad
Overall-102
R-28, L-25, S-24, W-25
Steve Benny Joseph
Calicut
Overall- 101
R-27, L- 23, S-27, W-24
Garten OET Pharma Perfect B Club
Jumana K.K.
Pandikkad
L-B, R-B, W-B, S-B
Garten OET Medicine Perfect B Club
Dr Dilshana Parveen
NIT
L-B, R-B, W-B, S-B
GARTEN OET
Garten OET Nursing – Perfect B Club
Garten PTE
Garten PTE – Citadel Club (+70 Club)
OVERALL 90
Garten PTE Zenith Club 90/90
Garten PTE Pinnacle Club +80 Club
Success Garten®
15 Years of Linguistic Odyssey
Mathichiparambil Edifice, Thiruvambady. Mob : 9447814774, 8590038240
Official partner of :
CAMBRIDGE UNIVERSITY PRESS
idp IELTS
ETS TOEFL
Pearson Test of English
Founder, Director cum Chief Trainer
CHINTU M. RAJU
The newsletter edited by : Chintu M. Raju Published by : Success Garten, Thiruvambady (only for private circulation).
www.successgarten.com

മലബാർ വിഷൻ

## നേട്ടം



● വനിതാ–വീട് യങ് ആർക്കിടെക്ട് അവാർഡ് നേടിയ തേജസ് അഗസ്റ്റിൻ, ബെല്ല ഉല്ലാസ്. അശോകപുരം ഇടവകാംഗങ്ങളായ ഈ യുവദമ്പതികൾ കൊച്ചി ആസ്ഥാനമായി സ്ഥാപിച്ച 'സ്റ്റുഡിയോ ആരണ്യ' എന്ന ആർക്കിടെക്ചർ സ്ഥാപനത്തിന്റെ പ്രവർത്തന മികവാണ് ഇവരെ അവാർഡിന് അർഹരാക്കിയത്. തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിങ് കോളജിൽനിന്ന് ബി ആർക്ക് ബിരുദവും, കേന്ദ്രസർക്കാർ സ്ഥാപനമായ ന്യൂഡൽഹി സ്കൂൾ ഓഫ് പ്ലാനിങ് ആൻഡ് ആർക്കിടെക്ചറിൽ നിന്ന് 'അർബൻ ഡിസൈനി'ൽ ബിരുദാനന്തര ബിരുദവും നേടി. ഇന്ത്യ–ഫ്രഞ്ച് സർക്കാറുകളുടെ 'യങ് അർബൻ ഡിസൈനേഴ്സ് ആൻഡ് ആർക്കിടെക്ട്സ് വർക് പ്ലേസ്മെന്റ് പദ്ധതി' പ്രകാരം തിരഞ്ഞെടുക്കപ്പെട്ട ഇവർ ഫ്രാൻസിലെ പ്രമുഖ വാസ്തു ശില്പ സ്ഥാപനങ്ങളിൽ ജോലി ചെയ്തു. മാളികമംഗലം എം.ഡി. അഗസ്റ്റിന്റെയും, ജോയ്സി യുടെയും മകനാണ് തേജസ്. എറണാകുളം, പുളിക്കത്തറ കുടുംബാംഗമായ ഉല്ലാസ് – ബെസി ദമ്പതികളുടെ മകളാണ് ബെല്ല.

# ദെബോറ മീറ്റ് 2K25: സമുദായ ശാക്തീകരണത്തിന് പുത്തൻ ചുവടുവയ്പ്പ്: ബിഷപ്

സമുദായം നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധികളെ പരിഹരിക്കുന്നതിന് ധീരതയോടെ മുന്നിട്ടിറങ്ങാനുള്ള ദൗത്യം സമുദായത്തിലെ സ്ത്രീകൾക്കുണ്ടെന്നും ബിഷപ് ഓർമിപ്പിച്ചു.



**താമരശ്ശേരി രൂപത കത്തോലിക്ക കോൺഗ്രസ് വിമൻസ് കൗൺസിൽ സമ്മേളനം ദെബോറ മീറ്റ് 2k25 ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്യുന്നു**

താമരശ്ശേരി രൂപത കത്തോലിക്ക കോൺഗ്രസ് വിമൻസ് കൗൺസിൽ സമ്മേളനം കത്തോലിക്ക കോൺഗ്രസ് ബിഷപ് ലെഗേറ്റ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു.

താമരശ്ശേരി രൂപതയിലെ സമുദായ ശാക്തീകരണ പ്രവർത്തനങ്ങൾക്ക് നാളെയുടെ പുത്തൻ ചുവടുവയ്പാണ് ഈ വനിതാ സമ്മേളനമെന്നും, വിശുദ്ധ ബൈബിളിൽ പ്രതിപാദിക്കുന്ന ഇസ്രായേലിന്റെ പ്രതിസന്ധിയുടെ നടുവിൽ പ്രവാചകത്വത്തിന്റെയും ധീരതയുടെയും പ്രതീകമായി മാറിയ ദെബോറയെപ്പോലെ ഈ കാലഘട്ടത്തിൽ സമുദായം നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധികളെ പരിഹരിക്കുന്നതിന് ധീരതയോടെ മുന്നിട്ടിറങ്ങാനുള്ള ദൗത്യം സമുദായത്തിലെ സ്ത്രീകൾക്കുണ്ടെന്നും ബിഷപ് ഓർമിപ്പിച്ചു.

താമരശ്ശേരി രൂപതയിലെ കത്തോലിക്കാ കോൺഗ്രസിന്റെ വിവിധ യൂണിറ്റുകളെ പ്രതിനിധീകരിച്ച വനിതാ പ്രതിനിധികളാണ് യോഗത്തിൽ പങ്കെടുത്തത്. സ്ത്രീ ശാക്തീകരണം സമുദായ പുരോഗതിക്ക് എന്ന വിഷയത്തെക്കുറിച്ച് കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ വൈസ് പ്രസിഡന്റ് ട്രീസ ലിസ് സെബാസ്റ്റ്യൻ ക്ലാസ് നയിച്ചു. വനിതാ സംരംഭകത്വ സാധ്യതകളെക്കുറിച്ച് മെൽവിൻ സിറിയക്കും, വനിതാ സഹകരണ സംഘങ്ങളെ കുറിച്ച് റിട്ട. ജോയിന്റ് റജിസ്ട്രാർ എം. പി. ജോസഫും, സമുദായ ശാക്തീകരണത്തിന് വനിതാ നേതൃത്വത്തിന്റെ പ്രസക്തി എന്ന വിഷയത്തിൽ ഡോ. ചാക്കോ കാളംപറമ്പിലും ക്ലാസുകൾ നയിച്ചു.

ക്രൈസ്തവ സ്ത്രീകൾ കേവലം വീടുകളിലും തൊഴിലിടങ്ങളിലും മാത്രം ഒതുങ്ങി നിൽക്കേണ്ടവരല്ലെന്നും അവർ സാമൂഹികവും രാഷ്ട്രീയവുമായ മേഖലകളിൽ നേതൃത്വം നൽകേണ്ടവരാണെന്നും കത്തോലിക്ക കോൺഗ്രസ് താമരശ്ശേരി രൂപത ഡയറക്ടർ ഫാ. മാത്യു തൂമുള്ളിൽ പറഞ്ഞു.

സമുദായത്തിനും സമൂഹത്തിനും നിസ്വാർത്ഥ സേവനം നൽകിയ സ്വാതന്ത്ര്യ സമര പോരാളിയും ധീരദേശാഭിമാനിയുമായ അക്കാമ്മ ചെറിയാനെപ്പോലെ കേരള രാഷ്ട്രീയത്തിന് അതുല്യ സംഭാവനകൾ നൽകാൻ സമുദായത്തിലെ സ്ത്രീജനങ്ങൾ മുൻപോട്ടു വരേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് കത്തോലിക്ക കോൺഗ്രസ് താമരശ്ശേരി രൂപത പ്രസിഡന്റ് ഡോ. ചാക്കോ കാളംപറമ്പിൽ പ്രതിനിധികളെ ഓർമിപ്പിച്ചു.

സമ്മേളനത്തിൽ കത്തോലിക്ക കോൺഗ്രസ് രൂപത ജനറൽ സെക്രട്ടറി ഷാജി കണ്ടത്തിൽ, രൂപത ട്രഷറർ സജി കരോട്ട്, വൈസ് പ്രസിഡന്റുമാരായ അൽഫോൻസ മാത്യു, ഷില്ലി സെബാസ്റ്റ്യൻ, വിമൻസ് കൗൺസിൽ രൂപത കോർഡിനേറ്റർ ദീപ റെജി, പൗളിൻ മാത്യു എന്നിവർ നേതൃത്വം നൽകി.

# ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് മുറിവേറ്റ ഹൃദയങ്ങൾക്ക് ആശ്വാസം: ബിഷപ്

ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ടിൽ പുതിയ ബ്ലോക്കും ഓഡിറ്റോറിയവും സോളാർ പ്ലാന്റും ഉദ്ഘാടനം ചെയ്തു

**മേരിക്കുന്ന്** ● താമരശ്ശേരി രൂപതയുടെ കീഴിൽ മേരിക്കുന്ന് പ്രവർത്തിക്കുന്ന ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സൈക്കോതെറാപ്പിയിൽ നിർമ്മാണം പൂർത്തീകരിച്ച പുതിയ ബ്ലോക്കിന്റെയും ഓഡിറ്റോറിയത്തിന്റെയും ഉദ്ഘാടനം മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിർവഹിച്ചു. പുതിയ ബ്ലോക്കും ഓഡിറ്റോറിയവും ബിഷപ് വെഞ്ചരിച്ചു.

മുറിവേറ്റ മനസുകൾക്ക് ആശ്വാസം പകരാൻ ജാതിമതഭേദമില്ലാതെ പ്രവർത്തിക്കാൻ കഴിയണമെന്നും ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് അത്തരത്തിലൊരു സ്ഥാപനമാണെന്നും ബിഷപ് അഭിപ്രായപ്പെട്ടു. കോവിഡിന്റെ പശ്ചാത്തലത്തിൽ മനഃശക്തി നഷ്ടപ്പെട്ടവർക്ക് മാനസികാരോഗ്യം തിരികെ പിടിക്കാൻ ഈ സ്ഥാപനത്തിന്റെ സേവനങ്ങളിലൂടെ കഴിയുന്നുണ്ട്. ഇവിടെ നിന്നും പരിശീലനം പൂർത്തിയാക്കിയവർ ആയിരങ്ങൾക്ക് ആശ്വാസമായി മാറുകയാണെന്നും ബിഷപ് കൂട്ടിച്ചേർത്തു. ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ റവ. ഡോ. കുര്യൻ പുരമഠം നേതൃത്വം നൽകി. നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയവരെ ബിഷപ് ആദരിച്ചു.

## പ്ലാറ്റിനം ജൂബിലി ആഘോഷം

**കണ്ണോത്ത്** ● ഒരു വർഷം നീണ്ടു നിന്ന കണ്ണോത്ത് സെന്റ് ആന്റണീസ് യുപി സ്കൂൾ പ്ലാറ്റിനം ജൂബിലി ആഘോഷം സമാപിച്ചു. സ്കൂൾ വാർഷികം സിനിമാ താരം രമേശ് പിഷാരടി ഉദ്ഘാടനം ചെയ്തു മാനേജർ ഫാ. അഗസ്റ്റിൻ ആലുങ്കൽ അധ്യക്ഷത വഹിച്ചു. പൂർവ്വ വിദ്യാർത്ഥി–അധ്യാപക സംഗമത്തിന് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ അധ്യക്ഷത വഹിച്ചു. ഗോവ ഗവർണർ പി. എസ്. ശ്രീധരൻ പിള്ള ഉദ്ഘാടനം ചെയ്തു. ഇ. ടി. മുഹമ്മദ് ബഷീർ എംപി പുസ്തക പ്രകാശനം നിർവഹിച്ചു. പ്ലാറ്റിനം ജൂബിലി സമാപനത്തിനും അധ്യാപക യാത്രയയപ്പ് സമ്മേളനത്തിനും കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് വർഗീസ് പാലക്കാട്ട് അധ്യക്ഷത വഹിച്ചു. എം. കെ. രാഘവൻ എംപി ഉദ്ഘാടനം ചെയ്തു. ലിന്റോ ജോസഫ് എംഎൽഎ മുഖ്യപ്രഭാഷണം നടത്തി.



**നൂറാംതോട് സെന്റ് ജോസഫ് ഇടവകയുടെ കീഴിൽ വട്ടച്ചിറയിൽ പുതുതായി നിർമിച്ച വിശുദ്ധ യൂദാ തദേവൂസിന്റെ നാമധേയത്തിലുള്ള കുരിശുപള്ളി ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ വെഞ്ചരിച്ചു.**






# ജർമ്മൻ ഭാഷ പഠിക്കാൻ ഇനി ജർമ്മൻ ഗുരുകുലം

ALPHA
"let your light shine before others"

## ALPHA MARIA ACADEMY
## KUNNAMANGALAM
### RUN BY- THAMARASSERY DIOCESE

ADMISSION OPEN FOR APRIL 2025

FOR ADMISSION
+91 79070 28758

- നേഴ്സിങ് കഴിഞ്ഞവർക്ക് സൗജന്യ ജർമ്മൻ ഭാഷ പരിശീലനവും അതിനുശേഷം സൗജന്യമായി ജർമ്മനിയിൽ ജോലിയും.
- പ്ലസ് ടു കഴിഞ്ഞവർക്ക് ഉപരി പഠനത്തിനായി മിതമായ നിരക്കിൽ ജർമ്മൻ പഠിക്കാം.
- ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഹോസ്റ്റൽ സൗകര്യം.
- ഓൺലൈൻ/ ഓഫ്ലൈൻ ക്ലാസുകൾ ലഭ്യമാണ്
- എക്സാം ട്രെയ്നിംഗ്
- ഇന്റർവ്യൂ ട്രെയ്നിംഗ്



Alpha Maria Academy, MLA Road,
Kunnamangalam, Kozhikode - 673571
(Near Navajyothi School)

**Scan for Location**

കൂടുതൽ വിവരങ്ങൾക്ക് : Fr. Aneesh Pulichamackal 9497567689, Fr. Jithin Panthaladickal 8157044071





START Towards excellence

# START
## ST THOMAS ACADEMY FOR RESEARCH & TRAINING
NETHAJI NAGAR, KOTTOOLI, KOZHIKODE-16
(Diocese of Thamarassery)

+91 495 2357843 +91 9037107843 +91 9744458111
office@startindia.org startcalicut22@gmail.com

## SALIENT FEATURES OF START TRAINING

- മാതാപിതാക്കളുടെയോ സഹപാഠികളുടെയോ നിർബന്ധം മൂലമോ, ഉപരിപഠന മേഖലയെ പറ്റിയുള്ള അറിവിന്റെ കുറവുകൊണ്ടോ, സ്വന്തം അഭിരുചിക്ക് ചേരാത്ത വിഷയങ്ങൾ തിരഞ്ഞെടുത്ത് ഉപരിപഠനത്തിന് പോകുന്ന വിദ്യാർത്ഥികൾ നമ്മുടെ നാട്ടിൽ ധാരാളമുണ്ട്. ഈ സാഹചര്യത്തിൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റിലൂടെ ഓരോ വിദ്യാർത്ഥികളിലും അന്തർലീനമായ കഴിവുകളും അഭിരുചികളും കണ്ടെത്തുവാനും അതിനു അനുയോജ്യമായി മാത്രം ഉപരിപഠനത്തിനുള്ള വിഷയങ്ങളും സ്ഥാപനങ്ങളും തിരഞ്ഞെടുക്കുവാനും സ്റ്റാർട്ട് കുട്ടികളെ സഹായിക്കുന്നു.
- ശാസ്ത്രം, കൊമേഴ്സ്, ഹ്യുമാനിറ്റീസ് വിഷയങ്ങൾ നമുക്ക് മുന്നിൽ തുറക്കുന്നത് അവസരങ്ങളുടെ അനന്തജാലകങ്ങളാണെന്ന വസ്തുത കുട്ടികൾക്ക് മനസിലാക്കി കൊടുക്കുവാനും അതുവഴി തങ്ങൾക്ക് അസ്വാദ്യകരമായ വിഷയങ്ങൾ എടുത്ത് പഠിക്കുവാനുമുള്ള ആത്മവിശ്വാസവും സ്റ്റാർട്ട് വിദ്യാർത്ഥികൾക്ക് നൽകുന്നു.
- ഉപരിപഠനം നടത്തുന്ന കുട്ടികൾക്ക് വേണ്ടി ദേശീയ അന്തർദേശീയ തലങ്ങളിൽ നിരവധി സ്കോളർഷിപ്പുകൾ ലഭ്യമാണ്. ഈ സാധ്യതകൾ കണ്ടെത്തി തങ്ങളുടെ കഴിവിനും വ്യക്തിത്വത്തിനും അനുയോജ്യമായ തൊഴിൽ മേഖലകൾ തിരഞ്ഞെടുക്കുവാൻ ഈ കോഴ്സുകൾ സഹായിക്കുന്നു
- ആധുനിക കാലഘട്ടത്തിന്റെ മാറ്റങ്ങളെ തിരിച്ചറിഞ്ഞു കൊണ്ട് കാലോചിതമായ പല കോഴ്സുകളും സ്റ്റാർട്ട് വിദ്യാർത്ഥികൾക്കായി നൽകുന്നു. പരീക്ഷകൾ മാത്രം ലക്ഷ്യം വെച്ചുള്ള പഠനമല്ല മറിച്ച് ഒരു വ്യക്തിയുടെ സമഗ്രമായ വളർച്ചയ്ക്ക് ഉതകുന്ന എല്ലാ വിഷയങ്ങളും ഈ കോഴ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
- ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യുന്നതിനും സിവിൽ സർവീസ്, NET, SET, TET, UPSC, PSC തുടങ്ങിയ എല്ലാ മത്സര പരീക്ഷകൾക്കും ഈ പരിശീലനം ഏറ്റവും നല്ല ഒരുക്കമാണ്.

## OUR PROGRAMMES

● Professional Foundation Training (PFT) -1 year after Plus Two ● Integrated +2 (Humanities & Commerce) - 30 Seats Each ● CUET ● KEAM ● CUSAT ● CAT ● CLAT ● IPM ● NID ● AI & PYTHON ● NDA - Technical & Non-Technical ● International Care Certificate Course - 3 Months

**RESIDENTIAL PLUS TWO BATCHES- COMMERCE & HUMANITIES**

Start offers plus one and plus two residential course (Kerala board) for girls and boys from June 2025

**LANGUAGES** (For both Humanities and Commerce)
● English ● Malayalam/ Hindi

**COMMERCE STREAM:** 30 seats
● Accountancy ● Business studies ● Economics ● Political Science

**HUMANITIES STREAM:** 30 seats
● History ● Sociology ● Economics ● Political science

**MEDIUM OF INSTRUCTION ENGLISH**

അഖിലേന്ത്യാതലത്തിൽ ഉന്നത നിലവാരം പുലർത്തുന്ന കേന്ദ്ര സർവകലാശാലകളിലും മറ്റ് പ്രീമിയർ ഇൻസ്റ്റിറ്റ്യൂട്ടുകളിലും (IITs, NITs, IIMs) അഡ്മിഷൻ നേടി, മികവുറ്റവിധം പഠനം പൂർത്തിയാക്കി, നേതൃപദവികളിൽ എത്തുവാൻ പ്ലസ്ടുവിനോടൊപ്പവും പ്ലസ്ടുവിന് ശേഷവും കുട്ടികളെ ഒരുക്കുന്ന കോഴ്സുകൾ

2025 – 2026 അധ്യയന വർഷത്തേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു

www.startcare.net / www.startindia.org

# AUSTRIA IS WAITING FOR YOU

## OPPORTUNITIES FOR NURSING:

- NURSING STUDIES
- JOB PLACEMENTS



- ഓസ്ട്രിയയിൽ (യൂറോപ്പിന്റെ ഹൃദയം) നഴ്സുമാർക്ക് നിരവധി അവസരങ്ങൾ ഒരുക്കി കോഴിക്കോട്ടെ ഈസ്റ്റ് കോസ്റ്റ് ലാംഗ്വേജ് അക്കാദമി (ECLA).
- നഴ്സിങ്, ഡിഗ്രി പ്രോഗ്രാമുകളും നഴ്സുമാർക്ക് (Bsc, GNM) തൊഴിൽ പരിചയം കൂടാതെ ഓസ്ട്രിയയിൽ തൊഴിലവസരങ്ങളും ECLA വാഗ്ദാനം നൽകുന്നു.
- ഓസ്ട്രിയയിൽ പ്ലേസ്മെന്റോടെയും സമ്പൂർണ്ണ സ്റ്റൈപെന്റോടെയും നഴ്സിങ് ടാലന്റ് പ്രോഗ്രാം.
- ഓസ്ട്രിയയിൽ നിന്നുള്ള പ്രതിനിധികളുടെ അഭിമുഖങ്ങൾ ECLA – യിൽ നേരിട്ട് സംഘടിപ്പിക്കുന്നു.
- അടുത്ത അഭിമുഖ പരീക്ഷ 2025 ഏപ്രിലിൽ
- B1 ജർമ്മൻ സർട്ടിഫിക്കറ്റോടു കൂടിയ നഴ്സുമാർക്ക് (Bsc,GNM) ഓസ്ട്രിയയിൽ നഴ്സിങ് തൊഴിലവസരങ്ങൾ നൽകുന്നു.
- ആഴ്ചതോറും തൊഴിലുടമകളുമായുള്ള വീഡിയോ അഭിമുഖങ്ങൾ.
- പ്രോസസ്സിങ് ഫീസ് ഇല്ലാതെ എല്ലാ സേവനങ്ങളും നൽകുന്നു.
- ജർമ്മൻ ഭാഷയിൽ A1 മുതൽ B2 വരെയുള്ള കോഴ്സുകൾ ECLA – ൽ പഠിക്കാം.
- അഡ്വാൻസ്ഡ് കോഴ്സുകൾക്ക് ജർമ്മൻ സ്വദേശികളുടെ സേവനം.

FULL STIPEND AND HOUSING!

NO PROCESSING FEES!



ECLA
EAST COAST LANGUAGE ACADEMY

+43 699 112 347 05
+91 892 155 139 8
+91 859 396 067 8
mathews.kiz@gmail.com

ECLA - East Coast Language Academy
2nd Floor, CYMA Building, Opp. Malabar Christian College Kannur Road, Kozhikode - 673 001

CALL NOW


Printed and Published by Fr. Benny Alex Karackatt on behalf of Diocese of Thamarassery and printed at Roshni Publications (P) Ltd, Calicut-12 and published at PMOC, Marikkunnu, Calicut-12. Editor: Fr. Roni Paul Kavil